# ബോധന മാധ്യമം

## 2008–2010 ലെ ദേശീയ ചർച്ചയുടെ ഭാഗം



ഞങ്ങളും വിദ്യാലയത്തിൽ ഉണ്ടായിരുന്നെങ്കിൽ



സ്വന്തം ഭാഷയിൽ കേൾക്കാനും
മനസ്സിലാക്കാനും
പറയാനും
പുത്തൻ പ്രതീക്ഷകൾ നടാനും
സാധിച്ചേനേ

# ബോധന മാധ്യമം

## 2008–2010 ലെ ദേശീയ ചർച്ചയുടെ ഭാഗം


विद्यया ऽ मृतमश्नुते

एन सी ई आर टी
NCERT

ദേശീയ വിദ്യാഭ്യാസ ഗവേഷണ പരിശീലന കേന്ദ്രം

**NATIONAL COUNCIL OF EDUCATIONAL RESEARCH AND TRAINING**

**32153 — Samajh ka Madhyam**
**Rashytriya Parisamvad 2008–2010 per Aadharit (Malayalam Language)**

**ISBN 978-93-5292-643-5**

**First Edition**

*August 2024 Shravana 1946*

**PD 1T BS**

**© *National Council of Educational Research and Training, 2024***

**ALL RIGHTS RESERVED**

- No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise without the prior permission of the publisher.
- This book is sold subject to the condition that it shall not, by way of trade, be lent, re-sold, hired out or otherwise disposed of without the publisher's consent, in any form of binding or cover other than that in which it is published.
- The correct price of this publication is the price printed on this page, Any revised price indicated by a rubber stamp or by a sticker or by any other means is incorrect and should be unacceptable.

**₹ 65.00**

*Printed on 80 GSM paper with NCERT watermark*

Published at the Publication Division by the Secretary, National Council of Educational Research and Training, Sri Aurobindo Marg, New Delhi 110 016 and printed at Taj Printers, 69/6A, Najafgarh Road Industrial Area, Near Kirti Nagar Metro Station, New Delhi 110 015

**OFFICES OF THE PUBLICATION DIVISION, NCERT**

NCERT Campus
Sri Aurobindo Marg
**New Delhi 110 016** **Phone : 011-26562708**

108, 100 Feet Road
Hosdakere Halli Extension
Banashankari III Stage
**Bengaluru 560 085** **Phone : 080-26725740**

Navjivan Trust Building
P.O.Navjivan
**Ahmedabad 380 014** **Phone : 079-27541446**

CWC Campus
Opp. Dhankal Bus Stop
Panihati
**Kolkata 700 114** **Phone : 033-25530454**

CWC Complex
Maligaon
**Guwahati 781 021** **Phone : 0361-2674869**

**Publication Team**

| | |
|---|---|
| Head, Publication Division | : *Anup Kumar Rajput* |
| Chief Production Officer | : *Arun Chitkara* |
| Chief Editor | : *Bijnan Sutar* |
| Chief Business Manager | : *Amitabh Kumar* |
| Assistant Production Officer | : *Deepak Kumar* |

പരിഷ്കരിച്ച പതിപ്പ്
2024

# ആമുഖം

ഭാഷ അഭ്യസിച്ചുകൊണ്ടാണ് ശിശുവിന്റെ വിദ്യാഭ്യാസം ആരംഭിക്കുന്നത്. അതിനാലാണ് ദേശീയ വിദ്യാഭ്യാസനയം 2020 മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസത്തിന് ഒരിക്കൽകൂടി ഊന്നൽ നല്കുന്നത്. ഭാരതം ഒരു ബഹുഭാഷികരാജ്യമാണ്. അതുകൊണ്ട് നമ്മുടെ എല്ലാ കുട്ടികൾക്കും സ്വാഭാവികവും നിർബാധവുമായ രീതിയിൽ മുന്നേറുന്നതിന് ഭാരതീയഭാഷകളിൽ വിദ്യാഭ്യാസം നല്കേണ്ടത് ആവശ്യമായി വരുന്നു. മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം എല്ലാ വിഷയങ്ങൾക്കും ഉറച്ച അടിത്തറകിട്ടാൻ സഹായകമാകുന്നു. ഗ്രേഡ് 5 വരെ മാതൃഭാഷയിലൂടെയാകണം ബോധനമെന്ന് 2020ലെ ദേശീയവിദ്യാഭ്യാസനയം വ്യക്തമാക്കിയിട്ടുള്ളതാണ്. ഗ്രേഡ് 8 വരെയും തുടർന്നും ഇതു സാധ്യമാകുമോ എന്നാണ് നാം പരിശോധിക്കുന്നത്. ബഹുഭാഷികതയെ പ്രോത്സാഹിപ്പിക്കുന്നതിന് ശാസ്ത്രവും മറ്റു വിഷയങ്ങളുമായി ബന്ധപ്പെട്ട ഉത്കൃഷ്ട പഠനസാമഗ്രികൾ മാതൃഭാഷയിൽ ലഭ്യമാക്കേണ്ടതാണ്. ഇതിലൂടെ കുട്ടികളുടെ ഭാഷയും സ്കൂൾഭാഷയും തമ്മിലുള്ള അന്തരം കുറയ്ക്കാനും ഭാഷകൾ തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്താനും കഴിയും. ഇതിന്റെ അടിസ്ഥാനം മാതൃഭാഷയാണ്.

ഏറെ പ്രാധാന്യമുള്ള ഈ പദ്ധതിയിൽ സഹായിച്ച പണ്ഡിതന്മാരുടെയും ഭാഷാ പഠന വിഭാഗത്തിന്റെയും പങ്ക് വളരെ വലുതാണ്. എല്ലാവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഈ പുസ്തകം ശിശുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സംസ്ഥാനതലങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ആസൂത്രകർക്കും അടിസ്ഥാനഗ്രന്ഥമെന്ന നിലയിൽ സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നു.

ദിനേശ് പ്രസാദ് സകലാനി
ഡയറക്ടർ
എൻ.സി.ഇ.ആർ.ടി

ന്യൂദെൽഹി
മാർച്ച്, 2024

ഒന്നാം പതിപ്പ്

2010

# ആമുഖം

കോളനിവല്ക്കരിക്കപ്പെട്ട സമൂഹത്തിൽ ഭാഷ എന്നത് കുട്ടികളുടെ ജീവിതത്തിലും വിദ്യാഭ്യാസത്തിലും പല പൊരുത്തക്കേടുകളും നിറഞ്ഞതാണ്. ഈ പൊരുത്തക്കേടുകളെക്കുറിച്ചു ചർച്ച ചെയ്യുന്നതിനുള്ള പരിശ്രമങ്ങൾ അംഗീകൃത സാമൂഹ്യരീതികളുടെയും രാഷ്ട്രീയ വിവാദങ്ങളുടെയും പിടിയിലമർന്നു പോകുന്നു. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഭാഷാനയം വളരെക്കാലമായിചർച്ചകളുടെയും ഗവേഷണത്തിന്റെയും പരിധിക്കു പുറത്താണ്. ഈ അവസ്ഥ മാറുന്നതിന് ദേശീയകേന്ദ്രം 'ബോധനമാധ്യമം' എന്ന ശീർഷകത്തിൽ അനേകം ചർച്ചകൾ സംഘടിപ്പിക്കുകയുണ്ടായി. ഉദയപ്പൂർ, പട്ന, വാരാണസി, ദില്ലി എന്നിവിടങ്ങളിൽ നടത്തിയ ചർച്ചായോഗങ്ങൾ കുട്ടികളുടെ ദൈനന്ദിനജീവിതത്തിൽ ഭാഷയുമായി ബന്ധപ്പെട്ട വിദ്യാലയാനുഭവങ്ങളെ കേന്ദ്രീകരിച്ചായിരുന്നു. ഭാഷയുമായി ബന്ധപ്പെട്ട് ഏറെക്കാലമായി മുടങ്ങിക്കിടന്ന വിദ്യാഭ്യാസനയചർച്ചകൾ പുനരാരംഭിക്കാനുള്ള പരിശ്രമമായിരുന്നു അത്.

ഈ പുസ്തകം ആ പരിശ്രമത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള ഉദ്ദേശ്യലക്ഷ്യത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്. നാലു സ്ഥലങ്ങളിൽ നടന്ന ചർച്ചായോഗങ്ങളിൽ ഉയർന്നു വന്ന ചോദ്യങ്ങളുടെയും അവയുടെ ഉത്തരങ്ങൾക്കായുള്ള അന്വേഷണങ്ങളുടെ ഭാഗമായി സ്വീകരിച്ച യുക്തികളുടെയും സഹായത്തോടെ എഴുതപ്പെട്ടതാണ്. ഈ പുസ്തകം വഴി കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാ പൌരന്മാരും- അധ്യാപകർ, വിദ്യാർത്ഥികൾ, ഉദ്യാഗസ്ഥർ, ജനപ്രതിനിധികൾ, സാമൂഹിക സംഘടനാ പ്രവർത്തകർ, രക്ഷിതാക്കൾ എന്നിവരെല്ലാം- വിദ്യാഭ്യാസത്തെ ഭാഷയുടെ പ്രശ്നമെന്ന നിലയിൽ ചിന്തിക്കാനും ചർച്ചചെയ്യാനും താത്പര്യം പ്രകടിപ്പിക്കും. ഇത്തരം ചർച്ചകൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. വിദ്യാഭ്യാസ അവകാശനിയമം കുട്ടികളുടെ മാതൃഭാഷയുടെ മഹത്വത്തെ പുനഃസ്ഥാപിക്കുന്നതിനുള്ള ഏറ്റവും പുതിയ ശ്രമമാണ്. ഈ നടപടി കോളനിചരിത്രം നൽകിയ മാനസികവും സാമൂഹികവമായ വരിഞ്ഞു മുറുകലിൽ നിന്നുള്ള മോചനത്തിനുള്ള ശക്തി നൽകുന്നു. ഏതു നിയമവും നടപ്പിലാക്കുന്നതിന് സമൂഹത്തിന്റെയും സ്ഥാപനങ്ങളുടെയും സഹകരണം അനിവാര്യമാണ്.

ഇംഗ്ലിഷ് മീഡിയം സ്കൂളുകളുടെ വളർച്ച സമകാലിക യാഥാർത്ഥ്യം മാത്രമല്ല, സാമ്പത്തികപ്രശ്നം കൂടിയാണ്. ഇതിനെ ചർച്ചയുടെ മണ്ഡലത്തിലേക്കു കൊണ്ടുവന്നാൽ മാത്രമേ മാറ്റത്തെക്കുറിച്ചു ചിന്തിക്കാൻ കഴിയൂ.

2005 ലെ ദേശീയ പാഠ്യക്രമം മാറ്റത്തിന്റെ ദിശയെക്കുറിച്ചും സ്വരൂപത്തെക്കുറിച്ചും മതിയായ സൂചനകൾ നൽകിയിട്ടുണ്ട്. ഇതിന്റെ വിസ്തൃതവിവരണം വിവിധ ഭാരതീയ ഭാഷകളുടെയും ഇംഗ്ലിഷിന്റെയും പഠനവുമായി ബന്ധപ്പെട്ട ദേശീയാടിസ്ഥാനത്തിലുള്ള റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്. ഈ രണ്ടു രേഖകളും ക്ലാസ്സിലെ അധ്യയനമാധ്യമത്തെ കുട്ടിയുടെ ധാരണയുടെ സ്വാഭാവികവികാസത്തിന്റെ മനശ്ശാസ്ത്രപരിപ്രേക്ഷ്യത്തിൽ തയ്യാറാക്കിയതാണ്.

ഈ സന്ദർഭത്തിൽ ഭാരതത്തിലെ ബഹുഭാഷാസാഹചര്യം വളരെ മഹത്ത്വപൂർണമാണ്.നമ്മുടെ കുട്ടികൾ ജനനംതൊട്ട്ബഹുഭാഷാസാഹചര്യത്തിലാണ് വളരുന്നത്. ഈ സാഹചര്യത്തെ അവരുടെ സ്വാഭാവിക ബുദ്ധിവികാസവുമായി ബന്ധപ്പെട്ടു മനസ്സിലാക്കണം. ഈ വിശാല പരിപ്രേക്ഷ്യത്തിൽ വേണം ഭാഷാപഠനവും വിദ്യാഭ്യാസപദ്ധതിയിൽ ഭാഷാപഠനവും ബോധനമാധ്യമഭാഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കാണാനും മനസ്സിലാക്കാനും.

ഈ പുസ്തകം ഭാഷയുമായി ബന്ധപ്പെട്ട നയങ്ങളും പരിപാടികളും പുതുതായി വിലയിരുത്തുന്നതിനുള്ള അടിസ്ഥാനമാകുമെന്ന വിശ്വാസം എനിക്കുണ്ട്. ബോധനമാധ്യമം എന്ന ചർച്ചായോഗങ്ങളിൽ പങ്കെടുത്ത എല്ലാ പ്രതിനിധികൾക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ചർച്ചായോഗങ്ങളിലെ വിഷയങ്ങൾ സംഗ്രഹിച്ച് പുസ്തകരൂപത്തിലാക്കിയ ഭാഷാവിഭാഗത്തിലെ ഡോ സന്ധ്യാസിംഗിനും ഡോ. കീർത്തി കപൂറിനും നന്ദി പ്രകാശിപ്പിക്കുന്നു. ചർച്ചായോഗങ്ങൾ കാര്യക്ഷമമായി സംഘടിപ്പിക്കാൻ നേതൃത്വം നൽകിയ ഭാഷാവിഭാഗത്തിന്റെ അധ്യക്ഷൻ രാം ജന്മശർമ്മയോടും നന്ദിയുണ്ട്. ഈ പുസ്തകത്തിന്റെ പ്രചാരം സംസ്ഥാനതലത്തിലുള്ള സ്ഥാപനങ്ങൾ ഭാഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗൌരവമായി ചർച്ചചെയ്യുന്നതിന് പ്രേരകമായിത്തീരുമെന്നുള്ള ഉത്തമ വിശ്വാസം എനിക്കുണ്ട്.

ന്യൂദെൽഹി<br>
4 മാർച്ച് 2010

കൃഷ്ണകുമാർ<br>
ഡയറക്ടർ<br>
എൻ.സി.ഇ.ആർ.ടി.

# പ്രസ്താവന

ഭാഷ നമ്മുടെ ജീവിതവും സംസ്കാരവുമായി ഗാഢമായി ബന്ധപ്പെട്ടു കിടക്കുന്നു. ഭാഷയാണ് സംസ്കാരത്തിന് രൂപം നൽകുന്നത്. ഇത് നമ്മുടെ സ്വത്വം വെളിപ്പെടുത്തുന്നതോടൊപ്പം മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം കുട്ടികളുടെ സാമൂഹികവും സാങ്കേതികവുമായ വികാസത്തെ സമൃദ്ധമാക്കുന്നു.

ബോധനമാധ്യമം എന്ന ശീർഷകത്തിലുള്ള പുസ്തകം 2008–2010ൽ ദേശീയതലത്തിൽ നടത്തിയ വിചാരവിമർശനങ്ങളുടെ അടിസ്ഥാനത്തിൽ ഹിന്ദിയിൽ രചിക്കപ്പെട്ടതാണ്. ദേശീയ വിദ്യാഭ്യാസ നയം– 2020ലെ നിർദ്ദേശങ്ങൾകൂടെ ഉൾപ്പെടുത്തി രാജ്യത്തെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും അവരുടെ ഭാഷയിൽ ഈ പുസ്തകം എത്തിക്കുക എന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതുകൊണ്ടാണ് ഹിന്ദിഭാഷയിൽ തയ്യാറാക്കപ്പെട്ട മൂലകൃതി ഇംഗ്ലീഷ് ഭാഷയുൾപ്പടെ 23 ഭാഷകളിലായി വിവർത്തനംചെയ്ത് പ്രസിദ്ധീകരിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട നടന്ന നാലു സെമിനാറുകളിലുമായി ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളുടെ ഉത്തരം തേടുക എന്ന ലക്ഷ്യത്തോടെയാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

ഈ പുസ്തകം ഭാഷാസംബന്ധമായ നയവും പരിപാടികളും പുതിയ രീതിയിൽ വിലയിരുത്തുന്നതിനുള്ള അടിസ്ഥാനരേഖയുടെ ഭൂമികയായിത്തീരുമെന്ന വിശ്വാസം എനിക്കുണ്ട്. എൻ.സി.ഇ.ആർ.ടിക്കുവേണ്ടി ബോധനമാധ്യമം എന്ന സെമിനാർശൃംഖലയിൽ പങ്കെടുത്ത എല്ലാ പ്രതിനിധികളോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. പ്രത്യേകിച്ച് ഇതിനു നേതൃത്വം കൊടുത്ത മുൻ ഡയറക്ടർ പ്രൊഫ. കൃഷ്ണകുമാറിനോടുള്ള നന്ദി പ്രകാശിപ്പിക്കുന്നു. ഈ പുസ്തകത്തിന്റെ പ്രചാരണവും പ്രസാരണവും സംസ്ഥാനതലത്തിലുള്ള സ്ഥാപനങ്ങൾക്ക് ഭാഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ആഴത്തിൽ ചർച്ചചെയ്യുന്നതിനുള്ള പ്രേരണയായിത്തീരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

സന്ധ്യാ സിങ്
പ്രൊഫസർ& അധ്യക്ഷ
ഭാഷാപഠനവിഭാഗം
എൻ.സി.ഇ.ആർ.ടി

# പുസ്തകരചനാ സമിതി

രചനയും സമന്വയവും
സന്ധ്യാ സിംഗ്
പ്രൊഫസർ & അധ്യക്ഷ
ഭാഷാവിദ്യാഭ്യാസ വിഭാഗം

സഹായം
കീർത്തി കപൂർ
പ്രൊഫസർ, ഭാഷാവിദ്യാഭ്യാസ വിഭാഗം, എൻ.സി.ഇ.ആർ.ടി

വിവർത്തനം
ഗീത.കെ.ജി

- ബോധനമാധ്യമം മാതൃഭാഷയാണെങ്കിൽ ഭാഷാപരവും സാംസ്കാരികവുമായ അകലം കുറയ്ക്കുന്നതിന് സഹായക മാകും. കുട്ടിയുടെ ഗൃഹഭാഷയും സ്ക്കൂൾഭാഷയും ബന്ധിപ്പി ക്കുന്നതിനായിരിക്കണം സ്ക്കൂളുകൾ പ്രാമുഖ്യം നല്കേണ്ടത്.
- പ്രാഥമികവിദ്യാഭ്യാസം ഒരർത്ഥത്തിൽ ഭാഷാധ്യയനമാണ്. കണക്ക്, പ്രകൃതി, സമൂഹം എന്നിവയിലെ പ്രാരംഭ അറിവു കൾ മാതൃഭാഷയിലൂടെ മാത്രമേ വേവിധം ലഭ്യമാകുകയുള്ളൂ.
- മാതൃഭാഷയിലൂടെ/പ്രാദേശികഭാഷയിലൂടെയായിരിക്കണം ബോധനത്തിന്റെ എല്ലാ തലങ്ങളും. കാരണം, ഈ ഭാഷകളിലെ വളർച്ചയുടെ തോത് കുട്ടിയുടെ മാനസികവളർച്ചയുടെയും ആശയവിനിമയത്തിന്റെയും എല്ലാ മാധ്യമങ്ങളും തുറന്നുത രുന്നു. ഇതിലൂടെ പരസ്പരബന്ധം മെച്ചപ്പെടുന്നതോടൊപ്പം ധാരണാശക്തിയും കൂടുന്നു.
- പ്രാരംഭവിദ്യാഭ്യാസത്തിന്റെ മാധ്യമം മാതൃഭാഷയാകുമ്പോൾ കുട്ടിയുടെ മുന്നറിവുകൾ, ഭാഷണക്ഷമത, മാനസിക വികാസം എന്നിവ വേണ്ടവിധം ഉപയോഗിക്കപ്പെടുന്നു.
- കുട്ടിയുടെ ഗൃഹഭാഷ, ചുറ്റുവട്ടത്തെ ഭാഷ, സ്ക്കൂൾഭാഷ എന്നിവ തമ്മിൽ പരസ്പരം ബന്ധിപ്പിക്കണം. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലും കുട്ടിയുടെ മാതൃഭാഷയെ ബന്ധഭാഷയെന്ന നിലയിൽ പ്രോത്സാഹിപ്പിക്കണം. കാരണം ഒരു മാധ്യമത്തിൽന ിന്ന് മറ്റൊരു മാധ്യമത്തിലേക്ക് സ്ക്കൂൾ മാറാതെതന്നെ കുട്ടിക്ക് മാറാൻ കഴിയണം.
- സ്ക്കൂൾ വിദ്യാഭ്യാസകാലത്തുതന്നെ ബഹുഭാഷാവിദ്യാഭ്യാസ ത്തിന് പ്രോത്സാഹനം നല്കാൻ പരമാവധി പ്രയത്നിക്കണം.

(ഭാരതീയ ഭാഷാവിദ്യാഭ്യാസം അടിസ്ഥാന രേഖ) (എൻ.സി.ഇ.ആർ.ടി)

ഒന്നാം പതിപ്പ്

# കൃതജ്ഞത

ദേശീയ വിദ്യാഭ്യാസ ഗവേഷണ പരിശീലനകേന്ദ്രത്തിന്റെ ഭാഷാവിഭാഗം, എൻ.സി.ഇ.ആർ.ടി, ന്യൂദെൽഹി, യൂനിസെഫ്, പാട്ന ആർ.ഐ.ഇ. ഭുവനേശ്വർ, ആർ.ഐ.ഇ.മൈസൂർ, ആർ.ഐ.ഇ.അജ്മീർ, എൻ.സി.ഇ.ആർ.ടി. പാട്ന, വിദ്യാഭവൻ സൊസൈറ്റി. ഉദയപ്പൂർ, ബനാറസ് ഹിന്ദു സർവകലാശാല, വാരണാസി എന്നിവിടങ്ങളിലെ വിഷയവിദഗ്ദ്ധർക്ക് കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

അനിത രാംപാൽ, പ്രൊഫസർ, വിദ്യാഭ്യാസവിഭാഗം,(സി.ഐ.ഇ), ദെൽഹി സർവകലാശാല, ദെൽഹി; അരുൺ കമൽ, പ്രൊഫസർ, പാട്ന സർവകലാശാല, പാട്ന; രമാകാന്ത് അഗ്നിഹോത്രി, പ്രെ ാഫസർ, ഭാഷാശാസ്ത്രവിഭാഗം, ദെൽഹി സർവകലാശാല, ദെൽഹി; രോഹിത്ധൻകർ ഡയറക്ടർ, ദിഗന്തർ, ജയപ്പൂർ; എച്ച് കെ.ദിവാൻ, പ്രേ ാഗ്രാം ഡയറക്ടർ, വിദ്യാഭവൻസൊസൈറ്റി, രാജസ്ഥാൻ; രാജേഷ് സച്ച്ദേവ്, പ്രൊഫസർ, സി.ഐ.ഐ.എൽ, മൈസൂർ; ഹസൻ വാരിസ്, മുൻ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. പാട്ന; പ്രിയദർശൻ, വാർത്താ എഡിറ്റർ, എൻ.ഡി.ടി.വി. ഇൻഡ്യ, ന്യൂദെൽഹി; അവധേശ് പ്രധാൻ, പ്രെ ാഫസർ, ഹിന്ദി വിഭാഗം, ബനാറസ് ഹിന്ദി സർവകലാശാല, വാരാണസി; അഹമ്മദ് സജ്ജാദ്, മുൻ പ്രൊഫസർ, റാഞ്ചി സർവകലാശാല, റാഞ്ചി; ശുഭാ റാവു, കൺവീനർ, മഹിളാ പഠനവികാസകേന്ദ്രം , ബനാറസ് ഹിന്ദു സർവകലാശാല, വാരാണസി; റിയാസ് അഹമ്മദ്, പ്രോ വൈസ് ചാൻസലർ, വിദ്യാഭവൻ സൊസൈറ്റി, രാജസ്ഥാൻ; പ്രേംപാൽ ശർമ്മ, ജോയന്റ് സെക്രട്ടറി, റെയിൽ ഭവൻ, ന്യൂദെൽഹി; സദാനന്ദ് ഷാഹി, പ്രെ ാഫസർ, ഹിന്ദി വിഭാഗം, ബനാറസ്, ഹിന്ദി സർവകലാശാല, വാരാണസി; ജ്ഞാൻദേവ് മണി ത്രിപാഠി, പ്രാചാര്യ, തപേന്ദു ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഹയർ സ്റ്റഡീസ്; എസ്.രഘുനാഥൻ, മുൻ വിദ്യാഭ്യാസസെക്രട്ടറി ദെൽഹി സർക്കാർ; അപൂർവാനന്ദ്, പ്രൊഫസർ, ഹിന്ദി വിഭാഗം, ദെൽഹി സർവകലാശാല, ദെൽഹി; രാജേഷ് ഭൂഷൺ, സെക്രട്ടറി, വാർത്താവിതരണ പ്രക്ഷേപണ വകുപ്പ്, പാട്ന; ശാരദാകുമാരി, സീന ിയർ ലക്ചറർ, എസ്.സി.ഇ.ആർ.ടി., ന്യൂദെൽഹി; ഉഷ ശർമ്മ, റീഡർ, ആർ.ഐ.ഇ. അജമീർ; നൂതൻ ഝാ, അധ്യാപിക. മീരാംബിക വിദ്യാലയം. ന്യൂദെൽഹി; മണിന്ദ്രനാഥ ഠാക്കൂർ. ജെ.എൻ.യു.; പ്രൊഫ.കൃഷ്ണകുമാർ ഡയറക്ടർ, എൻ.സി.ഇ.ആർ.ടി., ന്യൂദെൽഹി. രാംജന്മശർമ്മ, പ്രൊഫസർ, അധ്യക്ഷൻ, ഭാഷാവിഭാഗം, എൻ.സി.ഇ.ആർ.ടി, ന്യൂദെൽഹി; എ.കെ.

മിശ്ര. പ്രൊഫസർ, എൻ.ഇ.ആർ. ഐ.ഇ. ഷില്ലോങ്; സന്ധ്യാസിംഗ്, റീഡർ, ഭാഷാവിഭാഗം, എൻ.സി.ഇ.ആർ.ടി, ന്യൂദെൽഹി; കീർത്തി കപൂർ സീനിയർ ലക്ചറർ, ഭാഷാവിഭാഗം, എൻ.സി.ഇ.ആർ.ടി, ന്യൂദെൽഹി എന്നിവരോടും നന്ദിയുണ്ട്.

ഉത്തർപ്രദേശ്, ബീഹാർ, ഝാർഖണ്ഡ്, ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തിസ്ഗഢ്, ഹരിയാന, മഹാരാഷ്ട്ര, കർണാടകം, രാജസ്ഥാൻ, ദെൽഹി എന്നീ സംസ്ഥാനങ്ങളിലെ അധ്യാപകർ, അധ്യാപകവിദ്യാർത്ഥികൾ പുസ്തകപ്രസിദ്ധീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സഹായിച്ച് രുചിസൈനി, നരേന്ദ്ര വർമ്മ, (ഡി.ടി.പി. ഓപ്പറേറ്റർ) രാധ (കോപ്പി എഡിറ്റർ) ധനഞ്ജയസിംഗ്, ഉപേന്ദ്രസിംഗ് സത്യാർത്ഥി, പ്രൊജക്ട് ഫെലോ) എന്നിവരോടും നന്ദിയു്. ഈ പുതിയ പതിപ്പ് തയ്യാറാക്കുന്നതിൽ പ്രൊഫ.സന്ധ്യാ സിംഗ്, ജിതിൻകുമാർ (അസി.കോർഡിനേറ്റർ) എന്നിവരുടെ സംഭവനകൾ വിലപ്പെട്ടതാണ്.

## പരിഷ്കരിച്ച പതിപ്പ്

ബോധന മാധ്യമത്തിന്റെ നവീനസംസ്കരണത്തിന്റെ രചനയും സമന്വയവും നിർവഹിച്ച എൻ.സി.ഇ.ആർ.ടി ഭാഷാവിദ്യാഭ്യാസവിഭാഗത്തിന്റെ അധ്യക്ഷയും പ്രൊഫസറുമായ ഡോ. സന്ധ്യാസിംഗ്, അസി.കോർഡിനേറ്റർമാരായ ജിതിൻകുമാർ, നീലംകുമാരി ഗ്രാഫിക് ഡിസൈനറായ അംജത് ഹുസൈൻ എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

ബോധനമാധ്യമം എന്ന ഈ മലയാളം പരിഭാഷ നിർവഹിച്ച ശ്രീമതി ഗീത കെ.ജിയോടും സംശോധനം നടത്തിയ അലിഗഢ് മുസ്ലിം സർവകലാശാലയിലെ ഡോ.ടി.എൻ.സതീശൻ, ബറോഡ സർവകലാശാലയിലെ ഡോ.അരുന്ധതി എന്നിവരോടും നന്ദിയുണ്ട്.

# ഉള്ളടക്കം


**ആമുഖം** (പരിഷ്കരിച്ച പതിപ്പ്) iii

(ഒന്നാം പതിപ്പ്) v

**പ്രസ്താവന** vii

**1. വിദ്യാഭ്യാസ രേഖകളിൽ ഭാഷ** **1–12**

- വിദ്യാഭ്യാസകമ്മീഷൻ റിപ്പോർട്ട്–സ്ക്കൂൾ പാഠ്യപദ്ധതി 1964–66
- ദേശീയ വിദ്യാഭ്യാസനയം – 1968
- ദേശീയ വിദ്യാഭ്യാസനയം – 1986
- നടപ്പിലാക്കൽ പരിപാടി – 1992
- ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് – 1988, 2000
- ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് – 2005
- ദേശീയ വിദ്യാഭ്യാസനയം – 2020

**2. ഭാഷയും ബോധനവും** **13–21**

- കുട്ടിയുടെ അറിവും ഭാഷയും
- ധാരണയുടെ അടിസ്ഥാനമായി ഭാഷ
- ഭാഷയും സാമൂഹിക സമത്വവും
- കുട്ടിയുടെ വ്യക്തിത്വത്തിന്റെ പ്രശ്നം
- സാർത്ഥകമായ വിദ്യാഭ്യാസക്രമം

**3. ബഹുഭാഷികത** **22–32**

- ബഹുഭാഷികതയുടെ ഉദ്ദേശ്യം
- കുട്ടിയുടെ ഭാഷാക്ഷമത
- സാർവലൗകിക വ്യാകരണമെന്ന സങ്കല്പം
- ബഹുഭാഷികതയും ന്യൂനപക്ഷ/ആദിവാസി ഭാഷകളും
- ബഹുഭാഷികതയും ദക്ഷിണേന്ത്യൻ ഭാഷകളും
- ബഹുഭാഷികതയും ഇംഗ്ലീഷ് ക്ലാസ്സുമുറിയും
- ബഹുഭാഷികതയുടെ വെല്ലുവിളികൾ

**4. വിഷയങ്ങളുടെ കേന്ദ്രമായി ഭാഷ** **33–47**

- ചരിത്രജാലകത്തിലൂടെ
- എല്ലാ വിഷയങ്ങളിലെ അധ്യാപകരും ഭാഷാധ്യാപകരാണ്
- ചിന്താസ്വാതന്ത്ര്യവും മൗലികത്വത്തിന്റെ പ്രശ്നവും
- ഭാഷയും മറ്റു വിഷയങ്ങളും
- സാങ്കേതികപദങ്ങളും കുട്ടിയുടെ ധാരണയും
- ഉന്നതവിദ്യാഭ്യാസവും മറ്റു വിഷയങ്ങളും

**5. ഭാഷകൾ തമ്മിൽ സംവാദം** **48–54**

- ഇംഗ്ലീഷ് – ഹിന്ദി സന്ദർഭത്തിൽ
- ഇംഗ്ലീഷും ഹിന്ദിയുമായുള്ള ബന്ധം
- 1967നുശേഷം
- 1987 കാലഘട്ടം
- മാറ്റത്തിന്റെ പുതിയയുഗം
- ഇംഗ്ലീഷിന്റെ വളർച്ചയുടെ ചരിത്രം
- പുതിയ പദങ്ങളുടെ അനിവാര്യത

**6. പ്രശ്നങ്ങളും വെല്ലുവിളികളും** **55–64**

- അധ്യാപകരുടെ തയ്യാറെടുപ്പ്
- സാമൂഹിക തയ്യാറെടുപ്പ്
- ഭരണപരമായ തയ്യാറെടുപ്പ്

7. അനുബന്ധം – 1 **65–67**

സഹായഗ്രന്ഥസൂചി **68–69**

# 1
# വിദ്യാഭ്യാസ രേഖകളിൽ ഭാഷ



- **വിദ്യാഭ്യാസകമ്മീഷൻ റിപ്പോർട്ട്-സ്ക്കൂൾ പാഠ്യ പദ്ധതി 1964-66**
- **ദേശീയ വിദ്യാഭ്യാസനയം - 1968**
- **ദേശീയ വിദ്യാഭ്യാസനയം - 1986**
- **നടപ്പിലാക്കൽ പരിപാടി - 1992**
- **ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് - 1988, 2000**
- **ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് - 2005**
- **ദേശീയ വിദ്യാഭ്യാസനയം - 2020**

നമുക്ക് രണ്ട് ചുണ്ടുകളുണ്ട്. അവ തമ്മിൽ ചേരുന്നു. നാവുമായി ചേർന്ന് ഭാഷ ഉണ്ടാകുന്നു. ഒന്ന് ഇളകുകയും മറ്റേത് ഇളകാതിരിക്കുകയും ചെയ്താൽ ഭാഷണം ഉണ്ടാകില്ല (ഭാഷയെക്കുറിച്ച് ഒരു കവിയുടെ വീക്ഷണം). 1971ലെ കണക്കനുസരിച്ച് നമ്മുടെ രാജ്യത്ത് ഏതാണ്ട് 1652 ഭാഷകളുണ്ട്. അവയിൽ 47 ഭാഷകൾ മാത്രമേ കുട്ടികളുടെ ബോധനമാധ്യമമായി സ്ക്കൂളുകളിൽ ഉപയോഗിക്കുന്നുള്ളൂ. (ഭാരതീയഭാഷാ വിദ്യാഭ്യാസം-2005) മറ്റുള്ള ഭാഷകളെല്ലാം ഒരു ചലനവുമില്ലാതെ നിശ്ശബ്ദമായി തുടരുന്നു. ഇവയിൽ പലതും ഇന്ന് നിലനില്ക്കുന്നുണ്ടോ എന്നും സംശയമുണ്ട്. ഈ നിശ്ശബ്ദത കേവലം കുറച്ചു ഭാഷകൾക്ക് മാധ്യമമായി മാറാൻ കഴിയാത്തതിലെ നിശ്ശബ്ദതയാണോ? അതോ അനേകം സംസ്കാരങ്ങൾ, സമൂഹങ്ങൾ, ഭാഷകൾ എന്നിവയോടൊപ്പം കോടിക്കണക്കിനു കുട്ടികൾ എക്കാലത്തേക്കുമായി നിശ്ശബ്ദരാക്കപ്പെട്ടതിന്റെ സൂചനയാണോ എന്നത് ചിന്തിക്കേണ്ട വിഷയമാണ്.

ഏതുഭാഷയും മറ്റു ഭാഷകളോട് ചേർന്നാണ് വളരുന്നതെന്ന് നാം ചിന്തിക്കണം. നാം ഹിന്ദിയെക്കുറിച്ചു ചിന്തിക്കുമ്പോൾ അനേകം പ്രാദേശികഭാഷകളോടു ചേർന്നാണ് ഹിന്ദി വളർന്നു വികസി

ച്ചത് എന്നു മനസ്സിലാക്കണം. മറ്റു ചിത്രഭാഷകളുമായി ഇടകലർന്ന് മുന്നോട്ടുപോകുന്ന കുട്ടികൾക്കും അവരുടെ സ്വന്തം ഭാഷയിൽ കേൾക്കാനാണ് താല്പര്യം. നിശ്ശബ്ദമാക്കപ്പെട്ട ധാരാളം ഭാഷകൾ കുട്ടിയുടെ ധാരണയും ഭാഷയും പരസ്പരം ചേരുന്നതുപോലെ ചുണ്ടുകൾ യോജിക്കുന്നതും ഭാഷയിൽ ജനാധിപത്യം കൈവരുന്നതും കാത്തിരിക്കുന്നവയാണ്.

സ്വാതന്ത്ര്യത്തിനുശേഷം തയ്യാറാക്കിയ എല്ലാവിദ്യാഭ്യാസ രേഖകളിലും മാതൃഭാഷയെ ധാരണയുടെ മാധ്യമമായി-പ്രത്യേകിച്ചും പ്രാഥമികവിദ്യാഭ്യാസത്തിൽ-നടപ്പാക്കുന്നകാര്യം പ്രസ്താവിക്കുന്നുണ്ട്. കുട്ടികളുടെ ധാരണയെ സഹായിക്കുന്ന വിധത്തിലും അവരുടെ സ്വതന്ത്രമായ ആശയവിനിമയത്തിലും സ്വന്തം ഭാഷയ്ക്ക് പ്രാമുഖ്യം നല്കുകയും ചെയ്തിട്ടുണ്ട്. ഭാഷാസംബന്ധിയായി വിവിധ വിദ്യാഭ്യാസരേഖകളിൽ കൊടുത്തിരിക്കുന്ന നിർദേശങ്ങൾ താഴെനല്കുന്നു

## വിദ്യാഭ്യാസകമ്മീഷൻ റിപ്പോർട്ട്: സ്ക്കൂൾ പാഠ്യപദ്ധതി-1964-66

ഇന്ന് പ്രാഥമിക വിദ്യാഭ്യാസത്തിലെ അടിസ്ഥാനപ്രശ്നത്തിനുള്ള പരിഹാരം, മാതൃഭാഷ വേണ്ടവിധം അഭ്യസിപ്പിക്കുകയും നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുകയുമാണ്. വ്യാവസായികമായി ഉയർന്നനിലയിലുള്ള രാജ്യങ്ങളിലും ആദ്യം പ്രാഥമികവിദ്യാഭ്യാസത്തിലെ പാഠ്യപദ്ധതികളെല്ലാം ഒരു ഭാഷയിലെ അദ്ധ്യയനത്തെ മാത്രം അടിസ്ഥാനമാക്കിയാണ് രൂപപ്പെടുത്തിയത്. വിദ്യാഭ്യാസം വികസിച്ച് സാമ്പത്തികമായി വളർച്ച നേടിയശേഷമേ അവർ പ്രാഥമികതലത്തിൽ മറ്റൊരു ഭാഷ തുടങ്ങിയുള്ളൂ.

***

ഇംഗ്ലീഷുപോലെ ഒരു വിദേശഭാഷപഠിക്കുന്നതിന് മുമ്പ് മാതൃഭാഷയിൽ ആവശ്യമായ സ്വാധീനം ഉണ്ടായിരിക്കണമെന്നതാണ് നമ്മുടെ ചിന്താഗതി. മാത്രമല്ല പ്രാഥമികഘട്ടത്തിലെ താഴ്ന്ന ക്ലാസ്സുകളിൽ ലക്ഷക്കണക്കിനു കുട്ടികൾ ചേരുന്നതിനാൽ ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള അനേകം അധ്യാപകരെ വേണ്ടിവരുകയും ചെയ്യും. പക്ഷേ അത് ലഭ്യമല്ല. ലഭ്യമായാൽത്തന്നെ വിദ്യാഭ്യാസത്തിന് ഉള്ള ഫണ്ടിൽ അത് വലിയ ഭാരമുണ്ടാക്കും.

ഇത് വ്യർത്ഥവും ചെലവേറിയതുമാണ്. ഇതിനു പിറകേ പോകുന്നതിലൂടെ സ്ക്കൂളിൽ ഇംഗ്ലീഷിന്റെ നില മെച്ചപ്പെടുന്നതിനേക്കാൾ മോശമാകാനാണ് സാധ്യതയേറുക. അതിനാൽ വിദേശഭാഷയെന്ന നിലയിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നത് തെരഞ്ഞെടുക്കപ്പെട്ട ചില സ്ക്കൂളുകളിൽ മാത്രമാക്കാതെ അഞ്ചാംതരത്തിനു മുമ്പ് തുടങ്ങാതിരിക്കണമെന്നാണ് ഞങ്ങൾ ശുപാർശ ചെയ്യുന്നത്.

*—വിദ്യാഭ്യാസകമ്മീഷൻ റിപ്പോർട്ട്, 1964-66 പു. 218-219*

## ദേശീയ വിദ്യാഭ്യാസ നയം-1968

ഭാരതീയ ഭാഷകളുടെയും സാഹിത്യത്തിന്റെയും വേണ്ടവിധത്തിലുള്ള വികാസവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ വളർച്ചയും പരസ്പരം ആശ്രയിച്ചുനില്ക്കുന്നു. ഇതിന്റെ അഭാവത്തിൽ ജനങ്ങളുടെ ക്രിയാത്മകശേഷി വികസിക്കുന്നില്ല; വിദ്യാഭ്യാസനിലവാരം ഉയരുന്നില്ല; ജനങ്ങളിൽ അറിവ് എത്തപ്പെടുന്നില്ല. വിദ്യാഭ്യാസം നേടിയവരും സാധാരണജനങ്ങളും തമ്മിലുള്ള അകലം അതേപടി തുടരും. കൂടിയില്ലെങ്കിലും കുറയില്ല. മുമ്പേതന്നെ ബോധന മാധ്യമമെന്ന നിലയിൽ പ്രാഥമികതലത്തിലും ദ്വിതീയതലത്തിലും പലഭാഷകളും പ്രയോഗിച്ചുവരുന്നുണ്ട്. ഉന്നതവിദ്യാഭ്യാസത്തിലും ഇതുനടപ്പിലാക്കേണ്ടതുണ്ട്.

**ഹിന്ദി:** ഹിന്ദിയുടെ വളർച്ചയ്ക്ക് എല്ലാനിലയ്ക്കും പരിശ്രമിക്കേണ്ടതാണ്. ആർട്ടിക്കിൾ 351 അനുസരിച്ച് സമ്പർക്കഭാഷയുടെ രൂപത്തിലും ഭാരതത്തിന്റേ സമ്മിശ്ര സംസ്കാരം പ്രകടിപ്പിക്കുന്ന മാധ്യമമെന്ന നിലയിലും ഹിന്ദി വികസിപ്പിക്കേണ്ട ആവശ്യമുണ്ട്. അഹിന്ദി പ്രദേശങ്ങളിലും ഉന്നതവിദ്യാഭ്യാസരംഗത്ത് ബോധനമാധ്യമം എന്ന നിലയിൽ ഹിന്ദിഭാഷ പ്രയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. (ഇത് മറ്റു ഭാരതീയഭാഷകൾക്കും ബാധകമാണ്)

**അന്താരാഷ്ട്രീയഭാഷകൾ:** ഇംഗ്ലീഷും മറ്റ് അന്താരാഷ്ട്രീയ ഭാഷകളും അഭ്യസിക്കുന്നതിനും പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതുണ്ട്. പ്രത്യേകിച്ചും ശാസ്ത്രസാങ്കേതികമേഖലകളിൽ ലോകത്തിന്റെ അറിവ് അതിവേഗം വർധിച്ചു വരുന്നുണ്ട്. ഈ വളർച്ചയോടൊപ്പം ഭാരതത്തിനും സഞ്ചരിക്കണം. മാത്രമല്ല, ഭാരതം ഈ രംഗത്ത് മഹത്വപൂർണ്ണമായ സംഭാവന നല്കുകയും വേണം. ഈ പശ്ചാത്തലത്തിൽ ഇംഗ്ലീഷ് പരിജ്ഞാനം ബലപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം.

*— ദേശീയ വിദ്യാഭ്യാസനയം - 1968, പു. 3-4*

1968ലെ നയത്തിൽ ത്രിഭാഷാപദ്ധതിക്ക് ഊന്നൽ നല്കുന്നുണ്ട്. അതിനെ 2005ലെ ദേശീയപാഠ്യപദ്ധതി ചട്ടക്കൂടിൽ ഇങ്ങനെ വിവരിക്കുന്നു.

## ത്രിഭാഷാപദ്ധതി

- സ്ക്കൂളിലെ ഒന്നാംഭാഷ മാതൃഭാഷയോ പ്രാദേശികഭാഷയോ ആക്കണം.

- **രണ്ടാംഭാഷ**
  - ഹിന്ദിഭാഷാ പ്രദേശങ്ങളിൽ മറ്റ് ഭാരതീയഭാഷകളോ അല്ലെങ്കിൽ ഇംഗ്ലീഷോ
  - അഹിന്ദി പ്രദേശങ്ങളിൽ ഹിന്ദിയോ ഇംഗ്ലീഷോ ആകണം.
- **മൂന്നാംഭാഷ**
  - ഹിന്ദിഭാഷാ പ്രദേശങ്ങളിൽ മൂന്നാംഭാഷ ഇംഗ്ലീഷോ, രണ്ടാം ഭാഷയായി പഠിപ്പിക്കാത്ത മറ്റ് ഭാരതീയഭാഷകളോ ആകണം
  - ഹിന്ദി ഇതരപ്രദേശങ്ങളിൽ ഇംഗ്ലീഷോ, രണ്ടാംഭാഷയായി പഠിപ്പിക്കാത്ത മറ്റു ഭാരതീയ ഭാഷകളോ ആകണം.

— *ഭാരതീയഭാഷാ വിദ്യാഭ്യാസം - അടിസ്ഥാന രേഖ, പു. 13*

## ദേശീയ വിദ്യാഭ്യാസനയം–1986

1968ലെ വിദ്യാഭ്യാസനയത്തിന്റെ അടിസ്ഥാനത്തിലാണ് 1986ലെ വിദ്യാഭ്യാസനയത്തിൽ ഭാഷാപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നത്. ഈ നയം ഉന്നതവിദ്യാഭ്യാസരംഗത്തും പ്രാദേശികഭാഷകൾ ബോധനമാധ്യമമാക്കുന്നതിന് ഊന്നൽ നല്കുന്നു. കൂടാതെ ത്രിഭാഷാപദ്ധതി കൃത്യമായി നടപ്പിലാക്കാൻ നിർദ്ദേശിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഓരോ ഘട്ടത്തിലും കുട്ടികളുടെ ഭാഷാവികാസത്തിൽ ശ്രദ്ധപുലർത്തേണ്ടതാണ്. ഇംഗ്ലീഷും മറ്റ് വിദേശഭാഷകളും പഠിക്കുന്നതിനുള്ള സൗകര്യവും നൽകേണ്ടതുണ്ട്. ഭരണഘടനയുടെ 351–ാംവകുപ്പിൽ നിർദ്ദേശിച്ചരീതിയിൽ സമ്പർക്കഭാഷയിൽനിന്നും മറ്റൊരു ഭാഷയിലേക്ക് പുസ്തകങ്ങൾ വിവർത്തനം ചെയ്യുന്നതും ദ്വിഭാഷാ-ബഹുഭാഷാ നിഘണ്ടുക്കൾ ഉണ്ടാക്കുന്നതും ഗൗരവപൂർവ്വം നടപ്പാക്കേണ്ടത് ആവശ്യമാണ്.

— *നടപ്പിലാക്കൽ പരിപാടി –1992, പു.94*

1986ലെ നയം നടപ്പാക്കാൻ പരിപാടിയുടെ നിർദ്ദേശങ്ങളിൽ ഭാരതീയഭാഷകളും വികാസവുമായി ബന്ധപ്പെട്ട ചില പ്രധാനപ്പെട്ട നിർദ്ദേശങ്ങളുണ്ട്.

- ആധുനിക ഭാരതീയഭാഷകളിൽ പാഠ്യസാമഗ്രികളും അനുബന്ധരചനകളും തയ്യാറാക്കി പ്രസിദ്ധീകരിക്കണം.
- സർവ്വകലാശാലയിലെ അധ്യാപകരുമായി അഭിമുഖം സംഘടിപ്പിക്കണം.
- പാഠ്യപുസ്തകങ്ങളും അനുബന്ധരചനകളും ഇംഗ്ലീഷിൽനിന്നും മറ്റു ഭാരതീയ ഭാഷകളിലേക്ക് വിവർത്തനം ചെയ്യണം. ഈ കാര്യം നിരന്തരം വിലയിരുത്തുകയും വേണം.

ബോധന മാധ്യമമെന്ന ദൃഷ്ടിയിലൂടെ ഈ നിർദ്ദേശങ്ങൾ ശ്രദ്ധയർഹിക്കുന്നതാണ്.

## പട്നായക്–1986

- സെക്കണ്ടറി സ്ക്കൂൾ തലത്തിലും ഉന്നതവിദ്യാഭ്യാസരംഗത്തും ബോധനമാധ്യമം ക്രമേണ പ്രാദേശികഭാഷ, സംസ്ഥാന ഭാഷ, ഹിന്ദി, ഇംഗ്ലീഷ് എന്നിവ ആയിത്തീരാവുന്നതാണ്.
- നമുക്ക് പ്രാഥമികവിദ്യാഭ്യാസമെന്നത് ഭാഷാപഠനമാണ്, അതിനാൽ മാതൃഭാഷയോ പ്രാദേശികഭാഷയോ നിർബന്ധ വിഷയങ്ങളായി പഠിപ്പിക്കേണ്ടതാണ്.
- മനുഷ്യന് ഭാഷ പഠിക്കുന്നതിന് അസാമാന്യശേഷി ഉണ്ട്. പ്രത്യേകിച്ചും ചെറിയപ്രായത്തിൽ. ആവശ്യത്തിനു സൗകര്യങ്ങളുണ്ടെങ്കിൽ ഇംഗ്ലീഷും പ്രാഥമികതലത്തിൽ പഠിപ്പിക്കാവുന്നതാണ്. കുറച്ചുകൊല്ലങ്ങൾ മാത്രം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഊന്നൽ നല്കിക്കൊണ്ട് ഉദ്ദേശിച്ചഫലം കൈവരിക്കാൻ ആവില്ല. സാമാന്യധാരണയ്ക്കു വിരുദ്ധമായി ഭാഷകൾ അന്യഭാഷകളുമായി ചേർന്നാണ് വികാസം പ്രാപിക്കുന്നത്.
- ത്രിഭാഷാപദ്ധതിയിൽ മൂന്നുഭാഷകളെന്നത് ഏറ്റവും കുറഞ്ഞ നിലയാണ്. കൂടിയ നിലയല്ല. സംസ്കൃതത്തെ ആധുനിക ഭാരതീയ ഭാഷയെന്ന നിലയിൽ പഠിപ്പിക്കേണ്ടതാണ്, ഇതിന്റെ സ്വരൂപം സാങ്കേതിക സംസ്കൃതത്തിൽനിന്നും വളരെ വ്യത്യസ്തമായിരിക്കണം.
- ശാസ്ത്രീയഭാഷകളും വിദേശഭാഷകളും തനതായരീതിയിൽ

അഭ്യസിക്കേണ്ടതാണ്. ഇതിലൂടെ വ്യാകരണ സവിശേഷതകളുടെ പുതിയ സാധ്യതകൾ മനസ്സിലാക്കാനും നമ്മുടെ പരിചയ സീമയ്ക്കു പുറത്തുള്ള പാരമ്പര്യങ്ങളെയും സംസ്കാരങ്ങളെയും ജനങ്ങളെയും പരിചയപ്പെടാനും ഇതു സഹായിക്കുന്നു.

— *ഭാരതീയ ഭാഷാവിദ്യാഭ്യാസം-അടിസ്ഥാനരേഖ, പു.16*

## നടപ്പിലാക്കൽ പരിപാടി–1992

## പ്രായോഗിക ത്രിഭാഷാ പദ്ധതിയുടെ അടിസ്ഥാനം:

പ്രായോഗിക ത്രിഭാഷാപദ്ധതിയുടെ നിർമ്മാണത്തിൽ താഴെ കൊടുക്കുന്ന മാർഗനിർദ്ദേശക തത്ത്വങ്ങൾ സഹായകമായിത്തീരുന്നതാണ്.

- സർവ്വകലാശാലതലത്തിൽ ബോധനമാധ്യമവും കേന്ദ്രസംസ്ഥാന സർക്കാറുകളുടെ ഭരണഭാഷയും ആയി ഇംഗ്ലീഷ് തുടരുന്ന കാലത്തോളം അതിനു ഉയർന്ന സ്ഥാനം ലഭിക്കും. വിദ്യാഭ്യാസ രംഗത്തെ ബോധനമാധ്യമമായി പ്രാദേശികഭാഷകൾ മാറിയശേഷവും ഇംഗ്ലീഷിലെ പ്രായോഗിക പരിജ്ഞാനം എല്ലാ വിദ്യാർത്ഥികൾക്കും സഹായമാകും. സർവ്വകലാശാലയിൽ പ്രവേശനം ലഭിച്ചവർക്കും ഇംഗ്ലീഷിലുള്ള യോഗ്യത ആവശ്യമാണ്.
- സ്ക്കൂളിൽ ഒരു ഭാഷ പഠിച്ച് എത്രമാത്രം യോഗ്യത നേടുന്നുവെന്നത് എത്രവർഷം പഠിച്ചു എന്നതിനെ മാത്രം ആശ്രയിച്ചല്ല നിർണയിക്കുന്നത്. മറിച്ച്, കുട്ടികൾക്ക് ഭാഷപഠിക്കുന്നതിൽ എത്രമാത്രം അഭിരുചിയുണ്ട് എന്നതും ഏതവസ്ഥയിലാണ് ഭാഷ പഠിക്കുന്നത് എന്നതും പഠിപ്പിക്കുന്ന അധ്യാപകർ, സമീപനരീതി, ഏതുവിധത്തിലുള്ള ശിക്ഷണപദ്ധതികൾ എന്നിവയെയെല്ലാം ആശ്രയിച്ചാണ്. ഉചിതമായ സൗകര്യങ്ങളുടെ അഭാവത്തിൽ ദീർഘകാലം ഭാഷപഠിക്കുന്നതുകൊണ്ട് ഉദ്ദേശിച്ചഫലം കിട്ടുകയില്ല. മറിച്ച് അനുകൂല സാഹചര്യങ്ങളിൽ കുറഞ്ഞ സമയംകൊണ്ട് കൂടുതൽ മെച്ചപ്പെട്ട ഫലം കിട്ടും. ചെറിയ പ്രായത്തിൽത്തന്നെ കുട്ടികളെ മറ്റൊരുഭാഷ പഠിപ്പിക്കണമെന്ന്

തർക്കിക്കുകയും ചെയ്യാം. നമ്മുടെ വീക്ഷണത്തിൽ പ്രാഥമിക ക്ലാസ്സുകളിലെ ലക്ഷക്കണക്കിന് കുട്ടികളെ ഭാഷ പഠിപ്പിക്കുന്നതിന് യോഗ്യരായ അദ്ധ്യാപകരെ ഏർപ്പാടാക്കുന്നത് വിഷമകരമായ ജോലിയാണ്.

- ഹിന്ദിയോ ഇംഗ്ലീഷോ നിർബന്ധിത രണ്ടാംഭാഷയെന്ന നിലയിൽ ഏതുഘട്ടം മുതൽ എത്രകാലം പഠിപ്പിക്കണമെന്നത് പ്രാദേശികമായ സാഹചര്യങ്ങളും ആവശ്യങ്ങളും മുൻനിർത്തിയാണ് തീരുമാനിക്കേണ്ടത്. ഓരോ സംസ്ഥാനത്തിന്റെയും വിവേചനമനുസരിച്ച് അത് ചെയ്യാവുന്നതാണ്.
- ഒരു സന്ദർഭത്തിലും നാലുഭാഷകൾ നിർബന്ധമാക്കാൻ പാടില്ല. പക്ഷേ, സ്വന്തം ഇഷ്ടപ്രകാരം നാലോ അതിലധികമോ ഭാഷകൾ അഭ്യസിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

— *നടപ്പിലാക്കൽ പരിപാടി -1992*

## ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്-1988, 2000

1988ലും 2000ലും തയ്യാറാക്കിയ ദേശീയപാഠ്യ പദ്ധതി ചട്ടക്കൂടിൽ സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാഘട്ടങ്ങളിലും, പ്രത്യേകിച്ചു പ്രാരംഭഘട്ടം വരെയുള്ള ബോധനമാദ്ധ്യമം മാതൃഭാഷയോ പ്രാദേശികഭാഷയോ വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട് (എൻ.സി.എഫ്.എസ്.ഇ 2000). പക്ഷേ ഇവിടെ മാതൃഭാഷയും പ്രാദേശിക ഭാഷയും തമ്മിലുള്ള അന്തരമെന്ന ഗൗരവപ്രശ്നത്തെ പരിഗണിക്കുന്നില്ല. ഈ ചട്ടക്കൂടിൽ പ്രാദേശികഭാഷ വിദ്യാർത്ഥിയുടെ മാതൃഭാഷയല്ലെങ്കിൽ ആദ്യത്തെ രണ്ടുവർഷം മാതൃഭാഷയായിരിക്കണം മാധ്യമം. മൂന്നാം ക്ലാസ്സുതൊട്ട് പ്രാദേശികഭാഷയെ ബോധനമാധ്യമമായി സ്വീകരിക്കാവുന്നതാണ്.

— *ഭാരതീയ ഭാഷാവിദ്യാഭ്യാസം - അടിസ്ഥാനരേഖ, പു.15.-16*

## ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്-2005

ദ്വിഭാഷിത്വംകൊണ്ടും ബഹുഭാഷിത്വംകൊണ്ടും ധാരണാശക്തിയിൽ മേന്മ കിട്ടുന്നുവെന്ന് ഇന്നു നമുക്കു തീർച്ചയായും അറിയാം. ത്രിഭാഷാപദ്ധതി ഭാരതത്തിന്റെ ഭാഷാപരമായ വെല്ലുവിളികളെയും സാധ്യതകളെയും സംബോധന ചെയ്യാനുള്ള ഒരു ശ്രമമാണ്.

ഇതിനെ പലഭാഷകൾ പഠിക്കുന്നതിനുള്ള തന്ത്രമെന്ന നിലയിൽ കാണേണ്ടതുമാണ്. ഇതിനെ ക്രിയാത്മകവും ഭാവാത്മകവുമായ രീതിയിൽ സ്വീകരിക്കേണ്ടതുണ്ട്. ഭാരതത്തിൽ ബഹുഭാഷിത്വവും ദേശീയസദ്ഭാവനയും വ്യാപിപ്പിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യങ്ങളിൽ പ്രമുഖമായത്. താഴെ കൊടുത്ത ദിശാനിർദ്ദേശങ്ങൾ ഇതിന്റെ ലക്ഷ്യപ്രാപ്തിയ്ക്ക് സഹായകമായിത്തീരുന്നതാണ് -

- ഭാഷാധ്യയനം ബഹുഭാഷികമായിരിക്കണം. പലഭാഷകൾ പഠിക്കുന്നു എന്ന അർത്ഥത്തിൽ മാത്രമല്ല, ഒരു തന്ത്രമെന്ന നിലയിലും ബഹുഭാഷിത ക്ലാസ്സുമുറികൾ പ്രയോഗത്തിൽ കൊണ്ടുവരേണ്ടതാണ്.
- 3:1-ൽ വിശദീകരിച്ചപോലെ ഗൃഹഭാഷകൾ സ്കൂളുകളിൽ ബോധന മാധ്യമമായി മാറണം.
- ഉയർന്ന ക്ലാസ്സിലെ കുട്ടികൾക്ക് സ്ക്കൂളിൽ ബോധനം ഗൃഹഭാഷയിൽ നല്കുന്നതിന് സൗകര്യം ഇല്ലെങ്കിൽ പ്രാഥമികതലത്തിലെങ്കിലും ബോധനം ഗൃഹഭാഷയിൽ ലഭ്യമാക്കണം. ഉയർന്നക്ലാസ്സുകളിൽ ബോധനത്തിന് ഗൃഹഭാഷ ഉപയോഗിക്കാവുന്നതാണ്. അതിന് കുട്ടികളുടെ ഗൃഹഭാഷയെ ആദരവോടെ കാണണം. നമ്മുടെ ഭരണഘടനയുടെ 350-ാം വകുപ്പ് (ക) അനുസരിച്ച് ഓരോ സംസ്ഥാനവും സംസ്ഥാനത്തെ തദ്ദേശാധികാരികളും ഭാഷാന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ഘട്ടത്തിൽ മാതൃഭാഷയിൽ ബോധനത്തിന് പര്യാപ്തമായ സൗകര്യങ്ങൾ നൽകാൻ യത്നിക്കേണ്ടതാണ്.

— *ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് - 2005, പു.42*

ദേശീയപാഠ്യ പദ്ധതി ചട്ടക്കൂട് (2005) നു വേണ്ടി ഉണ്ടാക്കിയ കേന്ദ്രസമിതി ഭാരതീയ ഭാഷകളുടെ ബോധനം എന്ന വിഷയത്തിൽ മുന്നോട്ടുവെച്ച നിർദ്ദേശം ഇപ്രകാരമാണ്. വിദ്യാലയങ്ങളിൽ -പ്രത്യേകിച്ചും പ്രാഥമികതലത്തിൽ-വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാ നിർദ്ദേശങ്ങളും മാതൃഭാഷയിലായിരിക്കണം. 1986 -ൽ ഭാഷാധ്യയനത്തിനായി എൻ.സി.ഇ.ആർ.ടി രൂപീകരിച്ച സമിതിയും പ്രാരംഭവിദ്യാഭ്യാസത്തിൽ മാതൃഭാഷയായിരിക്കണം ബോധനമാധ്യമമെന്ന് നിർദ്ദേശിച്ചിരുന്നു. ഭാരതത്തിന്റെ പശ്ചാത്തലത്തിൽ ഇത് വളരെ അത്യാവശ്യമാണ്. കാരണമെന്തെന്നാൽ,

- ഇത് ജനങ്ങളെ ദേശീയപുനർനിർമ്മാണത്തിൽ പങ്കാളിക ളാകാൻ പ്രാപ്തരാക്കുന്നു.
- അഭിജാതരായ കുറച്ചുപേരുടെ പിടിയിൽനിന്നും അറിവിനു മോചനം കിട്ടുന്നു.
- പരസ്പരസഹകരണത്തിനും പരസ്പരാശ്രയ സമൂഹത്തിന്റെ നിർമാണത്തിനും സഹായകമാകുന്നു.
- കൂടുതൽപേർക്ക് സ്വന്തം അഭിപ്രായം രേഖപ്പെടുത്തുന്നതിന നുള്ള അവസരം നൽകുന്നു. അതിനാൽ ജനാധിപത്യം സംരക്ഷി ക്കുന്നതിൽ പ്രയോജനപ്രദമാകുന്നു.
- വിവരവികേന്ദ്രീകരണത്തിനുള്ള സാധ്യതകൾ തുറന്നുതരുന്നു. നിയന്ത്രിക്കപ്പെട്ട മീഡിയക്കു പകരം സ്വതന്ത്രമീഡിയയുടെ വികാസത്തിൽ സഹായകമായ ഭൂമിക ഒരുക്കുന്നു. കൂടുതൽപേ ർക്ക് വിദ്യാഭ്യാസവും വ്യക്തിത്വവികാസവും ലഭിക്കുന്നതിന നുള്ള അവസരം നൽകുന്നു.

— *ഭാരതീയ ഭാഷാവിദ്യാഭ്യാസം-അടിസ്ഥാനരേഖ, പു. 14–15*

## ദേശീയ വിദ്യാഭ്യാസനയം—2020

- കൊച്ചുകുട്ടികൾ എളുപ്പമല്ലാത്ത ആശയങ്ങൾ അവരുടെ വീട്ടു ഭാഷ/മാതൃഭാഷയിൽ കൂടുതൽ വേഗത്തിൽ പഠിക്കുകയും മന സ്സിലാക്കുകയും ചെയ്യുന്നുവെന്ന് എല്ലാവർക്കും നന്നായി അറി യാം. വീട്ടുഭാഷ എന്നത് സാധാരണയായി മാതൃഭാഷതന്നെയോ അല്ലെങ്കിൽ പ്രദേശവാസികൾ സംസാരിക്കുന്ന ഭാഷയോ ആണ്. എന്നിരുന്നാലും ചിലസമയങ്ങളിൽ ബഹുഭാഷാ കുടുംബംഗ ങ്ങളിൽ മറ്റു കുടുംബാംഗങ്ങൾ സംസാരിക്കുന്ന ഒരു വീട്ടുഭാഷ ഉണ്ടായിരിക്കാം. അതുചിലപ്പോൾ മാതൃഭാഷയിൽനിന്നോ പ്ര ാദേശികഭാഷയിൽനിന്നോ വ്യത്യസ്തമായിരിക്കാം. സാധ്യമാ കുന്നിടത്തെല്ലാം എട്ടാംക്ലാസ്സുവരെ, കുറഞ്ഞത് അഞ്ചാംക്ലാസ്സു വരെയെങ്കിലും ബോധനമാധ്യമം വീട്ടുഭാഷ/മാതൃഭാഷ/പ്രാദേ ശികഭാഷ/തദ്ദേശീയഭാഷ ആയിരിക്കും. അതിനുശേഷം വീട്/ പ്രാദേശികഭാഷ സാധ്യമാകുന്നിടത്തെല്ലാം ഒരുഭാഷയായി പ ഠിപ്പിക്കുന്നത് തുടരും. ഇത് സർക്കാർ, സ്വകാര്യസ്ക്കൂളുകളിൽ നടപ്പാക്കും.

— *ദേശീയ വിദ്യാഭ്യാസനയം -2020, അദ്ധ്യായം 4.11*

- ഗവേഷണങ്ങൾ വ്യക്തമാക്കുന്നതുപോലെ 2നും 8നും ഇടയിൽ പ്രായമുള്ള കുട്ടികൾ വളരെ വേഗത്തിൽ ഭാഷകൾ പഠിക്കുന്നുവെന്നും ബഹുഭാഷിത്വം കുട്ടികളായ വിദ്യാർത്ഥികളിൽ വലിയ വൈജ്ഞാനിക നേട്ടങ്ങളുണ്ടാക്കും. അതിനാൽ, അടിസ്ഥാനഘട്ടത്തിൽതന്നെ കുട്ടികൾക്ക് മാതൃഭാഷയ്ക്ക് പ്രത്യേക പ്രാധാന്യം നല്കിക്കൊണ്ടുതന്നെ, വിവിധഭാഷകൾ പരിചയപ്പെടുത്തും. എല്ലാഭാഷകളും ആസ്വാദ്യകരവും സംവേദനാത്മകവുമായ ശൈലിയിൽ ധാരാളം സംവേദനാത്മകമായ സംഭാഷണങ്ങളോടെയും ആദ്യംതന്നെ വായനയും തുടർന്നുള്ള വർഷങ്ങളിൽ മാതൃഭാഷയിൽ എഴുതുന്നതും ഉൾപ്പെടെയുള്ള കഴിവുകളോടെയും പഠിപ്പിക്കും. മൂന്നാംക്ലാസ്സിലും അതിനുശേഷമുള്ള മറ്റുക്ലാസ്സുകളിലും മറ്റുഭാഷകളിലും വായിക്കാനും എഴുതാനും ഉള്ള സാമർത്ഥ്യം വികസിപ്പിച്ചെടുക്കും.

*— ദേശീയ വിദ്യാഭ്യാസനയം -2020, അദ്ധ്യായം 4.12*

- ഇതിനായി ശാസ്ത്രത്തിലും ഗണിതത്തിലും ഉയർന്ന നിലവാരത്തിലുള്ള ദ്വിഭാഷ പാഠപുസ്തകങ്ങളും അദ്ധ്യാപന പഠനസാമഗ്രികളും തയ്യാറാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തും. അതുവഴി വിദ്യാർത്ഥികൾക്ക് ഈ രണ്ടുവിഷയങ്ങളിലും അവരുടെ വീട്ടുഭാഷ/മാതൃഭാഷയിലും ഇംഗ്ലീഷിലും ചിന്തിക്കാനും സംസാരിക്കാനും കഴിയും.

*— ദേശീയ വിദ്യാഭ്യാസനയം -2020, അദ്ധ്യായം 4.14*

- ഇന്ത്യൻ ഭാഷകളുടെ പഠനത്തിന് സ്ക്കൂളിലും ഉന്നതവിദ്യാഭ്യാസരംഗത്തും പ്രാധാന്യം നൽകണം. ഈ ഭാഷകളുടെ പ്രസക്തവും ഊർജ്ജസ്വലവുമായ നിലനില്പിനും ഉയർന്നനിലവാരത്തിലുള്ള ഭാഷാപഠനത്തിനും ഈ ഭാഷകളിലുള്ള ഉയർന്ന നിലവാരമുള്ള പഠന, അച്ചടിസാമഗ്രികളായ പുസ്തകങ്ങൾ, വർക്ക്ബുക്കുകൾ, വീഡിയോകൾ, നാടകങ്ങൾ, കവിതകൾ, നോവലുകൾ, മാസികകൾ മുതലായവ തയ്യാറാക്കണം. ഭാഷകളിലുള്ള പദാവലികളും, നിഘണ്ടുക്കളും കൃത്യമായി പുതിയ വാക്കുകളും ആശയങ്ങളും ചേർത്ത് നവീകരിക്കണം. അതുവഴി ഭാഷയിലെ ഏറ്റവും പുതിയ പ്രശ്നങ്ങളും ആശയങ്ങളും ഫലപ്രദമായി ചർച്ച ചെയ്യാൻ സാധിക്കും. അത്തരം പഠനസാമഗ്രികൾ,

അച്ചടിസാമഗ്രികൾ, എന്നിവയോടൊപ്പം ലോകഭാഷകളിൽ നിന്നുള്ള വിലയേറിയ വിവരങ്ങളുടെ വിവർത്തനം ചെയ്യാവുന്ന താണ്. പദാവലികൾ നിരന്തരം നവീകരിച്ചുകൊണ്ടിരിക്കണം. ഇതാണ് ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ, ഹീബ്രു, കൊറിയൻ, ജപ്പാനീസ് മുതലായ ഭാഷകളിൽ ചെയ്യുന്നത്. നമ്മുടെ ഭാഷകളെ സമകാലികവും ഊർജ്ജസ്വലവുമായി നിലനിർത്തുന്നതിന് സഹായകമായ അത്തരം സാമഗ്രികളും അച്ചടി സാമഗ്രികളും നിഘണ്ടുക്കളും നിർമ്മിക്കുന്നതിൽ ഭാരതം വളരെ പിന്നിലാണ്.

*— ദേശീയ വിദ്യാഭ്യാസനയം -2020, അദ്ധ്യായം 22.6*

- ഭാരതീയ ഭാഷകളുടെ വളർച്ചക്കും പ്രചാരത്തിനും അവയുടെ നിരന്തരമായ ഉപയോഗം ആവശ്യമാണ്, മാത്രമല്ല, അധ്യാപനത്തിനും പഠനത്തിനും ഉപയോഗിച്ചാൽ മാത്രമേ അതു സാധ്യമാകൂ. വ്യത്യസ്ത നിലവാരത്തിലുള്ള ഉത്കൃഷ്ട കവിതകളും ഗദ്യവും പ്രോത്സാഹിപ്പിക്കുന്നതിനായി പുരസ്കാരങ്ങൾ നല്കാവുന്നതാണ്. ഭാരതീയ ഭാഷകളിൽ സമകാലിക കവിതകളും നോവലുകളും പാഠ്യപുസ്തകങ്ങളും കഥേതര സാഹിത്യങ്ങളും ഉണ്ടാകുന്നതിനും പത്രലേഖനങ്ങളും മറ്റും എഴുതപ്പെടുന്നതും ഉറപ്പുവരുത്തേണ്ടതാണ്. ഭാരതീയ ഭാഷകളിലുള്ള പ്രാവീണ്യം ജോലി ലഭിക്കുന്നതിനുള്ള യോഗ്യതകളിൽ ഒന്നായി കണക്കാക്കണം.

*— ദേശീയ വിദ്യാഭ്യാസനയം -2020, അദ്ധ്യായം 22.20*

റിപ്പോർട്ടുകളുടെയും ഗവേഷണങ്ങളുടെയും ഫലമുണ്ടായ നിർദ്ദേശങ്ങളുണ്ടായിട്ടും 75വർഷങ്ങൾക്കു ശേഷവും അതൊന്നും ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. എൻ.സി.ഇ.ആർ.ടി. ഭാഷയെ സംബന്ധിച്ചു നടത്തിയ രണ്ടു ഗവേഷണങ്ങളിലും (അനുബന്ധം 1,2)സംസ്ഥാനാടിസ്ഥാനത്തിലുള്ള ബോധനമാധ്യമത്തെക്കുറിച്ചുള്ള രൂപരേഖയിൽ മിക്കവാറും സംസ്ഥാനങ്ങളിൽ ബോധന മാധ്യമമായി വളരെയധികം ഭാഷകൾ പ്രയോഗത്തിലുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. രേഖകളിൽ മാധ്യമഭാഷയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ വാചാലമാകുന്നുണ്ട്. **ഗൃഹഭാഷയും സ്ക്കൂൾഭാഷയും തമ്മിലുള്ള അന്തരം കുറയ്ക്കാൻ ഇവയ്ക്കും കഴിഞ്ഞില്ല. ഓരോ ദിവസം കൂടുംതോറും ഗൃഹഭാഷയും സ്ക്കൂൾഭാഷയും**

**തമ്മിലുള്ള അന്തരം കൂടിവരികയാണ്.** അതോടൊപ്പം ഇംഗ്ലീഷും ഭാരതീയ ഭാഷകളുമായുള്ള സംവാദവും നിലച്ചിരിക്കുകയാണ്. കുട്ടികൾക്ക് അവരുടെ ധാരണകളും ആവിഷ്കാരങ്ങളും അടക്കിവെക്കേണ്ട നിലയിലേക്ക് മാനസികസമ്മർദ്ദം കൂടിവരുകയും ചെയ്തിരിക്കുന്നു. അതിനാൽ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005 -ൽ കുറേക്കൂടി ഉച്ചത്തിൽ വിളിച്ചുപറയാൻ നിർബന്ധിതമായി. കുട്ടികളുടെ ഗൃഹഭാഷ സ്ക്കൂളിൽ അവരുടെ ധാരണയുടെ മാധ്യമമാകണമെന്നും കുട്ടികൾ മനഃപാഠമാക്കുന്നതിനേക്കാൾ മനസ്സിലാക്കി പഠിക്കുന്നരീതിയിൽ മുന്നോട്ടുപോകണമെന്നും നിർദ്ദേശിക്കുന്നു. വിദ്യാഭ്യാസമെന്നത് ഒരു ഭാരമാകാതെ ആനന്ദകരമായ അനുഭവമായി മാറണം. തീർച്ചയായും ഇതിന്റെ പിന്നിൽ ചില തെറ്റിദ്ധാരണകളും കുറേ ഊരാക്കുരുക്കുകളുമുണ്ട്.

ഇക്കാര്യങ്ങളെല്ലാം ശ്രദ്ധിച്ചുകൊണ്ടാണ് എൻ.സി.ഇ.ആർ.ടി. യുടെ ഭാഷാവിഭാഗം രാജ്യത്തെ വിദ്യാഭ്യാസ വിചക്ഷണന്മാരും അദ്ധ്യാപകരുമായിച്ചേർന്ന് ഒരു സംവാദ പരമ്പര നടത്തിയത്. ഇത് പട്ന, വാരണസി, ഉദയപ്പൂർ, ഡൽഹി എന്നിവിടങ്ങളിൽ നടന്ന ചർച്ചായോഗങ്ങളുടെ രൂപത്തിലാണ് സംഘടിപ്പിച്ചത്. കുട്ടികൾക്ക് അവരുടെ ഭാഷ ധാരണയുടെ മാധ്യമമായി മാറണമെന്ന കാര്യത്തിൽ എല്ലാവരും യോജിക്കുകയുണ്ടായി. അതിന്റെ നടത്തിപ്പായിരുന്നു ചർച്ചകളിൽ മുഖ്യപ്രശ്നം. ഇതിനായി വ്യാപകമായ തയ്യാറെടുപ്പുവേണമെന്ന കാര്യമാണ് ഉരുത്തിരിഞ്ഞു വന്നത്. കേവലം അക്കാദമിക നിലയിലല്ലാതെ സാമൂഹികവും ഭരണപരവുമായ തയ്യാറെടുപ്പുകളും ആവശ്യമാണ്. ധാരണയുടെ മാധ്യമത്തെ സംബന്ധിച്ച ധാരണ വളർത്തുന്നതിന് ക്രിയാത്മകമായ നടപടികൾ ആവശ്യമാണ്.

## 2

# ഭാഷയും ബോധനവും



- കുട്ടിയുടെ അറിവും ഭാഷയും
- ധാരണയുടെ അടിസ്ഥാന മായി ഭാഷ
- ഭാഷയും സാമൂഹിക സമ ത്വവും
- കുട്ടിയുടെ വ്യക്തിത്വ ത്തിന്റെ പ്രശ്നം
- സാർത്ഥകമായ വിദ്യാഭ്യാ സക്രമം

ഭാഷയും ധാരണയും തമ്മിൽ ആഴത്തിലുള്ള ബന്ധമു ണ്ട്. എന്നാൽ വിദ്യാഭ്യാസ ത്തിൽ ധാരണയുടെ ആവശ്യം ഏതാണ്ട് തള്ളിക്കളഞ്ഞ നില യിലാണ്. കഴിഞ്ഞ കുറേവർഷ ങ്ങളായി രൂപപ്പെടുത്തിയ പ ുതിയ വിദ്യാഭ്യാസനയത്തിൽ ആദ്യമായി വിദ്യാഭ്യാസത്തിൽ ധാരണയ്ക്ക് ഊന്നൽ നല്കു കയുണ്ടായി. അതിനുമുമ്പ് ധാരണ എന്താണ് എന്നതിനെക്കുറിച്ച് യാതൊരു ധാരണയും ഉണ്ടായിരുന്നില്ല. അറിവുകൊടുക്കുകയും നേടുകയും ചെയ്യുന്ന പ്രക്രിയ തുടർന്നുവന്നിരുന്നു. ഇന്നും കുറെ യൊക്കെ അങ്ങനെ തുടരുന്നുമുണ്ട്. ആദ്യം കുട്ടികളുടെ ഭാഷ എന്താണ് എന്ന വിഷയത്തിൽ നമ്മുടെ ധാരണ കൃത്യമായിരി ക്കണം.

## കുട്ടികളുടെ അറിവും ഭാഷയും

- വിദ്യാലയത്തിലെത്തുന്നതിനുമുമ്പ് കുട്ടികൾ ഭാഷ എന്ന മാധ്യ മത്തിലൂടെയാണ് ലോകത്തെ മനസ്സിലാക്കുന്നത്.
- കുട്ടികൾ ഭാഷ പഠിക്കുകയല്ല മറിച്ച് ബുദ്ധിയിൽ രചിക്കുകയാണ്.
- കുട്ടികളുടെ ധാരണ ഉണ്ടാക്കുന്നതിനുള്ള ക്ഷമത പുലർത്തു കയും സ്വയം ധാരണ സൃഷ്ടിക്കുകയും ചെയ്യുന്നു.
- അവരുടെ ചുറ്റും അനേകം ഭാഷകളുള്ളത് ഒരു പ്രശ്നമല്ല, മറിച്ച് വിഭവമാണ്. പലഭാഷകൾ വിദ്യാഭ്യാസത്തിൽ തുല്യത വരുത്തു വാൻ സഹായിക്കുന്നു.

- പാഠ്യരീതികളും ഭാഷയും സ്വന്തം ജീവിതവുമായി ബന്ധപ്പെടുമ്പോൾ അത് അഭിവൃദ്ധിപ്പെടുന്നു.
- ആറുവയസ്സായ കുട്ടിയുടെ ഭാഷയും സങ്കീർണ്ണമാകാം. സ്വന്തമായ വ്യാകരണത്തിലൂടെ എല്ലാം ആവിഷ്കരിക്കാനുള്ള ഭാഷ കുട്ടിക്കു വശമാണ്. എന്നാൽ മാധ്യമമെന്ന നിലയിൽ മറ്റൊരു ഭാഷ അടിച്ചേല്പിക്കുമ്പോൾ ധാരണ ശക്തമായിത്തീരുന്നില്ല.

*ചോംസ്കിയുടെ (1959) റിവ്യു ഓഫ് സ്കിന്നർസ് വെർബൽ ബിഹേവിയർ) വ്യവഹാരവാദത്തിന്റെ അടിത്തറ ഇളക്കിയ കൃതിയാണ്. ഭാഷണശേഷി ജന്മസിദ്ധമാണെന്നാണ് ചോംസ്കിയുടെ വാദം. അല്ലെങ്കിൽ ഭാഷ പഠിച്ചെടുക്കുന്ന പ്രക്രിയ സംഭവിക്കുകയില്ല. എന്നാൽ പിയാഷെ (1962–1983) ഇൻഹെൽഡ, (1958) വൈഗോട്സ്കി (1978, 1986) മുതലായ മനശ്ശാസ്ത്രജ്ഞർ ഈ രണ്ട് അതിവാദങ്ങളുടെയും മദ്ധ്യമാർഗമാണ് സ്വീകരിച്ചത്. വ്യവഹാരവാദികൾക്ക് മസ്തിഷ്കമെന്നത് ക്ലീൻസ്ലേറ്റാണ്. സംജ്ഞാനാത്മക വീക്ഷണമുള്ള ചോംസ്കിയെപ്പോലുള്ളവർക്ക് ഭാഷ മാനവ മനസ്സിൽ സാർവ ലൗകിക വ്യാകരണരൂപത്തിൽ നേരത്തെ സ്ഥിതിചെയ്യുന്നതാണ്. പിയാഷെയുടെ വീക്ഷണമനുസരിച്ച് ഭാഷ മറ്റു ബൗദ്ധിക തന്ത്രങ്ങളെപ്പോലെ സാഹചര്യമനുസരിച്ച് അനുഭൂതിയുടെ മാധ്യമത്തിലൂടെ വികസിക്കുകയാണ് ചെയ്യുന്നത്.*

*— ഭാരതീയഭാഷാഭ്യസനം അടിസ്ഥാനരേഖ, പു.8*

## ധാരണയുടെ അടിസ്ഥാനമെന്നനിലയിൽ ഭാഷ

വായുവും അതിന്റെ തരംഗവും പോലെയാണ് ധാരണയും ഭാഷയും തമ്മിലുള്ള ബന്ധം. നമ്മുടെ ധാരണ രൂപപ്പെടുന്നത് സ്വന്തം ഭാഷയിലാണ്. ഭാഷയില്ലാതെ ധാരണയെക്കുറിച്ചുള്ള സങ്കല്പനം അസാധ്യമാണ് എന്നാൽ സ്ക്കൂളുകളിൽ ഭാഷ ഒരു 'ടൂൾ' എന്ന നിലയിലാണ് ഉപയോഗിക്കുന്നത്. ഭാഷ മനുഷ്യധാരണയുടെ ഒരേയൊരു അടിസ്ഥാനമാണെന്ന വിശ്വാസം ഉണ്ടാക്കുന്നതിന് നാം പ്രയത്നിക്കേണ്ടതുണ്ട്. നാം ഇപ്പോൾ എന്തുചെയ്യുന്നു എന്നതിനെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നത് ഭാഷയാണ്. ഭൂതകാലത്തിലേക്കും ഭാവികാലത്തിലേക്കും നമ്മെ കൊണ്ടുപോകുന്നതു ഭാഷ

മാത്രമാണ്. ഇന്നലെ എന്തായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇനി എന്താണ് വേണ്ടത് എന്ന് സങ്കല്പിക്കാൻ നമുക്കു കഴിയുന്നത്. നമുക്കു വേണ്ടകാര്യങ്ങൾ വിവേകത്തോടെ തീരുമാനിക്കുന്നതും ഭാഷയാണ്. മനുഷ്യന്റെ ഈ അവസ്ഥകളെല്ലാം സ്വന്തം സാഹചര്യങ്ങൾക്കനുസരിച്ചാണ് ഉണ്ടാകുന്നത്. ഈ പ്രക്രിയ ധാരണയുടെ അടിസ്ഥാനത്തിൽ മാത്രമാണ് നടക്കുന്നത്. ഈ ധാരണ മനുഷ്യന്റെ ഭാഷമൂലമാണ് ഉണ്ടാകുന്നത്. ഭാഷ ഉപയോഗിച്ചാണ് നാം സാർത്ഥകമായ അവധാരണകൾ സൃഷ്ടിക്കുന്നത്; ബന്ധങ്ങളുടെ ശൃംഖല സൃഷ്ടിക്കുന്നത്; സ്വന്തം അനുഭവങ്ങളെ സാർത്ഥകമാക്കിത്തീർക്കുന്നത്; നമ്മുടെ താത്പര്യങ്ങളെ കാണാനും കൂടാതെ അന്യരുടെ താല്പര്യങ്ങളെ മനസ്സിലാക്കാനും സാധിക്കുന്നത്. അതുകൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുന്നതിനുള്ള ഏറ്റവും ആവശ്യമായ ഉപാധി എന്ന നിലയിൽ ഭാഷ ധാരണയുടെ മാധ്യമമായി മാറുന്നു.

കുട്ടികൾക്ക് സ്വന്തം ഭാഷയുടെ ഘടന അവരുടെ ബുദ്ധിയിൽ നേരത്തെതന്നെ ഉണ്ട്. അവധാരണയുടെ ചട്ടക്കൂട് ഈ ഭാഷകൊണ്ടാണ് ഉണ്ടാക്കുന്നത്. കുട്ടി പുതിയ ഒരു വസ്തു കാണുമ്പോൾ അതിനെ മുൻപരിചയമുള്ള അനുഭവവുമായി ബന്ധപ്പെടുത്തുകയും സവിശേഷതകൾ മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യും. അങ്ങനെ ആ വസ്തുവിനെക്കുറിച്ചുള്ള ധാരണ ഉണ്ടാകുന്നു. അവനപ്പുറത്തേക്ക് കാണാനും തന്റെ മുന്നിലില്ലാത്ത വസ്തുവിനെക്കുറിച്ചു സംസാരിക്കാനും സാധിക്കും. ഇതു ഭാഷയിലൂടെ മാത്രമേ കഴിയൂ. അതിനാൽ കുട്ടിയുടെ മനസ്സിൽ നേരത്തെയുള്ളതും പുതിയതുമായ അവധാരണകൾ വ്യത്യസ്ത സാഹചര്യങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ നല്കണം. അങ്ങനെയാണ് സ്വന്തം ധാരണകൾ ഉണ്ടാകുന്നത്.

*ഒരു കുട്ടി പറക്കുന്ന മയിലിനെ കണ്ട് 'കാക്ക' എന്നും നടക്കുന്ന മയിലിനെ കണ്ട് 'ഭൗ, ഭൗ' എന്നും പറയുന്നു. ഇതിൽനിന്നു ഒന്നരവയസ്സുള്ള കുട്ടിയുടെ അവധാരണ വികസിക്കുന്നതു കാണാം. ആ കുട്ടിക്ക് പറക്കുന്നത് പക്ഷിയും നടക്കുന്നത് മൃഗവുമാണ്. ആറു മാസം കഴിഞ്ഞ് അവൻ ചുമരിലൂടെ പോകുന്ന ഉരഗത്തെ കണ്ട് പല്ലി എന്നു പറഞ്ഞപ്പോൾ അമ്മ കാക്ക എന്നു പറഞ്ഞതു കേട്ട് കുട്ടി അമ്പരക്കുന്നു. ഇപ്പോൾ വ്യത്യാസം വളരെ സ്പഷ്ടമാണ്. ഇത് മനസ്സിലാക്കുന്നതിന്റെയും ധാരണയുണ്ടാക്കുന്നതി*

*ന്റെയും രീതിയാണ്. ഏതെങ്കിലും വസ്തു കണ്ടാൽ പൊതുവെ കുട്ടികൾ "അതെന്താണ്" എന്ന് ചോദിക്കും. വസ്തുവിന്റെ പേരല്ല അവർക്ക് വേണ്ടത് മറിച്ച്, അതിനെക്കുറിച്ചുള്ള ധാരണയാണ്. കുട്ടി ഏതുഭാഷയാണോ ആദ്യം പറയാൻ തുടങ്ങുന്നത് അതിലൂടെയാണ് ധാരണ വളർത്തുന്നതും അർത്ഥം ഉണ്ടാക്കുന്നതും. ആ അർത്ഥം കുട്ടിക്ക് വിലപ്പെട്ടതാണെന്ന ധാരണയാണ് നമുക്ക് വേണ്ടത്.*

*— ഒരു പ്രതിനിധി*

## ഭാഷയും സാമൂഹികതുല്യതയും

മനുഷ്യനും സാമൂഹികജീവിതവും ഭാഷയും പരസ്പരം ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ ആവിഷ്ക്കാരത്തിൽ ഇതിന് വലിയ പങ്കുണ്ട്. കുട്ടി സ്വന്തം അനുഭവങ്ങളെ ഭാഷയെന്ന മാധ്യമത്തിലൂടെ അർത്ഥവത്താക്കി മാറ്റുന്നു. ഈ പ്രക്രിയ ഏതെങ്കിലും ഭാഷയുടെ രൂപത്തിലായിരിക്കും., അത് കുട്ടിയുടെ ഗൃഹഭാഷയിലോ മാതൃഭാഷയിലോ ആകാനാണ് സാധ്യത. അതായത് സർഗാത്മകതയുടെ ആദ്യശ്രമം ഗൃഹഭാഷ/മാതൃഭാഷയിലൂടെയാണ് തുടങ്ങുക. കാരണം, ഭാവനാത്മകവും അന്തരംഗവുമായ ശബ്ദങ്ങൾ മാതൃഭാഷയിലേ കാണൂ.

കുട്ടി ആദ്യമായി സ്ക്കൂളിലേക്കു വരുമ്പോൾ സ്വന്തംഭാഷയിൽ സംസാരിക്കരുതെന്നാണ് പറഞ്ഞുമനസ്സിലാക്കുന്നത്. അദ്ധ്യാപകർ നിർദ്ദേശിക്കുന്ന ഭാഷയിലായിരിക്കണം കുട്ടി സംസാരിക്കേണ്ടത്. ആ ഭാഷയിൽ കുട്ടി അതുവരെ ചിന്തിക്കുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ല. ഇതിന്റെ പരിണാമം വളരെ അപകടകരമാണ്. കുട്ടി സ്വന്തം മാതൃഭാഷയിലാണ് ആവിഷ്കരിക്കാനും സ്വന്തം അനുഭവങ്ങൾ വിവരിക്കാനും ശ്രമിക്കുന്നതെന്ന കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിനെ വിദ്യാഭ്യാസത്തിൽ നിഷേധിക്കുന്നത് കുട്ടിയെ തിരസ്കരിക്കുന്നതു മാത്രമല്ല സാമൂഹിക നീതിയും സാമൂഹികനയവും സ്വാതന്ത്ര്യവും തിരസ്കരിക്കുന്നതിനു തുല്യമാണ്. ഈ പ്രവൃത്തി നിശ്ശബ്ദരാക്കുന്ന സംസ്കാരത്തോടൊപ്പം ഹിംസാത്മകമായ സമൂഹത്തെയും സൃഷ്ടിക്കും. കാരണം വാക്കുകളിലൂടെ ആവിഷ്കാരം നടത്താൻ കഴിയാതെ വന്നാൽ അവർ തെറ്റായ മറ്റുവഴികൾ തേടും. സഹിഷ്ണുതാഭാവം വളർത്താന

ും അഹിംസാത്മക സമൂഹത്തെ സൃഷ്ടിക്കാൻ വേണ്ടിയും കുട്ടികൾക്ക് അവരുടെ ഭാഷയിൽ ചിന്തിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം നൽകേണ്ടതുണ്ട്. ഏതാണ്ട് നൂറുകൊല്ലം മുമ്പ് ഗാന്ധിജി(1909 ൽ) ഹിന്ദ്സ്വരാജ് തന്റെ മാതൃഭാഷയായ ഗുജറാത്തിയിലാണ്, ഇംഗ്ലീഷിലല്ല എഴുതിയത് എന്നത് വെറുതെയല്ല.

നമ്മുടെ വിദ്യാഭ്യാസപദ്ധതികൾ ചിലരുടെ ഭാഷയെ സ്വീകരിക്കുകയും മറ്റുചിലരുടെ ഭാഷയെ തിരസ്കരിക്കുകയും ചെയ്യുന്നു. ഈ തിരസ്കാരം വിദ്യാഭ്യാസം നേടുന്നതിനും അറിവുനേടുന്നതിനുമുള്ള ഒരേ ഒരു ഉപാധിയെ നിഷേധിക്കയാണ്. പുതിയ യന്ത്രങ്ങൾ ഉണ്ടാക്കാനും പുതിയ ഗവേഷണങ്ങൾ ചെയ്യാനും തന്നെയും സമൂഹത്തെയും കുറിച്ച് പുതിയ രീതിയിൽ ചിന്തിക്കാൻ നാം മാതൃഭാഷയിലൂടെ ചിന്തിച്ചാൽ മാത്രമേ കഴിയൂ എന്നു നാം മനസ്സിലാക്കേണ്ടതുണ്ട്. ഭാഷാപഠനത്തിന് ഓരോ വിദ്യാലയവും തയ്യാറെടുക്കുമ്പോൾ മാത്രമേ ഇതു സാധിക്കുകയുള്ളൂ.

## കുട്ടികളുടെ സ്വത്വത്തിന്റെ പ്രശ്നം

സ്വന്തമായി ഭാഷാനയമുള്ള രണ്ടു സ്ക്കൂളുകൾ സങ്കല്പിക്കുക. ഒരു സ്ക്കൂളിൽ കുട്ടിയുടെ സ്വന്തം ഭാഷ ആദിവാസിഭാഷയായാലും ഗൃഹഭാഷയായാലും സ്വഭാവികതയോടെയും ആദരവോടെയും സ്വീകരിക്കപ്പെടുന്നു. കുട്ടി സ്വന്തം ഭാഷയിൽ പറയുന്നതൊന്നുംതന്നെ തെറ്റാണെന്ന് അവിടെ പറയുന്നില്ല. അപരിഷ്കൃതൻ എന്ന് കുട്ടിയെ ആരും വിളിക്കുന്നില്ല. സ്വന്തം ഭാഷയിൽ പിതാവിനെയോ പിതാമഹനെയോ മറ്റു മുതിർന്നവരെയോ 'നീ' എന്നു വിളിക്കും. അധ്യാപകരെയും ഇവിടെ 'നീ' എന്നു വിളിച്ചാൽ അപമാനിച്ചതായി തോന്നുകയോ അപരിഷ്കൃതനെന്നു വിളിച്ച് ആക്ഷേപിക്കുകയോ ചെയ്യില്ല. ഈ സ്ക്കൂൾ കുട്ടിയെ ക്രമേണ വിശാലമായ ലോകവും അറിവുമായി ബന്ധിപ്പിക്കുന്നതിന് പ്രാദേശികഭാഷയെ ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നു. ഈ പ്രവർത്തനം കുട്ടിയുടെ ആത്മഗൗരവത്തിനോ ആത്മവിശ്വാസത്തിനോ കോട്ടംതട്ടാതെ മെല്ലെ മെല്ലെയാണ് നടത്തുന്നത്. ഈ സ്ക്കൂൾ കുട്ടിയുടെ മുന്നറിവുകളെ സ്വാഗതം ചെയ്യുന്നു. ഇവിടെ കുട്ടി മാതൃഭാഷയിലൂടെ പ്രാദേശിക ഭാഷ സ്വാഭാവികരീതിയിൽ കൈകാര്യം ചെയ്യുന്നു.

രണ്ടാമത്തെ സ്ക്കൂളിൽ പ്രവേശനം കിട്ടുമ്പോൾത്തന്നെ അന്യ ഭാഷയിൽ വിദ്യാഭ്യാസം തുടങ്ങുന്നു. സ്വന്തം ഭാഷ ഉച്ചരിക്കുമ്പോൾ ഉടനെ ആ കുട്ടിയെ അപരിഷ്കൃതൻ എന്നു വിളിക്കുന്നു. ഈ കുട്ടിയുടെ സ്വന്തം ഭാഷയെ അംഗീകരിക്കുന്നതേയില്ല. ഈ രണ്ടു സ്ക്കൂളുകളെയും കുട്ടികളെയും വിലയിരുത്തിയാൽ ആദ്യത്തെ സ്ക്കൂളിൽനിന്നും വരുന്ന കുട്ടിയിൽ ആത്മവിശ്വാസം നിറഞ്ഞു നില്ക്കുന്നതായി കാണാം. സ്വന്തം വേരുകളുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഈ കുട്ടിയുടെ മനസ്സിൽ സ്വന്തം ഭാഷയെക്കുറിച്ച് യാതൊരു മോശം വിചാരവുമില്ല. ഈ കുട്ടിക്ക് പ്രാദേശികഭാഷയിലും ഇംഗ്ലീഷിലും ആവശ്യത്തിനുള്ള കഴിവുണ്ടായിരിക്കും. പക്ഷേ മറ്റേ സ്ക്കൂളിലെ കുട്ടിക്ക് സ്വന്തം ഭാഷ നിഷേധിക്കപ്പെട്ടതിനാൽ ആത്മവിശ്വാസക്കുറവുണ്ടാകുകയും അന്യഭാഷയുടെ സ്വാധീനത്തിൽപെട്ട് ആവിഷ്കാരത്തേക്കാൾ ശ്രദ്ധ ഉച്ചാരണശുദ്ധിയിലേക്കും വ്യാകരണത്തിലേക്കും തിരിയുകയും ചെയ്യും. തുടർന്ന് വിചാരങ്ങളുടെ താരതമ്യത്തേക്കാൾ ഭാഷ ശരിയാക്കുന്നതിൽ മുഴുകുകയും ചെയ്യും.

*ദുമ്കയിലെ സാക്ഷരതാ പ്രവർത്തനത്തിനുവേണ്ടി ഹിന്ദിയിൽ പാഠ്യപുസ്തകങ്ങൾ (വയോജനങ്ങൾക്ക്) തയ്യാറാക്കി. പുസ്തകങ്ങൾ വളരെ നല്ലതായിരുന്നെങ്കിലും അതുകൊണ്ട് യാതൊരുവിധത്തിലുള്ളധാരണയും ഉണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. പിന്നീട് തദ്ദേശവാസികളുടെ പങ്കാളിത്തത്തോടെ പുതിയൊരു പഠനസാമഗ്രി തയ്യാറാക്കി. അത് ജനപ്രിയമാകുകയും ചെയ്തു. ഈ പുസ്തകങ്ങൾ സന്താലിഭാഷയിലാണ് ഉണ്ടാക്കിയത്. കുറച്ചു പേരുടെ അഭിപ്രായമനുസരിച്ച് തുടക്കത്തിൽ ഇതു ശരിയാണെങ്കിലും പിന്നീട് വ്യവഹാരഭാഷയെക്കൂടി ഉൾപ്പെടുത്തേണ്ടതായി വരും.*

*ഈ അനുഭവം സ്ക്കൂൾ വിദ്യാഭ്യാസത്തിലും പ്രയോജനപ്പെടുത്താവുന്നതാണ്. ധാരണയുണ്ടാക്കുന്നതിന് സ്വന്തം ഭാഷയോ ക്രമേണ അധികം പ്രചാരമുള്ള ഭാഷയോ സമ്പർക്കഭാഷയോ സ്വീകരിക്കാവുന്നതാണ്.*

*— ഒരു പ്രതിനിധി*

കുട്ടി തന്റെ ചുറ്റുപാടിൽനിന്നും ലോകത്തെക്കുറിച്ചുള്ള ധാരണയുമായി സ്വന്തം വ്യക്തിത്വവുമായാണ് സ്ക്കൂളിലെത്തുന്നത്. സ്ക്കൂളിൽ കുട്ടിയുടെ ഗൃഹഭാഷയെ തിരസ്കരിച്ചാൽ കുട്ടി

അതുവരെ ഏതുഭാഷയിലാണോ സ്വയം ആവിഷ്കരിച്ചിരുന്നത് അതിനെ തിരസ്കരിക്കുകയാവും ഫലത്തിൽ ചെയ്യുന്നത്. കുട്ടി തന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയതും അതിലൂടെ ലോകത്തെ മനസ്സിലാക്കിയതുമായതിനെ തിരസ്കരിക്കുന്നത് മാതൃഭാഷയെ നിഷേധിക്കുന്നതു മാത്രമല്ല, കുട്ടിയുടെ ധാരണയുടെ അടിസ്ഥാന ത്തെത്തന്നെ തള്ളിക്കളയലാണ്. അതിനാൽ കുട്ടിയുടെ ഭാഷയെ നാം അംഗീകരിക്കേണ്ടതുണ്ട്. പരിമിതികളുണ്ടാകാമെങ്കിലും അതിനെ സ്വീകരിക്കേണ്ടതുണ്ട്. തുടക്കത്തിൽ കുട്ടിയുടെ ഭാഷ യിൽ വായിക്കുന്നതിനും ധാരണയുണ്ടാക്കുന്നതിനുമുള്ള അവ സരം നൽകേണ്ടതാണ്. ക്രമേണ കുട്ടിയെ സംസ്ഥാനത്തിന്റെ, കൂടുതൽ വിശാലമായ അറിവിന്റെ ഭാഷയുമായി ബന്ധിപ്പിക്കാം. ഈ പ്രക്രിയയിൽ പ്രാദേശികഭാഷകൾക്ക് കുട്ടിയുടെ ഭാഷയുടെ സ്വാധീനം ഉണ്ടാകുന്നതിൽ ഇളവു നൽകുകവേണം. ഈ പരിശ്രമം പുതിയ വസ്തുതകളെ സാർത്ഥകമായ രീതിയിൽ മനസ്സിലാക്കു ന്നതിനു സഹായിക്കുകയും എഴുത്തിലും വായനയിലും ആത്മന ിർഭരതയും ആത്മവിശ്വാസവും കൊണ്ടുവരികയും ചെയ്യും. കുട്ടി ഏതുഭാഷയിലാണോ ആദ്യമായി സംസാരിക്കാൻ തുടങ്ങിയത് അതിലൂടെയാണ് ധാരണ ഉണ്ടാകുന്നതും അർത്ഥം കണ്ടെത്തുന്ന തും. ആ അർത്ഥം കുട്ടിയ്ക്ക് എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് നാം തിരിച്ചറിയണം. ഇതിനായി ക്ലാസ്സിൽ പുതിയ തയ്യാറെടുപ്പു കൾ നടത്തണം.

നാം സ്വരാജിനെക്കുറിച്ചുപോലും അന്യഭാഷയിൽ സംസാരി ക്കുന്നത് എത്രമാത്രം ദുഃഖകരമായ കാര്യമാണ്. ഇംഗ്ലീഷുകാർ ന ിരാകരിച്ച വിദ്യാഭ്യാസത്തെ നമുക്ക് അലങ്കാരമാണെന്ന് ഓർക്ക ണം. അവർ മറന്നുവെച്ചുപോയതിനെ നാം നമ്മുടെ അജ്ഞത കൊണ്ട് അതിൽ മുറുകെ പിടിച്ച് നമ്മുടെ ഭാഷയുടെ ഉന്നതിക്കായി പ്രവർത്തിക്കുന്നു. വെയിൽസ് ഇംഗ്ലണ്ടിലെ ചെറിയ ഒരു പ്രദേശമാ ണ്. അവിടത്തെ ഭാഷ തീരെ നിസ്സാരമായിട്ടുപോലും അതിന്റെ പ ുനരുത്ഥാനം നടക്കുകയാണ്.

*വെയിൽസിലെ കുട്ടികൾ വെയിൽസ് ഭാഷയിൽത്തന്നെ സംസാരി ക്കുവാനുള്ള പ്രയത്നങ്ങൾ നടക്കുകയാണ്. ഇതിൽ ഇംഗ്ലണ്ടിലെ ട്രഷറർ ലോയ്ഡ് ജോർജ് മുഖ്യപങ്കുവഹിക്കുന്നു. പക്ഷേ, നമ്മുടെ കാര്യമോ? നാം പരസ്പരം കത്തെഴുതുമ്പോൾ തെറ്റായ ഇംഗ്ലീ ഷിൽ എഴുതുന്നു. നമ്മുടെ ഏറ്റവും നല്ല വിചാരങ്ങളെ പ്രകടിപ്പി*

*ക്കാൻ നാം ഇംഗ്ലീഷിനെ ആശ്രയിക്കുന്നു. ഇത് ഇങ്ങനെ ഒരുപാടു കാലം തുടർന്നാൽ വരുംതലമുറ നമ്മെ തള്ളിപ്പറയുകയും അവരുടെ ശാപം നമ്മുടെ ആത്മാവിൽ തട്ടുകയും ചെയ്യും.*

*എന്റെ അഭിപ്രായത്തിൽ നാം നമ്മുടെ എല്ലാ ഭാഷകളെയും അഭിവൃദ്ധിപ്പെടുത്തണം. നാം നമ്മുടെ ഭാഷയിൽ വിദ്യാഭ്യാസം നേടണം. അതിനെക്കുറിച്ച് വിശദീകരിക്കാനുള്ള അവസരമല്ല ഇത്. പ്രയോജനകരമായ ഇംഗ്ലീഷ് പുസ്തകങ്ങൾ നാം നമ്മുടെ ഭാഷയിലേക്കു വിവർത്തനം ചെയ്യണം.*

*— ഹിന്ദ് സ്വരാജിൽനിന്ന്*

- കാലം, ഭാഷ, ധാരണ എന്നിവ മാറ്റങ്ങൾക്കു വിധേയമാണ്. ഈ പരിവർത്തന പ്രക്രിയയുടെ സ്വഭാവമനുസരിച്ച് അതിനു പ്രാധാന്യം നല്കാ നുള്ള അവസരം കൊടുക്കണം.
- ലോകത്തിലെ ഭാഷകളെല്ലാം പഠിക്കുന്നതിനുള്ള ക്ഷമതയുമായാണ് കുട്ടി ജനിക്കുന്നത്. ഈ കഴിവിനെ ക്ലാസ്സിൽ അംഗീകരിക്കേണ്ടതുണ്ട്.
- കുട്ടിയുടെ ധാരണയ്ക്കും അനുഭൂതികൾക്കും കൂടാതെ അത് പ്രകടിപ്പിക്കാൻ സാധിക്കുന്ന ഭാഷയ്ക്ക് ക്ലാസ്സിൽ ഉചിതമായ സ്ഥാനം നൽകണം.
- കുട്ടികൾക്ക് ശബ്ദങ്ങളുമായി വിഹരിക്കുന്നതിന് അവസരം നൽകണം.
- കുട്ടികൾക്ക് സ്വയം അർത്ഥം നിഷ്പാദിപ്പിക്കാനുള്ള അവസരം നൽകണം.
- തർജ്ജമയില്ലാതെ ധാരണയിലെത്താനുള്ള രീതികൾ തയ്യാറാക്കാൻ അധ്യാപകർ ശ്രമിക്കണം.
- പഠനസാമഗ്രികളുടെ പരിധി വിപുലമാക്കണം
- വിവർത്തനത്തിലെ യാന്ത്രികതയെ രചനാത്മകമാക്കണം.
- സന്ദർഭവുമായി ബന്ധിപ്പിക്കാതെ ഭാഷപഠിപ്പിക്കാനുള്ള പ്രയ്തനം ഉപേക്ഷിക്കണം. അതായത് ക,ഖ,ഗ,ഘയോ എ.ബി.സി.ഡിയോ ആണ് ഭാഷ എന്ന തെറ്റിദ്ധാരണ ഒഴിവാക്കണം.
- ഭാഷ കുട്ടിയുടെ വ്യക്തിത്വം, സംസ്കാരം, വികാസം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു.
- ഭാഷ സ്വയം മുന്നേറുന്നതിനുള്ള മാധ്യമമാണ്.
- കുട്ടി പുതിയൊരു വസ്തു കാണുമ്പോൾ അതിനെ ഭാഷയു

മായി ബന്ധിപ്പിച്ചാണ് കാണുന്നത്.

- ഭാഷ അനുഭവങ്ങളെ വിവരിക്കാനും അപഗ്രഥിക്കാനുമുള്ള അടിസ്ഥാനമാണ്.
- സംസാരിക്കാൻ ശേഷിയില്ലാത്ത കുട്ടിക്കും ഒരു ഭാഷയുണ്ട്.
- ഉച്ചാരണമോ, വാക്യരചനയോ, ശൈലിയോ ആകട്ടെ, പ്രാദേശിക ഭാഷയുടെ ഒഴുക്കിനെ തടയാതിരിക്കാൻ അധ്യാപകർ ശ്രദ്ധിക്കണം. അതിലൂടെ ഹിന്ദിയും പ്രാദേശികഭാഷയും ശക്തിപ്പെടും

## സാർത്ഥകമായ വിദ്യാഭ്യാസത്തിനുള്ള പരിശ്രമം

നമ്മുടെ വിദ്യാഭ്യാസപദ്ധതി കുട്ടികളിൽ അന്യഭാഷയോ പ്രാദേശികഭാഷയോ അടിച്ചേല്പിച്ച് നിശ്ശബ്ദ സംസ്കാരത്തിന് ജന്മം നല്കിയിരിക്കുന്നു. കുട്ടികളിൽ ധാരണ വളർത്തുന്നതിനുള്ള എല്ലാ വാതിലുകളും അടച്ചിട്ടിരിക്കുകയാണ്. പപ്പുവാഗിനി എന്നത് അനേകം ദ്വീപുകളടങ്ങുന്ന ചെറിയ ഒരു ദ്വീപസമൂഹമാണ്. ഈ രാജ്യം അവരുടെ ഭാഷാനയം മുഖേന പ്രാഥമികവിദ്യാഭ്യാസം നാനൂറിലധികം ഭാഷകളിലൂടെയും നടത്താമെന്ന് തെളിയിച്ചിരിക്കുകയാണ്. ഈ രാജ്യം ഭാഷയെ ധാരണയുടെ വാഹകമായി മാറ്റാനുള്ള ശ്രമത്തിലാണ്. കുട്ടികളുടെ സ്വന്തം ഭാഷയെ ഇംഗ്ലീഷോ മറ്റേതു ഭാഷയോ ആയി ബന്ധിപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. നമ്മൾക്കും ഈ വഴിക്ക് ശ്രമിക്കേണ്ടതുണ്ട്. പ്രാഥമിക വിദ്യാഭ്യാസത്തിൽ ജപ്പാൻ, കൊറിയ, ക്യൂബ, ഫിൻലന്റ്, കാനഡ മുതലായ രാജ്യങ്ങളിലെ ഭാഷാനയം പിന്തുടരാവുന്നതാണ്. സ്വന്തംഭാഷ കാരണം ഒരു കുട്ടിയും പിന്തള്ളപ്പെട്ടുപോകരുതെന്ന കാര്യത്തിൽ കാനഡ പ്രത്യേകം ശ്രദ്ധ നൽകുന്നു. ഇവിടെ 'വിദ്യാഭ്യാസ അവകാശനിയമത്തിൽ' മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നു. കുട്ടിക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിന് അതിനെ സാർത്ഥകമാക്കേണ്ടതുണ്ട്. കുട്ടിക്ക് തന്റെ കഴിവിൽ വിശ്വാസമുണ്ടാക്കുന്നതാണ് വിദ്യാഭ്യാസം എന്ന് നാം ഉറപ്പുവരുത്തേണ്ടതുണ്ട്. ഇങ്ങനെയൊരു വിദ്യാഭ്യാസം ഒന്നാം ഭാഷയിലൂടെ മാത്രമേ സാധിക്കൂ. ഒന്നാംഭാഷ ഉറച്ചാൽ രണ്ടാംഭാഷ പഠിക്കുന്നത് എളുപ്പമാണെന്ന് ഭാഷാശാസ്ത്രജ്ഞർ വ്യക്തമാക്കുന്നു.

# 3

# ബഹുഭാഷികത



- ബഹുഭാഷികതയുടെ ഉദ്ദേശ്യം
- കുട്ടിയുടെ ഭാഷാക്ഷമത
- സാർവലൗകിക വ്യാക രണ മെന്ന സങ്കല്പം
- ബഹുഭാഷികതയും ന്യൂന പക്ഷ/ആദിവാസി ഭാഷ കളും
- ബഹുഭാഷികതയും ദക്ഷി ണേന്ത്യൻ ഭാഷകളും
- ബഹുഭാഷികതയും ഇംഗ്ലീഷ് ക്ലാസ്സുമുറിയും
- ബഹുഭാഷികതയുടെ വെല്ലുവിളികൾ

ഒരുദിവസം ഗ്രാമത്തിൽ വലിയ ഒച്ചപ്പാടുണ്ടായി. ഒരു ജ്യോതി ശ്ശാസ്ത്രജ്ഞൻ അവിടെ എത്തി യതാണ്. നക്ഷത്രങ്ങളെക്കുറിച്ച് അറിവുള്ള വിദ്വാൻ. രണ്ടുദി വസം അതിഥിയായി അവിടെ കൂടി ആകാശത്തേക്കു നോക്കി ക്കൊണ്ടിരുന്നു. മൂന്നാംദിവസം അപ്രത്യക്ഷനായി. ആളുകൾ അന്വേഷിക്കാൻ തുടങ്ങി. കണ്ടു കിട്ടിയതെങ്ങനെയെന്നാൽ കിണറിൽ മുങ്ങിത്താഴുന്ന ന ിലയിൽ. ആളുകൾ ഇങ്ങനെ പ റയാൻ തുടങ്ങി. 'ഭൂമിയിൽ വഴിനടക്കാനറിയാത്ത ആൾക്ക് ആകാ ശത്തെക്കുറിച്ച് എന്തറിയാനാണ്?' കുട്ടികൾക്ക് അവരുടെ ഭാഷ യിൽ വിദ്യാഭ്യാസം നൽകേണ്ട പശ്ചാത്തലത്തിൽ ഈ കഥയ്ക്ക് പ്രാധാന്യമുണ്ട്. നാം കുട്ടികളുടെ അടിത്തറ ഉറപ്പാക്കേണ്ടതുണ്ട്. ഈ പ്രക്രിയയിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ നടപ്പാക്കാവുന്ന തത്ത്വങ്ങളെക്കുറിച്ചു മാത്രമേ ചർച്ച ചെയ്യാവൂ. ഇതിലൂടെ ഒരു കാര്യംകൂടി സ്പഷ്ടമാണ്. അതായത് അടിസ്ഥാനവിദ്യാഭ്യാസ ത്തിനുള്ള വഴികൾ തേടേണ്ടതുണ്ട്. അതിലൊരു മാർഗമാണ് ബ ഹുഭാഷികത.

## ബഹുഭാഷികതയുടെ ഉദ്ദേശ്യം

ബഹുഭാഷികത നമ്മുടെ ജീവിതത്തിന്റെ ഒരു പ്രധാന ഭാഗമാണ്. ഇത് നമ്മുടെ സംസ്കാരവും നമ്മുടെ വ്യക്തിത്വവുമായി ചേർന്നു

നില്ക്കുന്നു. നാമെല്ലാം ബഹുഭാഷികളാണ്. നമ്മുടെ ബഹുഭാഷികത്വം മറ്റുള്ളവരുമായി ബന്ധപ്പെടുന്നതിനും അവരെ മനസ്സിലാക്കുന്നതിനും സഹായിക്കുന്നു. ഇക്കാലത്ത് ഒരു നാട്ടിൽനിന്നും വേറൊരു നാട്ടിലേക്ക് ആളുകൾ യാത്ര ചെയ്യുന്നു. ആ നാട്ടിലെ സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തിൽ അവർ ഇടംപടിക്കുകയും ചെയ്യുന്നു. അതിനാൽ ഒരു രാജ്യം, ഒരു ഭാഷ, ഒരു സംസ്കൃതി എന്ന അവധാരണയ്ക്ക് ഇക്കാലത്ത് വലിയ സ്ഥാനമില്ല. ഇങ്ങനെ ചിന്തിക്കുന്നതുതന്നെ അവാസ്തവവും ലോകത്തിന്റെ അറിവിനുനേർക്ക് കണ്ണടയ്ക്കലുമാണ്.

നാം ഈ കാര്യം മനസ്സിലാക്കുകയും ഇതിനെ പൂർണമായി ഉപയോഗിക്കുന്നമുണ്ട്. ഇത് കുട്ടികളുടെ ജീവിതവുമായി ബന്ധപ്പെട്ടതാണെന്ന കാര്യം ആർക്കും നിഷേധിക്കുക വയ്യ. പിന്നെ എന്തിനാണ് കുട്ടികളെ അതിൽനിന്നും അകറ്റിനിർത്തുന്നത്. കുട്ടികളെ മനസ്സിലാക്കാനും അവരുമായുള്ള ബന്ധം നിലനിർത്താനും അവരെ സ്ക്കൂളുമായി ബന്ധപ്പെടുത്തുന്നതിനും ഗൃഹഭാഷയെ സ്ക്കൂൾ ഭാഷയുമായി ബന്ധിപ്പിക്കുന്ന പാലമെന്ന നിലയിലും ബഹുഭാഷികതയ്ക്ക് പ്രാധാന്യമുണ്ട്.

മാതൃഭാഷയെക്കുറിച്ച് കുട്ടിക്ക് അറിയാം. ചുറ്റുപാടുമുള്ള സാഹചര്യത്തിൽ അതിന്റെ ഉപയോഗം കുട്ടി കാണുന്നുമുണ്ട്. ഈ അവസരത്തിലെ ആവശ്യം സ്വന്തം ഭാഷയ്ക്ക് ശക്തമായ അടിത്തറ പണിത് ആ ഭാഷയും അന്യഭാഷയുമായി ബന്ധപ്പെടുത്തുക എന്നതാണ്. ഇത്തരത്തിൽ രണ്ടോമൂന്നോ അന്യഭാഷകളുമായി ബന്ധപ്പെട്ടുകൊണ്ട് സ്വാഭാവികമായി വിദ്യാഭ്യാസം നേടാൻ കുട്ടിയ്ക്ക് കഴിയണം.

മാതൃഭാഷയുടെ ഉപയോഗം നട്ടെല്ലുപോലെ ഉറപ്പോടെ തുടരേണ്ടതാണ്. എഴുത്തും വായനയും നാം ഒരിക്കൽ മാത്രമേ പഠിക്കുന്നുള്ളൂ. മാതൃഭാഷയിൽ ഇത് ഉറച്ചുകഴിഞ്ഞാൽ അന്യഭാഷകളിലെ എഴുത്തും വായനയും വളരെ എളുപ്പമാകും.

## കുട്ടിയുടെ ഭാഷാക്ഷമത

മിക്കവാറും കുട്ടികൾ സ്ക്കൂളിലെത്തുന്നതിനുമുമ്പുതന്നെ ഒന്നിലധികം ഭാഷകൾ സ്വായത്തമാക്കുന്നുണ്ട്. സ്ക്കൂളിലെത്തുന്നതിനുമുമ്പായി കുട്ടി ഏതാണ്ട് അയ്യായിരത്തോളം വാക്കുകൾ പഠിക്കുന്നുണ്ട്. അങ്ങനെ ബഹുഭാഷികത നമ്മുടെ തനിമയും സ്വത്വവും വെളിപ്പെടുത്തുന്നു. വിദൂരഗ്രാമങ്ങളിലെ 'ഏകഭാഷി' പോലും അനേകം സംഭാഷണ സാഹചര്യങ്ങൾക്കൊത്ത് ശരിയായ രീതി

യിൽ ഭാഷ പ്രയോഗിക്കുന്നതിന‌ുള്ള കഴിവു നേടുന്നു. ബഹുഭാഷികതയുടെ ധാരണാപരമായ വികാസവും സമൂഹത്തിന്റെ സഹനശീലവും വികേന്ദ്രീകൃതമായ ചിന്തയും വിദ്യാഭ്യാസമികവും തമ്മിൽ സകാരാത്മകമായ ബന്ധമുണ്ടെന്ന് പഠനങ്ങളിലൂടെ തെളിഞ്ഞിട്ടുണ്ട്. ഭാഷാശാസ്ത്രത്തിന്റെ വീക്ഷണത്തിൽ എല്ലാഭാഷകളും- ഉപഭാഷകൾ, ആദിവാസിഭാഷകൾ, മിശ്രഭാഷകൾ എന്നിവയൊക്കെയുംപെടുന്നു. സമാനരൂപത്തിൽ ശാസ്ത്രീയമാണ്. ഭാഷകൾ മറ്റൊന്നിന്റെ സാന്നിദ്ധ്യത്തിൽ വളർച്ച പ്രാപിക്കുന്നതോടൊപ്പം സ്വന്തം വ്യക്തിത്വം നിലനിർത്തുകയും ചെയ്യുന്നു. ബഹുഭാഷിക ക്ലാസ്സിൽ ഓരോ കുട്ടിയുടെയും ഭാഷയെ ആദരവോടെ കാണുകയും കുട്ടികളുടെ ഭാഷാവ്യത്യാസങ്ങളെ വിദ്യാഭ്യാസപ്രക്രിയയുടെ ഭാഗമായി കണ്ട് ഭാഷ അഭ്യസിപ്പിക്കുകയും വേണം.

എല്ലാ കുട്ടികൾക്കും നാലുവയസ്സിനകം പലഭാഷകൾ സ്വായത്തമാക്കുന്നതിനുള്ള കഴിവുണ്ട്. ഭാരതത്തിന്റെ ഭരണഘടനയുടെ 29-ാം വകുപ്പുപ്രകാരം 'സ്വന്തം ഭാഷാസംസ്കാരം സംരക്ഷിക്കുന്നതിനുള്ള അവകാശമുണ്ട്." 30-ാം വകുപ്പും 350 (എ)യും ഇങ്ങനെ അവരവരുടെ ഭാഷയുടെ സംരക്ഷണത്തെക്കുറിച്ച് പ്രസ്താവിക്കുന്നു.

## സാർവലൗകിക വ്യാകരണം എന്ന സങ്കല്പം

ഭാഷാഭ്യസനവേളയിൽ ഭാഷാപണ്ഡിതന്മാരും ഇത്തരത്തിൽ സംസാരിക്കുന്നു. ഓരോ ഭാഷയിലും സ്വരങ്ങളും വ്യഞ്ജനങ്ങളുമുണ്ട്. ഓരോ ഭാഷയ്ക്കും അതിന്റേതായ സവിശേഷതകളുണ്ട്. ഒരിക്കലും ഒന്ന് മറ്റൊന്നുപോലെയല്ല. അത് സ്വന്തം നിലയിൽ അദ്വിതീയമാണ്. ഉദാഹരണമായി 'ഞാൻ എന്റെ കാര്യം പറയാൻ ശ്രമിക്കുന്നു' 'ട്രൈ ചെയ്യുന്നു' 'താങ്കൾ കഴിക്കാൻ ശ്രമിക്കൂ', 'ട്രൈ ചെയ്തു നോക്കൂ" എന്നിവയിൽ 'ട്രൈ' എന്നതിന് വ്യത്യസ്ത അർത്ഥമാണുള്ളത്. പര്യായപദങ്ങൾക്ക് എല്ലായ്പ്പോഴും ഒരേ അർത്ഥമ

നാഗലാണ്ടിൽ ഇംഗ്ലീഷാണ് വ്യവഹാരഭാഷ, പക്ഷേ 17ആദിവാസി ഭാഷകൾ പ്രാഥമിക വിദ്യാഭ്യാസത്തിനായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്, ഒരു ഭാഷയിൽ എം.എ. കോഴ്സ് വരെ ഉണ്ട്. 'സർവശിക്ഷ അഭിയാനിലൂടെ' കുട്ടികളെ അവരുടെ ഭാഷയിൽ പഠനം നടത്താൻ പ്രേരിപ്പിക്കുന്നു.

ല്ലെന്ന് ഇതു വ്യക്തമാക്കുന്നു. ഒരാൾക്ക് രണ്ടോ അതിലധികമോ ഭാഷകൾ അറിയാമെങ്കിൽ ഒരു ഭാഷാവ്യവസ്ഥയുടെ രണ്ടു ഭാഗങ്ങളും കൂടാതെ വ്യത്യസ്ത ഭാഷകളുടെ വ്യത്യസ്തവ്യവസ്ഥകളും അയാൾക്കറിയാം. 'ബച്ചേ നേ ബോത്തൽ തോഡി' എന്ന വാക്യം ഉറുദു, പഞ്ചാബി, ഹിന്ദി എന്നീ മൂന്നു ഭാഷകളിൽ ഏതുമാകാം. ഓരോ ഭാഷക്കും സ്വന്തമായ വ്യവസ്ഥയുണ്ട്. കുട്ടി ചുറ്റുപാടുനിന്നും കേൾക്കുന്ന ഭാഷയുടെ വർണ്ണങ്ങളും പദങ്ങളും വാക്യങ്ങളും സ്വയം മനസ്സിലാക്കുന്നു. രണ്ടുഭാഷകൾ തമ്മിലുള്ള വ്യത്യാസവും ഭാഷയുടെ ഘടനയെക്കുറിച്ചുള്ള ബോധവും നേടുന്നു. ഉദാഹരണമായി മൈസൂരിലെ വ്യക്തി കംഘി എന്നത് കാംഘി എന്നാണ് പറയുക. ഭാഷയുടെ ഘടനയെക്കുറിച്ചു മനസ്സിലാക്കിയാൽ ഭാഷപഠിക്കുമ്പോൾ നേരിടാവുന്ന വിഷമതകൾ പെട്ടെന്നു മനസ്സിലാക്കാം. രണ്ടോ അതിലധികമോ ഭാഷ അറിയുന്ന ആൾ ഒരു ശരീരത്തിൽ രണ്ട് ആത്മാവ് ഉള്ളതുപോലെയാണ്. ഇത് വളർച്ചയുടെ തന്നെ ഭാഗമാണ്. ഭാഷ നശിക്കുന്നതോടെ ഒരു സംസ്കാരവും ഇല്ലാതാകും എന്നത് നാം മനസ്സിലാക്കണം. ആഫ്രിക്കയിൽ ഭാഷനശിച്ച് സംസ്കാരംതന്നെ അപ്രത്യക്ഷമാകുന്ന സാഹചര്യമുണ്ടായതാണ്. പക്ഷേ ജനങ്ങൾ ഉണർന്നു പ്രവർത്തിച്ചു.

## ബഹുഭാഷികതയും ന്യൂനപക്ഷ/ ആദിവാസി ഭാഷകളും

പൊതുവേ ന്യൂനപക്ഷഭാഷ സംസാരിക്കുന്നവരുടെ കുട്ടികൾക്ക് സ്ക്കൂളിൽ പോകാൻ സാധിക്കാറില്ല. ബഹുഭാഷികതയെ അംഗീകരിച്ചുകൊണ്ട് നമുക്ക് അവരെ വിദ്യാഭ്യാസം നല്കുന്നതിനായി കൊണ്ടുവരാൻ കഴിയും. ബഹുഭാഷികതയുടെ പശ്ചാത്തലത്തിൽ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അവരുടെ ഭാഷയിൽ പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള അവകാശമുണ്ട്. ഭാഷാസംരക്ഷണത്തിനായി ഒരു ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷ കമ്മീഷൻ റിപ്പോർട്ടുപ്രകാരം ന്യൂനപക്ഷഭാഷയല്ലാതിരുന്നിട്ടും വിദ്യാഭ്യാസമേഖലയ്ക്കു പുറത്തുനില്ക്കുന്ന ചില ഭാഷകളുണ്ട്.

ആദിവാസികുട്ടികളുടെ ഉന്നമനത്തിനും ബഹുഭാഷികത സഹായകമാണെന്ന് ഗവേഷണ പഠനങ്ങൾ തെളിയിക്കുന്നു. ആദിവാസി വിഭാഗത്തിലെ കുട്ടി സ്ക്കൂളിൽ വരുമ്പോൾ അവർക്ക് പുതിയൊരു ഭാഷയാണ് കിട്ടുന്നത്. അത് അസ്സമിയയോ മറ്റേതെങ്കിലും ഭാഷയോ ആകാം. മുഖ്യധാരയുമായി ചേർക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ കുട്ടികളെ സ്ക്കൂളിൽ ചേർക്കുന്നത്.

അവരുടെ ഭാഷ വേറെ ഏതെങ്കിലും ആകാം. എന്താണ് പരിണാമം എന്നുവെച്ചാൽ ഏതുഭാഷയിലാണോ അവരുടെ സംസ്കാരം രൂപപ്പെട്ടത് അതിൽനിന്നും അവർ അകലുന്നു.

## ബഹുഭാഷികതയും ദക്ഷിണേന്ത്യൻ ഭാഷകളും

ദക്ഷിണേന്ത്യയിൽ അവിടുത്തെ ഭാഷയായ തമിഴ്, കന്നട, തെലുങ്കു, മലയാളം എന്നിവയും ഇംഗ്ലീഷും മതിയെന്ന് ഒരു ധാരണയുണ്ട്. ത്രിഭാഷാ പദ്ധതിയിൽ ഹിന്ദി പഠിക്കുന്നത് അവർക്ക് ഒരു ഭാരമായി അനുഭവപ്പെടാം. ഓരോ സംസ്ഥാനത്തിനും അവരുടെ ഔദ്യോഗിക ഭാഷയുണ്ട്. കുട്ടികൾക്ക് അവരുടേതായ ഭാഷകളുമുണ്ട്. കൂടാതെ ഇംഗ്ലീഷും. ഇത്രയും ഭാഷകളുള്ളപ്പോൾ പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽത്തന്നെ വേണമെന്നു പറയുന്നതെന്തിന്? ഈ ചോദ്യം ഉയരാവുന്നതാണ്.

ഈ സാഹചര്യത്തിൽ ശ്രദ്ധിക്കേണ്ട ഒരു വസ്തുത ധാരാളം കുട്ടികൾ അഞ്ചാംക്ലാസ്സിലെത്തുന്നതോടെ പഠിത്തം ഉപേക്ഷിക്കുന്നു എന്നതാണ്. മാതൃഭാഷ നേരത്തെതന്നെ അറിയാം. അതിനാൽ അഞ്ചാംക്ലാസ്സുവരെയുള്ള പഠനം മാതൃഭാഷയിലാകുമ്പോൾ അത് കുറേക്കൂടി എളുപ്പമാകുന്നു. അല്ലെങ്കിൽ അഞ്ചുവർഷവും പുതിയ ഭാഷ പഠിക്കുന്നതിനുവേണ്ടി ചെലവിടേണ്ടിവരും. ഫലപ്രദമായി ഒന്നും ചെയ്യാനും കഴിയില്ല. ത്രിഭാഷാപദ്ധതി ബഹുഭാഷിക ബോധമല്ല. ഇത് ഒരു നയവുമല്ല. ഒരു കാര്യപദ്ധതിയാണെന്നു മാത്രം പറയാം. ഇതിൽ ഭാഷയുടെ വൈവിധ്യങ്ങളെ പുനർസമീക്ഷക്കു വിധേയമാക്കണം. ഇത് ബഹുഭാഷികതയിലൂടെ മാത്രമേ സാധിക്കൂ.

## ബഹുഭാഷികതയും ഇംഗ്ലീഷ് ക്ലാസ്സുകളും

നമ്മുടെ എല്ലാ ഭാഷകളെയും പുഷ്ടിപ്പെടുത്തി ബഹുഭാഷികളെ സൃഷ്ടിക്കുക എന്നതാണ് ഇംഗ്ലീഷ് ഭാഷാപഠനത്തിന്റെ ഉദ്ദേശ്യം. ഇത് നമ്മുടെ അംഗീകൃത ദേശീയ കാഴ്ചപ്പാടാണ്. ഏതുതലത്തിൽവെച്ച് ഇംഗ്ലീഷ് പഠനം ആരംഭിച്ചാലും ഉചിതമായ രീതിയിൽ പഠിപ്പിക്കേണ്ടതാണ്. പക്ഷേ, പൊതുവെ ഇംഗ്ലീഷ് ക്ലാസ്സുകളിൽ മാതൃഭാഷയുടെ പ്രവേശനം നുഴഞ്ഞുകയറ്റക്കാരെപ്പോലെയാണ്. ഉത്തരം എഴുതിക്കുമ്പോൾ പാഠത്തോടൊപ്പം "വിവർത്തനവും വ്യാഖ്യാനവും" അധ്യാപകർ ചെയ്യുന്നുണ്ട്. ധാരണ വളർത്തുന്ന

തിന് കുട്ടിയുടെ മാതൃഭാഷയെ താൽപര്യത്തോടെ ഉപയോഗിച്ചു കൊണ്ടോ ഇംഗ്ലീഷുമായി ബന്ധിപ്പിച്ചുകൊണ്ടോ ശരിയായ രീതിയിൽ സ്ഥാനം നൽകാം. ഇതിന് പ്രഭു (1987) ഒരു ഉദാഹരണം നല്കുന്നു. ബാംഗ്ലൂർ പ്രൊജക്ടിൽ മാതൃഭാഷയുടെ പ്രയോഗത്തിന്റെ പരിധി കാര്യത്തിന്റെ ആവശ്യമനുസരിച്ചാണെന്ന് സ്വാഭാവികമായും നിശ്ചയിക്കപ്പെട്ടു. അവിടെ സാമഗ്രികളും കിട്ടിയ ഉത്തരങ്ങളും ഇംഗ്ലീഷിലായിരുന്നു. ആവശ്യത്തിനനുസരിച്ച് മാതൃഭാഷയിലാണ് ഇംഗ്ലീഷിലുള്ള കാര്യങ്ങൾ വിശദീകരിച്ചിരുന്നത്. ഇംഗ്ലീഷിൽ ആവശ്യത്തിന് സാമഗ്രികൾ ലഭ്യമാകുകയും അതിനെ യഥാർത്ഥമായി മനസ്സിലാക്കുന്നതിന് ശ്രമിക്കുകയുമാണെങ്കിൽ മാതൃഭാഷ ഒരു പ്രതിബന്ധമാവാതെ സഹായകമായിത്തീരും". ഉടനടിയുള്ള വിവർത്തനം കാര്യക്ഷമമല്ല എന്നാണ് ക്രേഷൻ പ്രസ്താവിച്ചത് (1985:94). ക്ലാസ്സിൽ രണ്ടുഭാഷകൾ ഉപയോഗിക്കുമ്പോൾ ആദ്യഭാഷയുടെ ഉപയോഗത്തിലൂടെ സാമഗ്രികളെ ലക്ഷ്യഭാഷയിൽ ഗ്രഹിക്കാവുന്നതാണ്.

ഇംഗ്ലീഷ് ഭാഷാഭ്യസനത്തിലെ പാഠ്യസാമഗ്രികൾ തയ്യാറാക്കുമ്പോൾ മാതൃഭാഷയിലെ മേൽപ്രസ്താവിച്ച പ്രയോഗങ്ങളുടെ ധാരണയുണ്ടാക്കുന്നതിന് അധ്യാപകരുടെ പങ്ക് ഉറപ്പാക്കേണ്ടതുണ്ട്. ഭാഷാഭ്യസനത്തിലെ മേല്പറഞ്ഞ തലം എന്തായിരിക്കണമെന്ന വിഷയത്തിൽ അധ്യാപകരുടെ മനോഭാവത്തെയും കണക്കിലെടുക്കണം.

## ചില സാധ്യതകൾ

- പ്രാഥമിക വിദ്യാലയങ്ങളിൽ 'ഭാഷകളുടെയും വിഷയങ്ങളുടെയും' ഇടയിലുള്ള അന്തരം നീക്കാൻ ശ്രമിക്കണം. ഒന്നു മുതൽ മൂന്നു വരെയുള്ള പ്രാഥമിക തലത്തിലെ താഴ്ന്ന ക്ലാസ്സുകളിലെ പ്രവർത്തനങ്ങൾ കുട്ടിയ്ക്ക് ചുറ്റുപാടുമുള്ള ലോകത്തെക്കുറിച്ച് ജാഗരൂകരായിരിക്കാൻ വേണ്ടിയുള്ളതാണ്. അവ ഇംഗ്ലീഷിനോടൊപ്പം മാതൃഭാഷയിലും നല്കാവുന്നതാണ്. (ദാസ് 2005). ഇങ്ങനെയുള്ള ബഹുഭാഷിക പ്രവർത്തനങ്ങളുടെ വികാസത്തിനുള്ള സാമഗ്രികൾ തയ്യാറാക്കുന്നതിന് അധ്യാപകരുടെ സഹകരണത്തിനുള്ള സ്പഷ്ടമായ മാർഗരേഖയും തയ്യാറാക്കണം. അതിൽ ഒന്നിലധികം ഭാഷകളുടെ ഉദാഹരണങ്ങൾ ഉൾപ്പെടുത്തണം. കൂടാതെ അതിൽ കോഡുമാറ്റത്തിനുള്ള സ്വാതന്ത്ര്യവും ഉണ്ടാകണം.

- ഒരു കഥയാണെങ്കിലും ഒന്നിലധികം ഭാഷകളിൽ സമാന്തരപാഠങ്ങൾ നല്കണം. നാഷനൽ ബുക്ട്രസ്റ്റ് ഇംഗ്ലീഷിലും അതോടൊപ്പം ഭാരതീയ ഭാഷകളിലും കഥകൾ പ്രസിദ്ധീകരിക്കുന്നത് ഉദാഹരണമായി കാണാം. (അമൃതാവലി & രാമേശ്വർ റാവു, 2001) പ്രോമിസ് ഫൗണ്ടേഷൻ ഇംഗ്ലീഷിലും നാലു ഭാരതീയ ഭാഷകളിലും ബൃഹദ്ഗ്രന്ഥങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. സി.ഐ.ഇ.എഫ്.എൽ അവരുടെ ഭാഷാവീക്ഷണമനുസരിച്ച് രണ്ടു ഭാഷകളിൽ പുസ്തകങ്ങൾ തയ്യാറാക്കുന്നു. ഈ സമാന്തരപാഠങ്ങൾ കൃത്യമായ വിവർത്തനങ്ങളാകണമെന്നില്ല. പക്ഷേ സമാനമായ അർത്ഥങ്ങളും ഭാഷാപരമായ ഗതിവിധികളും- പ്രാസം, ശബ്ദാവർത്തനം മുതലായവ ഉൾപ്പെടുത്തണം. കാരണം ഭാഷയുടെ ധ്വനികളേയും രചനാരീതിയെയും അവർ പരിചരിക്കുന്നു. വായന ഒരു ആശയവിനിമയ സാമർത്ഥ്യമാണ്. ഒരു ഭാഷ പഠിക്കുന്ന പ്രാഗല്ഭ്യം മറ്റൊരു ഭാഷ പഠിക്കുന്നതിന് സഹായകമാകും (വെസ്റ്റ്:1941). ഇത് സമാനലിപികളുള്ള ഭാഷകൾക്കു മാത്രമല്ല വ്യത്യസ്ത ലിപികളുള്ള ഭാഷകൾക്കും ബാധകമാണ്. (വെസ്റ്റ്, ഇംഗ്ലീഷ് -ബംഗാളി ഭാഷകളാണ് പഠനത്തിനായി തെരഞ്ഞെടുത്തത്. രണ്ടുലിപികളുടെ സ്ഥിതിയും വായിക്കുന്നതിലെ വിനിമയവും സംബന്ധിച്ച് ഇന്ന് നമുക്ക് നല്ല അറി വുണ്ട്.)
- മുകളിൽ കൊടുത്ത നിർദ്ദേശങ്ങൾ സമാന്തരവും ഒത്തുപോകുന്നവയുമായ ഭാഷകളെ സംബന്ധിച്ചാണ്. ഇതിൽനിന്ന് ദ്വിഭാഷികളായ പഠിതാക്കൾക്കും അധ്യാപകർക്കും മിശ്രിതകോഡു പയോഗിക്കുന്ന ദ്വിഭാഷികൾക്കും പാഠങ്ങളിലെ പ്രായോഗിക കാര്യങ്ങൾ ഉപയോഗിക്കാവുന്നതാണ്. (ഡോവേര, 2005, ഫെലിക്സ്, 1998). ഇവയുടെ വിദ്യാഭ്യാസ സാധ്യതകൾ അന്വേഷിച്ചു കണ്ടെത്താവുന്നവയാണ്.

*— ഇംഗ്ലീഷ് വിദ്യാഭ്യാസം അടിസ്ഥാനരേഖ പു.13-14*

## ബഹുഭാഷാക്ലാസ്സുമുറി

ഏതുഭാഷയും പഠിപ്പിക്കുന്നത് എങ്ങനെയാണ്? ഇതിനായി എഴുത്തുവിദ്യ എന്തെന്ന് ആദ്യം അറിയണം. ഇതിൽ ബുദ്ധിയും കൈയും ഒരുമിച്ചു പ്രവർത്തിക്കണം. 5-6 വയസ്സുവരെ ഇതു വേണ്ടവിധത്തിൽ വളർച്ച പ്രാപിക്കുന്നില്ല. അതുകൊണ്ടാണ് എഴുതുന്നതിൽ ബുദ്ധിമുട്ടുണ്ടാകുന്നത്. പക്ഷേ കുട്ടിയുടെ മനസ്സിൽ അച്ചടിയുടെ അവ

ധാരണയുണ്ടാകാൻ വായിക്കുന്ന തോടൊപ്പം എഴുത്തും ആരംഭിക്കണമെന്നാണ് ഗവേഷണപഠനങ്ങൾ പറയുന്നത്. ഈ എഴുത്ത് വരകളിലൂടെയുമാകാമെന്നതും ശ്രദ്ധേയമാണ്. ശ്രവണവും ഭാഷണവും വളരെ പ്രധാനമാണ്. കണക്കിന്റെ കാര്യമാണെങ്കിൽ കണക്കിനെക്കുറിച്ചുള്ള ധാരണ കുട്ടിക്ക് നേരത്തെ തന്നെ ഉണ്ട്. മിഠായി വിതരണം ചെയ്യാൻ ആരും പഠിപ്പിക്കാതെ തന്നെ കുട്ടിക്ക് അറിയാം. ഇതുപോലെ വെള്ളത്തിന്റെ ദ്രവ, ഘന, വാതക രൂപങ്ങൾ മാതൃഭാഷയിലൂടെ വേണ്ടവിധത്തിൽ മനസ്സിലാക്കിക്കൊടുക്കാൻ കഴിയും. കുട്ടിയുടെ മനസ്സിൽ ശരിയായ അവധാരണയുണ്ടെങ്കിൽ മാത്രമേ ഇതു സാധിക്കൂ. മാതൃഭാഷയിലൂടെ പരിഭാഷാ പദങ്ങളുടെ ആദാനപ്രദാനവും നടക്കും. രണ്ടാം ഭാഷയോ മൂന്നാംഭാഷയോ അഭ്യസിച്ചാലും മാതൃഭാഷയുടെ ഉപയോഗം തുടരേണ്ടതാണ്. മാതൃഭാഷയിലൂടെ മറ്റുഭാഷകളെക്കുറിച്ചുമുള്ള ധാരണ ഉണ്ടാകുന്നു. വിദ്യാഭ്യാസമാകുന്ന നദിയിൽ ഉറപ്പുള്ള പാലം സൃഷ്ടിക്കേണ്ടതുണ്ട്.

*യുനസ്കോയുടെ വിദ്യാഭ്യാസ അടിസ്ഥാനരേഖയിൽ (2003) പ്രാരംഭവിദ്യാഭ്യാസത്തിൽ മാതൃഭാഷ അങ്ങേയറ്റം അത്യാവശ്യമാണെന്നു പ്രസ്താവിക്കുന്നു. ഇത് നാം പിന്തുടരേണ്ടതും പാലിക്കപ്പെടേണ്ടതുമാണ്. പല പഠനങ്ങളിലും മാതൃഭാഷയിലൂടെ വിദ്യാഭ്യാസം നേടിയവർ ഇംഗ്ലീഷ് മീഡിയത്തിലൂടെ പഠിച്ചവരേക്കാൾ ഭാഷയിലും അറിവിലും ഒരുനിലയ്ക്കും പിറകിലല്ലെന്ന് തെളിഞ്ഞിട്ടുണ്ട്. 15നും 17നുമിടയ്ക്ക് പ്രായമുള്ള 78കുട്ടികളിൽ നടത്തിയ പരീക്ഷണത്തിൽ ആദ്യത്തെ രണ്ടുവർഷം മാതൃഭാഷയിലൂടെ വിദ്യാഭ്യാസം നേടിയവർക്ക് മാതൃഭാഷയിലും ദ്വിതീയഭാഷയിലും പ്രാവീണ്യം കൂടുമെന്ന് തെളിഞ്ഞിട്ടുണ്ട്. (ഭാരതീയഭാഷാ ശിക്ഷണം*
*— ദേശീയ ഫോക്കസ് സമൂഹത്തിന്റെ അടിസ്ഥാന രേഖ :1.3 പു.15)*

നമുക്കറിയാത്ത കാര്യങ്ങളാണ് നാം കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നത്. മറ്റുള്ളവയെല്ലാം നിസ്സാരമാണ്. അതിനാൽ അവ നാം തള്ളിക്കളയുന്നു. ബീഹാറിൽനിന്നും ആസ്സാമിലേക്കും പഞ്ചാബിലേക്കും പോകുന്ന തൊഴിലാളികൾ ആവശ്യങ്ങൾക്കനുസരിച്ച് അവിടത്തെ ഭാഷ പഠിക്കുന്നു.

## ബഹുഭാഷികതയുടെ വെല്ലുവിളികൾ

- പഠിപ്പിക്കുന്ന നിലയിലുള്ള ഭാഷയിൽനിന്ന് വ്യത്യസ്ത മാണ് മാധ്യമമെന്ന നിലയിലുള്ള ഭാഷ. ഭാഷ പഠിപ്പിക്കു ന്നത് ഭാഷാധ്യാപകരുടെ മാത്രം ജോലിയല്ല. ഭാഷ ാതത്ത്വങ്ങളെക്കൂടാതെ മറ്റുവിഷയങ്ങളും പഠിക്കു കയും പഠിപ്പിക്കുകയും സാധ്യമല്ല. ശാസ്ത്രത്തിലും ക്രിയാപദങ്ങളും സംജ്ഞാ പദങ്ങളും സർവ്വനാമ പ ദങ്ങളും ഉണ്ടാകും. ഹിന്ദി യോ മറ്റേതെങ്കിലും ഭാഷയോ ആവട്ടെ, അവ ശാസ്ത്രതത്ത്വ ങ്ങളുടെ അവധാരണയുമായി ഒരുമിച്ചു പോകേണ്ടതാണ്.

> *ഇന്ന് ക്ലാസ്സ്മുറികളിലെ ഇംഗ്ലീഷ് പഠനം കാണുമ്പോൾ പണ്ട് ആളുകൾ രത്നങ്ങളും പണ്ടങ്ങളും മോഷ്ടിച്ചിരുന്ന കാര്യം പലപ്പോഴും ഓർമ്മ വരുന്നു. ഇന്ന് ഭാഷയിലൂടെ ബുദ്ധിയും ഹൃദയവും കവരുകയാണ് ചെയ്യുന്നത്.*
> *— ഒരു പ്രതിനിധി*

- ബഹുഭാഷികതയുടെ മറ്റൊരു സമസ്യ ലിപിയാണ്. ഉദാഹര ണത്തിന് അസ്സമിലെയും നാഗാലാണ്ടിലെയും “സേമി” ഭാഷ റോമൻ ലിപിയാണ് സ്വീകരിച്ചിട്ടുള്ളത്. കുട്ടികളെ എ മുതൽ സെഡ് വരെ പഠിപ്പിക്കുമെങ്കിലും സേമി ഭാഷയിൽ ഇതു മുഴുവൻ ഉപയോഗത്തിലില്ല.
- മൂന്നാമത്തെ പ്രശ്നം സ്ക്കൂളിൽ എഴുത്തിലും വായനയിലും നല്കുന്ന അമിതമായ ഊന്നലാണ്. ഭാഷണത്തിനും ശ്രവണ ത്തിനും തീരെ ഊന്നൽ നല്കുന്നില്ല.
- ബോധന സാമഗ്രികളുടെ ഉപയോഗമാണ് മറ്റൊരു സമസ്യ. അതു രസപ്രദമോ സംസ്കാരവുമായി ബന്ധമുള്ളതോ അല്ല. ഒഡീസയിലെ ആദിവാസികളിൽ ജന്മദിനത്തിന് സമ്മാനങ്ങൾ നല്കുന്ന പതിവില്ല. പക്ഷേ അത്തരത്തിലുള്ള ഉദാഹരണങ്ങൾ നല്കിയിരിക്കുന്നു.
- ഭാഷാധ്യാപകരുടെ നിയമനമാണ് വേറൊരു പ്രശ്നം. ഭാഷാ ധ്യാപകരെ നിയമിക്കുന്നില്ല. ഏതെങ്കിലും വിഷയം പഠിപ്പി ക്കുന്ന അധ്യാപകരാണ് ഭാഷ പഠിപ്പിക്കുന്നത്. ഭാഷയല്ലേ പഠി പ്പിക്കേണ്ടൂ എന്നാണ്!
- സമൂഹത്തെ ഏതെങ്കിലും തരത്തിൽ ബന്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നില്ല. പ്രാഥമികതലത്തിൽ മാതൃഭാഷ നിലന ിർത്തേണ്ടത് അത്യാവശ്യമാണ്. പിന്നീട് മറ്റു ഭാഷകൾ ചേർക്കാ

വുന്നതാണ്. തടസ്സങ്ങൾ നേരിടുമ്പോൾ അതിനുള്ള പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

- ക്ലാസ്സിൽ പഠിപ്പിക്കുമ്പോൾ ഒരു ഭാഷയെ മറ്റൊരു ഭാഷയുമായി ബന്ധിപ്പിക്കണം. ഒരു ഭാഷയിൽ മാത്രമായി ഒതുങ്ങിയാൽ കാര്യം നടക്കില്ല. ഭാഷയിൽനിന്ന് ഏതുതരത്തിലാണോ കൃഷിയും കത്തുകളും ഇല്ലാതായിത്തീരുന്നത് അത്തരത്തിൽ പല പദങ്ങളും അപ്രത്യക്ഷമാകുന്നുവെന്നതാണ് ദുഃഖകരമായ വസ്തുത.

ബഹുഭാഷികതകൊണ്ടാണ് എഴുത്തുകാരും ഭാഷകളും അറിയപ്പെടുന്നതെന്ന് സാഹിത്യകാരന്മാരും ഓർക്കേണ്ടതുണ്ട്. കബീർ ബഹുഭാഷിക സന്ന്യാസകവിയായിരുന്നു. ജനങ്ങൾക്കു മനസ്സിലാകുന്നതിനുവേണ്ടി 'സധുക്കടി' ഭാഷയാണ് അദ്ദേഹം ഉപയോഗിച്ചത്. ഹബീബ് തൻവീർ രചിച്ച 'ആഗ്രബസാർ', ഭിക്കാരി ഠാക്കൂർ രചിച്ച 'വിദേശിയ' എന്ന നാടകം മുതലായവ ബഹുഭാഷികതയുടെ ഉദാഹരണങ്ങളാണ്.

നമ്മുടെ രാജ്യം എന്നും ബഹുഭാഷികമായിരുന്നു. അതുകൊണ്ട് അനേകം ഭാഷകൾ പഠിക്കുന്നത് നമ്മെ പരസ്പരം ബന്ധിപ്പിക്കുന്നതോടൊപ്പം ഭാഷകളെയും ബന്ധിപ്പിക്കുന്നു. ഭാഷ വിചാരങ്ങളുടെ ചക്രമാണ്. ദ്വിഭാഷിയാകുന്നത് മാനവിക കൗശലവും. നാം സൃഷ്ടിക്കാൻ ആഗ്രഹിക്കുന്ന സമൂഹത്തിൽ സ്വന്തം ഭാഷയോടൊപ്പം അനേകം ഭാഷകൾ സംസാരിക്കപ്പെടുകയും കൂടാതെ എല്ലാവർക്കും അവരെക്കുറിച്ചാണ് പറയുന്നതെന്ന തോന്നൽ ഉണ്ടാകുകയും വേണം.

ജോർജ്ജ് സ്റ്റൈനർ 'ദ മോഡേൺ വേഴ്സ് ഇൻ ട്രാൻസ്ലേഷൻ' എന്ന കൃതി അമ്മക്കു സമർപ്പിച്ചുകൊണ്ട് ഇങ്ങനെ എഴുതി "ടുമൈ മദർ ഹു സ്പീക്സ് സെവറൽ ലാംഗ്വേജസ് ബട്ട് ഇൻ ഹെർ ഓൺ ടങ്" (അനേകം ഭാഷകൾ സ്വന്തം ഭാഷയിൽ സംസാരിക്കുന്ന അമ്മക്ക്)

*ബർലിട്സ് ഭാഷാസ്ക്കൂൾ പഠിപ്പിക്കുന്നതിൽ ഒരു മാതൃകയാണ്. ഈ സ്ക്കൂളിൽ മറ്റൊരു ഭാഷകൂടി പഠിക്കണമെന്ന് നിർബന്ധനിയമം ഇല്ല. ഒരു ഭാഷ കൂടി പഠിച്ചാൽ നല്ലജോലി കിട്ടുമെന്നോ സമ്പന്നനാകുമെന്നോ വിജയിക്കുമെന്നോ പറയുന്നില്ല. പഠിച്ചില്ലെങ്കിൽ നാം പരാജിതരാകുകയോ ദരിദ്രരാകുകയോ ചെയ്യുമെന്ന് പറയുന്നില്ല. ഒരു ഭാഷകൂടി പഠിച്ചാൽ ജീവിതം ആനന്ദകരമാകുമെന്നു മാത്രമാണ് പറയുന്നത്.*

*— പഠനത്തിനു പകരം, ജോൺ ഹോൾട്*

## കൂടെ 'ബോ' ഭാഷയും പോയി, ആശങ്ക തുടരുന്നു.



*ആൻഡമാനിലെ 85 വയസ്സായ ബോആ മരിച്ചതോടെ പ്രാചീനഭാഷയായ ബോ സംസാരിക്കുന്ന അവസാനത്തെ കണ്ണിയും മുറിഞ്ഞുപോയി. ഇതോടെ ഭാഷാശാസ്ത്ര രംഗത്ത് നികത്താനാവാത്ത നഷ്ടമാണ് ഉണ്ടായത്. കാരണം അവർ ലോകത്തിലെ തന്നെ ഏറ്റവും പഴക്കമുള്ള ഭാഷകളിലൊന്നായ ബോ സംസാരിക്കുന്ന ഒടുവിലത്തെ വ്യക്തിയായിരുന്നു. ആൻഡമാനിലെ പ്രാചീനഭാഷകളുടെ പ്രഭവം ആഫ്രിക്കയാണെന്നാണ് കരുതപ്പെടുന്നത്. പല ആൻഡമാൻ ഭാഷകളും എഴുപതിനായിരം വർഷം പഴക്കമുള്ളവയാണെന്നു കരുതപ്പെടുന്നു. ഭാഷാശാസ്ത്രവിദഗ്ദ്ധയായ പ്രൊഫ. അന്വിത അബ്ബിയുടെ അഭിപ്രായത്തിൽ അച്ഛനും അമ്മയും മരിച്ചശേഷം കഴിഞ്ഞ 30 -40 വർഷങ്ങളായി ബോ ഭാഷ സംസാരിക്കുന്ന അവസാനത്തെ വ്യക്തിയായിരുന്നു ബോആ. അവർക്കു പലപ്പോഴും ഏകാകിയാണെന്ന വിഷമം തോന്നിയിരുന്നു. മറ്റുള്ളവരോടു സംസാരിക്കാൻ അവർക്ക് 'ആൻഡമാൻ ഹിന്ദി' പഠിക്കേണ്ടിവന്നു.*

*ശിലായുഗം തൊട്ടുള്ള ഭാഷകളുടെ അവശിഷ്ടമായി ആൻഡമാനിലെ ഭാഷകളെ കണക്കാക്കുന്നു. അതുകൊണ്ട് ബോയുടെ മരണത്തോടെ ഭാഷയുടെ കുരുക്കിന്റെ ഒരറ്റം എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടു. ആൻഡമാൻ സമൂഹത്തെ നാലു വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഗ്രേറ്റ് ആൻഡമാനി, ജാർവ, ഓംഗി, സന്റീനലി; ബോആ ഗ്രേറ്റ് ആൻഡമാനി വിഭാഗത്തിൽപെടുന്നു. ഈ വിഭാഗത്തിൽ 50ആളുകളേ ഇപ്പോൾ ഉള്ളു. അധികവും കുട്ടികളാണ്.*

*— അടിസ്ഥാനം, ബി.ബി.സി. വാർത്ത*

4

# വിഷയങ്ങളുടെ കേന്ദ്രമായി ഭാഷ



- ചരിത്രജാലകത്തിലൂടെ
- എല്ലാ വിഷയങ്ങളിലെ അധ്യാപകരും ഭാഷാധ്യാപകരാണ്
- ചിന്താസ്വാതന്ത്ര്യവും മൗലികത്വത്തിന്റെ പ്രശ്നവും
- ഭാഷയും മറ്റു വിഷയങ്ങളും
- സാങ്കേതികപദങ്ങളും കുട്ടിയുടെ ധാരണയും
- ഉന്നതവിദ്യാഭ്യാസവും മറ്റു വിഷയങ്ങളും

ഭാഷ ഒരു ഉപകരണമാണ്. അതിനെ നാം ജീവിതത്തെക്കുറിച്ച് അറിയാനും അതുമായി ബന്ധപ്പെടാനും അതിനെക്കുറിച്ച് പറയുവാനുമായി ഉപയോഗിക്കുന്നു.

ഭാഷ വെറും ആശയവിനിമയത്തിനുള്ള ഉപായം മാത്രമല്ല. അതിലൂടെയാണ് നാം മിക്കവാറും അറിവുകൾ നേടുന്നത്. നമ്മുടെ ചുറ്റുപാടും നടക്കുന്ന യാഥാർത്ഥ്യങ്ങളെയും സംഭവങ്ങളെയും ഒരു പരിധിവരെ ബുദ്ധിയിൽ ക്രമപ്പെടുത്തുന്ന വ്യവസ്ഥയാണ് അത്. പലതരത്തിൽ നമ്മുടെ വ്യക്തിത്വത്തെ അടയാളപ്പെടുത്തുന്ന ചിഹ്നവുമാണ്! അതിനാൽ സമൂഹത്തെയും. ഇത് അധികാരത്തെയും ശക്തിയെയും ഗാഢമായി സംയോജിപ്പിക്കുന്നതുമാണ്. മറ്റുള്ളവരോടു സംസാരിക്കാൻ മാത്രമല്ല സ്വയം സംസാരിക്കുന്നതിനും നാം ഭാഷ ഉപയോഗിക്കുന്നു. നമുക്ക് നമ്മോടു തന്നെ സംസാരിക്കാൻ കഴിയാതെ അത്രത്തോളം കാലം നാം എങ്ങനെ അന്യരോടു നമ്മുടെ ചിന്തകൾ സ്പഷ്ടമാക്കും.

ചരിത്രം, ഭൗതികശാസ്ത്രം, ഗണിതം മുതലായ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിക്കാനോ മനസ്സിലാക്കാനോ നമുക്ക് ഭാഷ ആവശ്യമാണ്. പ്രകൃതിയെക്കുറിച്ചായാലും സമൂഹത്തെക്കുറിച്ചായാലും നാം ഭാഷയുടെ ദൃഷ്ടിയിലൂടെയാണ് കാണുന്നത്.

ദരിദ്രപശ്ചാത്തലത്തിൽ നിന്നും ഇംഗ്ലീഷ്മീഡിയം സ്ക്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ കഥ സമാനമാണ്. ഭാഷയുമായി പൊരുത്തപ്പെടാൻ കഴിയാതെ അവർ ക്രമേണ പാർശ്വവ

ല്ക്കരിക്കപ്പെടുന്നു. പ്രവേശനത്തിന് സർക്കാർ പല പദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്. ഭാഷയുടെ വ്യത്യാസം എവിടെകൊണ്ടെത്തിക്കുമെന്നതിനെക്കുറിച്ചും ആലോചനകൾ നടക്കാത്തത് എന്തുകൊണ്ടെന്ന് അറിയില്ല.

*ഒരു കുട്ടിയുടെ രക്ഷിതാക്കളുടെ ആഗ്രഹം ഇംഗ്ലീഷ്മീഡിയം സ്ക്കൂളിൽ കുട്ടി പഠിക്കണമെന്നതായിരുന്നു. പക്ഷേ, കുട്ടിയ്ക്ക് വീട്ടിലോ, ചുറ്റുവട്ടത്തോ ഇംഗ്ലീഷ് ഭാഷയുടെ അന്തരീക്ഷം ഉണ്ടായിരുന്നില്ല. ആ കുട്ടി ക്രമേണ പഠനത്തിൽ പിന്നോക്കം പോയി. 7-8ക്ലാസ്സിലെത്തിയപ്പോഴേക്കും പലവിഷയങ്ങളിലും തോല്ക്കാനും തുടങ്ങി. അതോടെ സ്വാഭിമാനവും സർഗശേഷിയും തീരെ ഇല്ലാത്ത അവസ്ഥയിലേക്കെത്തി. ഈ അവസ്ഥയിൽ കുട്ടിയെ ഹിന്ദി മീഡിയം സ്ക്കൂളിൽ ചേർത്തു. കാരണം ഒമ്പതാംക്ലാസ്സിലേക്കു പ്രവേശനം നല്കാൻ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ തയ്യാറായിരുന്നില്ല. ആദ്യത്തെ മൂന്നുനാലുമാസം പുതിയ സാഹചര്യങ്ങൾ മനസ്സിലാക്കിയശേഷം പിന്നീട് ആ കുട്ടിക്ക് തിരിഞ്ഞുനോക്കേണ്ടി വന്നില്ല. കാരണം എല്ലാ വിഷയങ്ങളും തനിക്ക് അറിയാവുന്ന ഭാഷയിലായതുകൊണ്ടു തന്നെ കുട്ടിയ്ക്ക് എല്ലാം മനസ്സിലായിരുന്നു. തന്റെ ധാരണയെ ചുറ്റുപാടുമായി ബന്ധിപ്പിക്കാൻ കുട്ടിക്കു കഴിഞ്ഞു. ഒമ്പതാംക്ലാസ്സിലെ വാർഷികപരീക്ഷയിൽ കുട്ടി ഒന്നാം സ്ഥാനത്തെത്തി.*

*— ഒരു പ്രതിനിധി*

## ചരിത്ര ജാലകത്തിലൂടെ

മധ്യകാലത്തും അതിനുശേഷവും സ്വന്തം ഭാഷയിലൂടെയാണ് കരകൗശലവിദ്യകൾ വികാസം പ്രാപിച്ചത്. ശില്പങ്ങൾക്ക് വെവ്വേറെ കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. അവിടെ അവരവരുടെ ഭാഷയിൽ അറിവും സാമർത്ഥ്യവും നല്കുകയും അത് തലമുറകളിലേക്കു പകർന്നു നല്കുകയും ചെയ്തു. ഇന്ന് അതും ഇല്ലാതായി. മുതലാളിത്ത വ്യവസ്ഥയുടെ വളർച്ചയാൽ അത്തരം ശില്പങ്ങളും ഒപ്പം അതുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകളും നഷ്ടപ്പെട്ടു. ആ ഭാഷകളും ഇല്ലാതായി. ധാരണയുടെ മാധ്യമമായിരുന്ന ആ ശില്പങ്ങളും അപ്രത്യക്ഷമായി. ആദിവാസിഭാഷകളെന്നു വിളിക്കപ്പെടുന്ന ഭാഷകൾ ആ സമൂഹത്തിന്റെ അറിവിന്റെ വലിയ നിധികളാണ്. പക്ഷേ ഇത്തരത്തിൽ അവയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇന്നുള്ള

ആദിവാസിമേഖലകളിലും വിദ്യാഭ്യാസത്തിന്റെ മാധ്യമം ഇംഗ്ലീഷോ ഹിന്ദിയോ ആണ്. പ്രത്യേകിച്ച് ഇംഗ്ലീഷിന്റെ ആധിപത്യമുള്ള സ്ഥലങ്ങളിൽ സ്വന്തം ഭാഷക്ക് സ്ഥാനം തീരെ ഇല്ലെന്നുതന്നെ പറയാം. അതിനാൽ ജനകീയ കലകളും ശില്പങ്ങളും നാശത്തിന്റെ വക്കിലാണ്. കരകൗശലവിദ്യകളും ശില്പങ്ങളും സംഗീതവും രക്ഷിക്കുന്നതിന് സ്വന്തം ഭാഷ ശക്തിപ്പെടുത്തുക എന്നതു മാത്രമാണ് പരിഹാരം.

*രണ്ടായിരത്തഞ്ഞൂറു വർഷങ്ങൾക്കുമുമ്പു നടന്ന സംഭവമാണ്. ഭഗവാൻ ബുദ്ധൻ തന്റെ ആദ്യത്തെ ഉപദേശം നല്കിയത് ജനങ്ങളുടെ ഭാഷയിലാണ്. അത് ഭാഷയുടെ അതിർത്തികൾ ഭേദിച്ചുകൊണ്ട് ഭാരതം മുഴുവനും അതോടൊപ്പം ഏഷ്യയിലും ഒരു പ്രകാശമായി ജ്വലിച്ചുനിന്നു. മധ്യകാലത്തു ജീവിച്ച കബീർ പറഞ്ഞു 'സംസ്കൃതം കിണർജലമാണ്, പക്ഷേ ഭാഷ ഒഴുകുന്ന നദിയും'. അന്നും ധാരാളം ഭാഷകളുണ്ടായിരുന്നു. എന്നാൽ ഭാരതത്തിലെ എല്ലാ ഭാഷകളിലും ഈ വാക്കുകൾ എത്തപ്പെട്ടു, ഭക്തിപ്രസ്ഥാനം രാജ്യത്തെ മുഴുവൻ ഒരേ നൂലിൽ ബന്ധിക്കുകയും എല്ലാവരിലേക്കും സമരസതയുടെ ഭാവം പ്രവഹിപ്പിക്കുകയും ചെയ്തു.*

*— ഒരുപ്രതിനിധി*

## എല്ലാ അധ്യാപകരും ഭാഷാ അധ്യാപകരാണ്

എല്ലാ വിഷയങ്ങളിലെ അധ്യാപകരും ഭാഷാധ്യാപകരാണ്. പ്രശ്നപരിഹാരത്തിന് ഭാഷയോടൊപ്പം ബുദ്ധിപ്രവർത്തിക്കുന്നതും അവധാരണ വികാസം പ്രാപിക്കുന്നതും എങ്ങനെയാണെന്ന് വിലയിരുത്തിയാൽ ധാരണയുടെ മാധ്യമം നിർണയിക്കുന്ന പ്രക്രിയ എളുപ്പമാകും.

അവധാരണയുടെ വികാസം അവധാരണകൾ നല്കുന്നതിലൂടെ ഉണ്ടാകുന്നില്ല. അമൂർത്തമായ സാഹിത്യത്തിലും അവധാരണയുടെ വികാസം സംഭവിക്കുന്നു. സാമൂഹികശാസ്ത്രത്തിലെ പല അവധാരണകളും ചാർട്ടുകളുടെ സഹായത്തോടെയാണ് ഉണ്ടാകുന്നതും വെളിപ്പെടുന്നതും. ചാർട്ടുകൾ ഗണിതത്തിന്റെ സഹായത്തോടെ മനസിലാക്കാം. ചാർട്ടുകൾ വിലയിരുത്താനുള്ള അവധാരണ കണക്കിലൂടെയാണ് കിട്ടുന്നത്. ചാർട്ടുകൾ ചരിത്രപഠനത്തിനും സഹായകമാണ്. കണക്കിന്റെ അവധാരണകൾ

സ്ഥൂലവും സ്ഥിരവുമാണ്. അതിനാൽ അതിന്റെ ഘടന മനസ്സിലാക്കാം. സമൂഹത്തിന്റെ ഘടന മാറ്റങ്ങൾക്കു വിധേയമാണ്. അത് സ്വന്തംഭാഷയിലൂടെ മാത്രമേ മനസ്സിലാക്കാൻ കഴിയൂ.

*പ്രാഥമിക വിദ്യാഭ്യാസത്തിലെ പാഠ്യപദ്ധതിയിൽ ഭാഷയുടെ പരിപ്രേക്ഷ്യത്തിന് പ്രമുഖസ്ഥാനമുണ്ട്. അർത്ഥപൂർണമായ വിവിധ സന്ദർഭങ്ങളിലൂടെ മാത്രമാണ് ഭാഷയെ ഭംഗിയായി അഭ്യസിക്കാൻ കഴിയുക. അതിനാൽ ഓരോ വിഷയവും പഠിക്കുന്നത് ഒരർത്ഥത്തിൽ ഭാഷാപഠനമാണ്. ഇത് സെക്കണ്ടറി വിദ്യാഭ്യാസത്തിലെ അമൂർത്തവിചാരങ്ങളുടെ സന്ദർഭത്തിൽ ഭാഷയുടെ കേന്ദ്രസ്ഥാനത്തെ രേഖപ്പെടുത്തുന്നു. അവിടെ തുടക്കത്തിൽ സന്ദർഭാനുസാരിയായ അർത്ഥഭാഷാപ്രയോഗത്തിന് പ്രാമുഖ്യം നല്കുന്നു. പിന്നീട് ഭാഷയിലൂടെ മാത്രം അർത്ഥത്തിലെത്തിച്ചേരുന്നു. ഭാഷയാണ് വിദ്യാഭ്യാസത്തിന്റെ കേന്ദ്രം. എല്ലാ അധ്യാപകരും ആദ്യം ഭാഷാധ്യാപകരാണ്; പിന്നീട് വിഷയാധ്യാപകരും.*

*— ഒരുപ്രതിനിധി*

## ചിന്താസ്വാതന്ത്ര്യവും മൗലികത്വത്തിന്റെ പ്രശ്നവും

ഗാന്ധിജി തന്റെ നവീന വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സുഹൃത്തിന്റെ വിദ്യാലയത്തിലെ കുട്ടികളോട് ചോദിച്ചു. "ഒരാൾ നാലണക്ക് ആപ്പിൾ വാങ്ങി ഒരു രൂപക്ക് വിറ്റാൽ അയാൾക്ക് എന്തുകിട്ടും?" 'അയാൾക്ക് ജയിൽ കിട്ടും' എന്നു പറഞ്ഞില്ലെങ്കിൽ ഭാഷയെ കണക്കുമായി ബന്ധിപ്പിച്ചു മാത്രം കാണുന്ന ആ കുട്ടി സ്വതന്ത്രഭാരതത്തിലെ കുട്ടിയാണെന്നു പറയാൻ യോഗ്യത നേടുന്നില്ല എന്നാണ് ഗാന്ധിജിയുടെ അഭിപ്രായം. നാം നമ്മുടെ കുട്ടികൾക്ക് നമ്മുടെ കാര്യങ്ങൾ നമ്മുടെ ഭാഷയിൽ പ്രകടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം നല്കണം. ഇത് സ്വന്തം ഭാഷയിലൂടെ വിദ്യാഭ്യാസം നല്കിയാൽ മാത്രമേ സാധിക്കൂ.

ശാസ്ത്രവിദ്യാർത്ഥികൾക്ക് രണ്ട് ഉത്തരവാദിത്തങ്ങളുണ്ട്. അവർക്ക് ഒരേസമയം രണ്ടുഭാഷ പഠിക്കണം. ഒന്ന് ധാരണയുടെ ഭാഷ, മറ്റേത് ശാസ്ത്രഭാഷ. ശാസ്ത്രം പ്രതീകാത്മക ഭാഷയിൽ പ്രസ്താവിക്കുന്നില്ല. നേരിട്ട് കാര്യം പറയുന്നു. ഭയമില്ലാതെ വ്യാഖ്യാനിക്കുന്നു. ഒരു ശാസ്ത്രവിദ്യാർത്ഥി നോൺകൺഫമിസ്റ്റ് ആകണം. ബുദ്ധൻ പറഞ്ഞത് ഓർക്കാം, പ്രായമുള്ളവർ പറഞ്ഞുവെന്നതു

കൊണ്ടുമാത്രം ഒന്നും സ്വീകരിക്കരുത്. "പരീക്ഷിച്ച്, വിലയിരുത്തി മാത്രം സ്വീകരിക്കുക". വിദ്യാഭ്യാസത്തിൽ ഇതൊന്നും ഭാഷയുടെ സ്വാതന്ത്ര്യമില്ലാതെ സാധ്യമല്ല. ഈ സ്വാതന്ത്ര്യം അധ്യാപകർ ന ല്കേണ്ടതാണ്. അധ്യാപകർ ഗണിതമോ ശാസ്ത്രമോ ഏതു പ ഠിപ്പിച്ചാലും ഭാഷയുടെ അധ്യാപകരാണ്. ഭാഷ പഠിപ്പിക്കേണ്ടത് എല്ലാവരുടേയും ഉത്തരവാദിത്വമാണ്; ഭാഷാധ്യാപകരുടെ മാത്ര മല്ല, ഗണിതം, സാമൂഹ്യശാസ്ത്രം, ധനതത്ത്വശാസ്ത്രം മുതലായ വിഷയങ്ങളിലും മൗലികചിന്തകൾ സ്വന്തം ഭാഷയിലൂടെയുള്ള വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധിക്കൂ.

## ഭാഷയും മറ്റു വിഷയങ്ങളും

ഭാഷ നമ്മുടെയെല്ലാം ബുദ്ധിയിലുണ്ട്. അവധാരണയുടെ അടി സ്ഥാനവും ഇതേ ഭാഷയിലൂടെ ഉണ്ടാകുന്നു. സ്വന്തം അനുഭവ ങ്ങളുടെ അടിസ്ഥാനത്തിൽ നാം നമ്മുടെ മനസ്സിൽ തെളിയുന്ന ചിത്രത്തിന് മൂർത്തരൂപം നൽകി അറിവിനെ മുന്നോട്ടുകൊണ്ടുപേ ാകുന്നു. ഗണിതത്തിലും ശാസ്ത്രത്തിലുമെല്ലാം ഭിന്ന വസ്തുക്ക ളുടെ സ്വരൂപത്തെ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നത് ഇത്ത രത്തിലുള്ള അവധാരണകളാണ്. ഉദാഹരണത്തിന് ഭൂമി ഒരു ഗോ ളമാണ്. ഇവിടെ ഗോളമെന്ന ധാരണ സ്വഭാവികമായി നമ്മിൽ ഉണ്ടാകുന്നു. രണ്ട് റൊട്ടി, മൂന്നുസഹോദരന്മാർ എന്നിവയിൽ രണ്ടിനെയും മൂന്നിനെയും ബന്ധിപ്പിക്കാൻ നമുക്കു കഴിയുന്നു. നാലുവയസ്സായ കുട്ടിക്ക് ഇതെല്ലാം ചെയ്യാൻ സാധിക്കും. കസേ രക്ക് ഓരോരുത്തരും അവരുടേതായ അർത്ഥവും രൂപവുമാണ് കല്പിക്കുന്നത്. എങ്ങനെയാണ് ഒരു ധാരണക്ക് മറ്റ് അനേകം ധാരണകളുമായി ബന്ധമുണ്ടാകുന്നതെന്ന് കുട്ടിക്ക് മനസ്സിലാകും. എന്നാൽ സ്ക്കൂളിൽ ഇത് വിശദീകരിക്കുന്നത് കുട്ടികളുടെ മന സ്സിൽ സന്ദേഹമുണ്ടാക്കുന്നു. കുട്ടിക്ക് സ്വന്തം വ്യക്തിത്വം രൂപപ്പെ ടുത്തിയെടുത്ത സ്വന്തംഭാഷയുണ്ട്. സമൂഹത്തിന്റെ ഭാഷയുണ്ട്. പാഠ്യവിഷയത്തിലെ ഭാഷയും പ്രധാനമാണ്. അതിലൂടെയാണ് കുട്ടിക്ക് അറിവുകൾ നേടേണ്ടത്. കുട്ടിക്ക് അറിയാവുന്ന ഭാഷ യിൽ എഴുത്തും വായനയും നടക്കുന്നത് കാര്യങ്ങൾ മനസ്സിലാ ക്കൽ എളുപ്പമാകുന്നു. ഇത് എങ്ങനെ പ്രായോഗികമാക്കും എന്ന് നമുക്കു തീരുമാനിക്കാവുന്നതാണ്. എഴുത്തിന്റെയും വായനയുടെ പ്രാരംഭനാളുകളിൽ സ്വയം ധാരണ സൃഷ്ടിക്കുന്നതിനും വികസി പ്പിക്കുന്നതിനും സ്വന്തം പദം ലഭിച്ചാൽ കാര്യം എളുപ്പമായി. പ്ര തിരൂപം ഉണ്ടാക്കുന്നത് എളുപ്പമാകും.

സ്ക്കൂളിൽ കണക്കു പഠിക്കുമ്പോൾ സിലിണ്ട്രിക്കൽ എന്നതിന് ബേലനാകാർ (ചപ്പാത്തി പരത്തുന്ന ഉരുളൻ വടി) എന്ന പദം ഉപയോഗിക്കുന്നു. ഇതിൽ കൂടി ഉണ്ടാക്കുന്ന പ്രതിരൂപം പന്ത്, വൃത്തം, ഗോളം, വൃത്തരൂപം, ഗോളരൂപം എന്നിവയിൽ എന്തായിരിക്കും?

## സാങ്കേതിക ശബ്ദാവലിയും കുട്ടിയുടെ ധാരണയും

ഇവിടെ കുട്ടിയുടെ പൂർവ്വധാരണയെ പുതിയ അറിവും ശബ്ദാവലിയുമായി ബന്ധപ്പെടുത്താനാണ് ശ്രമിക്കുന്നത്. ബേലനാകാർ എന്നതിനുപകരം വളയുടെയോ പന്തിന്റെയോ ആകാരം എന്ന് എന്തുകൊണ്ടു പറഞ്ഞുകൂടാ. കാന്തത്തിന് ആകർഷണ വികർഷണ പദമാണ് ഉപയോഗിക്കുന്നത്. ഈ പദം സാമാന്യനിലയ്ക്ക് ഉപയോഗിക്കുന്നില്ലെങ്കിൽ അപരിചിതപദങ്ങളുടെ ഭാരം എന്തിന് വലിക്കണം? അതുകൊണ്ട് കുട്ടിയെ സംബന്ധിച്ച് ശക്തി, ഊർജ്ജം, കരുത്ത്, ബലം എന്നീ പദങ്ങൾ ഒരുപോലെയാണ്. എന്നാൽ സാങ്കേതികപദാവലിയിൽ ഇതെല്ലാം വ്യത്യസ്ത അർത്ഥമുള്ളതാണ്. നമുക്ക് കുട്ടിയുടെ ബുദ്ധിപ്രവർത്തിപ്പിക്കാൻ കഴിയണം. എൻ. സി.ഇ.ആർ.ടിയുടെ പുസ്തകത്തിലെ ചില ഉദാഹരണങ്ങൾ –

### സീമയുടെ ശതകം

*സീമ വ്യത്യസ്ത ആകൃതിയിലുള്ള പൊട്ടുകൾകൊണ്ട് ഒരു ഡിസൈൻ വരച്ചു.*



- വ്യത്യസ്ത ആകൃതിയിലുള്ള പൊട്ടുകൾ സൂക്ഷ്മമായി നിരീക്ഷിച്ച് ആകെ എത്ര പൊട്ടുകളു ണ്ടെന്ന് ഊഹിക്കു.
- കുറച്ചുകൂടി പൊട്ടുകൾ ചേർ ത്താൽ നൂറുപൊട്ടുകളാകും. ഇനി എത്ര പൊട്ടുകൾ കൂടിവേണം.

*പ്രഭവം: കണക്കിലെ ഇന്ദ്രജാലം, പു.2 ക്ലാസ്സ് 2,* എൻ.സി.ഇ.ആർ.ടി

ചുറ്റുപാടുള്ള ജീവിതവുമായി ബന്ധിപ്പിച്ചുകൊണ്ട് എത്ര സ്വഭാവികമായാണ് കണക്കു പഠിക്കുന്നത്.

## ഇലകൾ

*എല്ലാ ഇലകളുടെയും നിറവും ആകൃതിയും അരികും ഒരുപോലെയാണോ?*
*ദയാറാം : ഇത്രയും വ്യത്യസ്തമായ ഇലകൾ ഉണ്ടെന്നു എനിക്ക് അറിയില്ലായിരുന്നു. നോക്കൂ, വട്ടത്തിൽ, നീളത്തിൽ, ത്രികോണാകൃതിയിൽ.*
*അമ്മു : ഇവയുടെ നിറവും വ്യത്യസ്തമാണല്ലോ. ചിലത് ഇളംപച്ച, ചിലത് കടുംപച്ച, ചിലത് മഞ്ഞനിറം, ചുവപ്പ്, വയലറ്റ്. ഒരു പച്ചയിലയിൽ വെളുത്ത പാടുകളുമുണ്ട്.*
*ശബ്നം : ഇലകളുടെ വക്കുകളും പലതരത്തിലാണ്. ചിലതു നേരെയാണ്, ചിലത് മുറിച്ചെടുത്തപോലെ, ചിലത് ഈർച്ചവാളിന്റെ പല്ലുപോലെയും 'ചെടികളുടെ ദേവത ഞാനാകാം' എന്ന് അമ്മുവും ശബ്നവും ഒരുമിച്ചു പറഞ്ഞു.*
*കുറച്ച് ഇലകൾ സംഘടിപ്പിക്കാം - നാരകം, മാവ്, തുളസി, പുതീന, മല്ലി. എന്നിട്ട് അതിനെ കൈയിലിട്ടു തിരുമ്മി മണത്തുനോക്കൂ. എല്ലാത്തിന്റെയും മണം ഒരുപോലെയാണോ? മണത്തിലൂടെ ഇലകൾ ഏതെന്നു പറയാൻ കഴിയുമോ?*
*നോക്കൂ ഉണങ്ങിയ ഇലകൊണ്ടുണ്ടാക്കിയ ഈ ചിത്രം എത്ര സുന്ദരമാണ്. നിങ്ങളുടെ കോപ്പി പുസ്തകങ്ങളിൽ ഉണങ്ങിയ ഇലകൾകൊണ്ട് ജന്തുക്കളുടെ ചിത്രം വരയ്ക്കുക*

*പ്രഭവം: ചുറ്റുവട്ടം -പരിസ്ഥിതി പഠനം -ക്ലാസ്സ്3*

*മരുഭൂമിയിലെ ജനങ്ങൾ അവരുടെ അനുഭവങ്ങളെ പ്രയോഗത്തിൽ കൊണ്ടുവരാനായി ശാസ്ത്രം വികസിപ്പിച്ചെടുത്തു. ഇതനുസരിച്ച് മനുഷ്യർക്ക് ലഭ്യമാകുന്ന ജലം മൂന്നുവിധമായി തിരിച്ചിരിക്കുന്നു. ആദ്യരൂപം (പാലർപാനി) മഴവെള്ളം. ഇത് ഭൂമിയിൽ ഒഴുകി കുളങ്ങൾ, നദികൾ മുതലായവയിൽ സംരക്ഷിച്ചു നിർത്തുന്നു. മറ്റൊന്നു (പാതാളപാനി) ഭൂഗർഭജലം. കിണറുകളിലും മറ്റും ഉറവയായി കിട്ടുന്ന ജലമാണിത്. ഇതിനു രണ്ടിനും ഇടക്കാണ് മൂന്നാമത്തെരൂപമായ രേജാണി പാനി. ഭൂമിക്കു താഴെപോയതും പാതാളത്തിൽ എത്തിയതുമല്ലാത്തതാണ് ഈ ജലം.*

*പ്രഭവം: വിതാനഖണ്ഡം 1 ക്ലാസ്സ് 2 എൻ.സി.ഇ.ആർ.ടി*

ഈ രണ്ട് ഉദാഹരണങ്ങളും പരിസ്ഥിതിയെ സ്വാഭാവികമായ രീതിയിൽ പരിചയപ്പെടുത്തുന്നു. രണ്ടാമത്തെ ഉദാഹരണത്തിൽ പാലർപാനി, പാതാളപാനി, രേജാണിപാനി മുതലായ ഗ്രാമീണപദങ്ങൾ സ്വാഭാവികമായ രീതിയിൽ പറഞ്ഞു തരുന്നു. സാങ്കേതിക പദാവലി ഉപയോഗിക്കുന്നില്ല. കുട്ടി മനപ്പാഠമാക്കാതെതന്നെ ഇത് എളുപ്പത്തിൽ മനസ്സിലാക്കുന്നു.

## മറ്റുചില ഉദാഹരണങ്ങൾ



ഇന്ന് സുഗന്ധ വളരെ സന്തോഷവതിയാണ്. അവളുടെ സ്കൂളിലെ കുട്ടികൾ അധ്യാപകർക്കൊപ്പം ഭോപ്പാൽ സന്ദർശിക്കാൻ പോകുന്നു. മീനാക്ഷി ടീച്ചറും രാകേഷ്സാറും ആകെ എത്ര ബസ്സ് ആവശ്യമാണെന്ന് പരസ്പരം ചോദിക്കുന്നു.

മീനാക്ഷി ടീച്ചർ: നമുക്ക് നാലുബസ്സുകൾ വേണം

രാകേഷ് സർ : അഞ്ചു ബസ്സുകൾ വേണ്ടി വരുമെന്നാണ് എനിക്കു തോന്നുന്നത്.

മീനാക്ഷി ടീച്ചർ: ഓരോ ബസ്സിലും 50സീറ്റുണ്ട്.

രാകേഷ് സർ : എത്രകുട്ടികളാണ് പോകുന്നതെന്ന് ആദ്യം കണക്കാക്കാം.

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം |
|---|---|
| I | 33 |
| II | 32 |
| III | 42 |
| IV | 50 |
| V | 53 |
| ആകെ | 210 |




- ആകെ ............. കുട്ടികളാണ് പോകുന്നത്.
- നാലു ബസ്സുകളാണ് കിട്ടുന്നതെങ്കിൽ എത്ര കുട്ടികൾക്ക് യാത്ര ചെയ്യാം?
- ആർക്കെങ്കിലും സീറ്റു കിട്ടാതെ വരുമോ?




*പ്രഭാവം: കണക്കിലെ ഇന്ദ്രജാലം, പുസ്തകം 2. ക്ലാസ്സ് 2, എൻ.സി.ഇ.ആർ.ടി.*

## വേഗം - വേഗം എത്രയും വേഗം

കുട്ടികൾ ക്ലാസ്സിൽ വട്ടത്തിലിരിക്കുകയാണ്. അവർ പാടുന്ന തിനൊപ്പം കളിക്കുകയും ചെയ്യുന്നു.

നീളമെന്ത് വട്ടമെന്ത്?
വേഗം പറയൂ വേഗം പറയൂ

റീന പറഞ്ഞു -




എല്ലാ കുട്ടികളും പാടുന്നു -
നീളമെന്ത് വട്ടമെന്ത്?
വേഗം പറയൂ വേഗം പറയൂ
മോനു പറഞ്ഞു -




ഇങ്ങനെ കളി തുടർന്നു.

♦ ഈ കളി നിങ്ങളുടെ ക്ലാസ്സിലും കളിക്കാം. ഓരോരുത്ത രായി നീളത്തിലും വട്ടത്തിലുമുള്ള ഓരോ വസ്തുവിന്റെ പേ രുപറയുക. കളിയിൽ ഒരു വസ്തുവിന്റെ പേര് ഒരു തവണ മാത്രമേ പറയാവൂ. ആവർത്തിക്കരുത്.

*പ്രഭവം: കണക്കിലെ ഇന്ദ്രജാലം, പുസ്തകം.2*
*ക്ലാസ്സ് 2, എൻ.സി.ഇ.ആർ.ടി.*

## ഭീംബേട്കയിലേക്ക്

ബസ്സുകളിൽ ഡീസൽ നിറച്ചുശേഷം യാത്ര തുടർന്നു. ഇനി ഭീംബേട്കയിലേക്കാണ് പോകുന്നതെന്ന് കുട്ടികളോടു പറഞ്ഞു.

അഞ്ജന : ഭീംബേട്ക എന്താണ്?

റൈന ടീച്ചർ : ധാരാളം ഗുഹകളുള്ള ഒരു സ്ഥലമാണ്. ഗുഹ കളിൽ ധാരാളം ഗുഹാചിത്രങ്ങളുണ്ട്. പതിനായിരംകൊല്ലം മുമ്പുണ്ടായിരുന്ന ചിത്രങ്ങളാണ്.

സുമോന്തോ : പതിനായിരം കൊല്ലം! ആയിരംകൊല്ലം മുമ്പുള്ള കാര്യംകൂടി എനിക്ക് ചിന്തിക്കാൻ വയ്യ.

ഗോപി : ആയിരംകൊല്ലംപോലും എനിക്കുവലുതാണ്. നൂറുവർഷം മുമ്പത്തെ കാര്യംപോലും എനിക്ക് ആലോചിക്കാൻ വയ്യ.

ഗൗരി : എനിക്ക് നൂറുവർഷത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയും കാരണം എന്റെ അച്ഛന്റെ മുത്തശ്ശിക്ക് നൂറുവയസ്സായി.

മൻജിത് : അതിനർത്ഥം ഈ ഗുഹകൾ നൂറുമുതുമുത്തശ്ശിമാരുടെ പഴക്കമുള്ളതാണ്!

എല്ലാവരുംകൂടി ഉറക്കെ ചിരിച്ചു. ഹ!ഹ!ഹ!
കുട്ടികൾ ഗുഹകളിലെ ചിത്രങ്ങൾ കാണാൻ ആഗ്രഹിച്ചിരുന്നു ഏകദേശം 11മണിയോടെ അവർ ഭീംവേട്കയിലെത്തി.




*പ്രഭവം: കണക്കിലെ ഇന്ദ്രജാലം, പുസ്തകം.2*
*ക്ലാസ്സ് 2, എൻ.സി.ഇ. ആർ.ടി.*

| | | |
|---|---|---|
| ശങ്കർ | : | ഈ ചിത്രത്തിൽ വലിയ കാളകളുണ്ട്. എനിക്ക് ഒരു ആശയം തോന്നുന്നു. ഈ ചിത്രങ്ങളിലെ കാളകളുടെ എണ്ണം ഞാൻ എടുക്കാം. നീ മാനുകളെ എണ്ണിക്കോ |
| ബോനോമാല | : | ഞാൻ ആളുകളെ എണ്ണാം. കാളകളാണോ മാനുകളാണോ, ആളുകളാണോ അധികമുള്ളതെന്നു നോക്കാം. |




- ഇവിടെ കാളകളേക്കാൾ എത്ര മാനുകൾ....കൂടുതലുണ്ട്? ബോനോമാലയാണ് സന്തോഷിച്ചത്. കാരണം ആളുകളുടെ എണ്ണം കാളകളും മാനുകളും ചേർന്നാലുള്ള സംഖ്യയേക്കാൾ കൂടുതലായിരുന്നു. പക്ഷേ അവളുടെ എണ്ണം 200ൽ കുറവായിരുന്നു.
- അവൾ എത്ര ആളുകളെയാണ് എണ്ണിയത്?

214, 154, 134, 177

ആകെ 600 ഗുഹാചിത്രങ്ങളുണ്ടെന്നാണ് ഗൈഡ് പറഞ്ഞത്

ഇനി നമുക്ക് ഭീംബേട്കയിൽനിന്നും യാത്രപുറപ്പെടാം

*കണക്കിലെ ജാലവിദ്യ, പു.2. ക്ലാസ്സ് 2 എൻ.സി.ഇ.ആർ.ടി.*

ഈ ഉദാഹരണങ്ങളെല്ലാം വിഷയങ്ങളെ ഭാഷയിലൂടെ സ്വാഭാവികമായി അവതരിപ്പിക്കുന്നതിനുള്ള നല്ല ശ്രമമാണ്.

# ഉന്നതവിദ്യാഭ്യാസവും മറ്റുവിഷയങ്ങളും

പ്രാരംഭഘട്ടത്തിൽ ഈ ഭാഷകളെ ഉപയോഗിച്ച് അതിൽ വിദ്യാഭ്യാസം നല്കിയശേഷം പിന്നീട് എന്തുചെയ്യണം എന്നതുമായി ബന്ധപ്പെട്ടതാണ് രണ്ടാമത്തെ പ്രശ്നം. പത്താംക്ലാസ്സുവരെ ഈ ഭാഷകളിൽ വിദ്യാഭ്യാസം നേടിയെന്നു കരുതുക. തുടർന്നുള്ള പഠനം ഏതുഭാഷയിൽ എങ്ങനെ നടത്തും. പത്താംക്ലാസ്സുവരെ സന്താലിഭാഷയിൽ വിദ്യാഭ്യാസം ചെയ്തശേഷം 11-ാംക്ലാസ്സിലോ എഞ്ചിനിയറിംഗ്, മെഡിസിൻ മുതലായവയ്ക്ക് ചേർന്നാലോ അവരുടെ പഠിത്തം ഏതുഭാഷയിലായിരിക്കും. ബി.എ., എം.എ. കോഴ്സുകൾക്കു ചേർന്നാൽ ഏതുഭാഷയിലായിരിക്കും പഠനം തുടരുക. സന്താലി പോലുള്ള ഭാഷകളിൽ പഠനം തുടരാൻ നമ്മുടെ സർവകലാശാലകൾ സജ്ജമാണോ? സന്താലിയിൽ പഠനം തുടരാൻ കഴിഞ്ഞാലും ജോലികിട്ടാൻ സാധ്യതയുണ്ടോ? എന്നത് മൂന്നാമത്തെ പ്രശ്നമാണ്. ജോലികിട്ടിയില്ലെങ്കിൽ എന്തുചെയ്യും? കിട്ടാതിരിക്കാൻ കാരണമെന്താണ്? സ്വന്തം ഭാഷയിൽ വിദ്യാഭ്യാസം ലഭിച്ചവർക്ക് ജോലി നൽകാൻ കഴിയില്ലെന്നത് എന്തുതരം വ്യവസ്ഥയാണ്. ഇവിടെ ജോലി കിട്ടാൻ ഇംഗ്ലീഷ് പരിജ്ഞാനം അത്യാവശ്യമാണ്. ഇന്ന് ലോകം മുഴുവൻ നേരിടുന്ന തകർച്ചയുടെയും മാന്ദ്യത്തിന്റെയും പശ്ചാത്തലത്തിൽ ഇംഗ്ലീഷ് പരിജ്ഞാനംകൊണ്ടുമാത്രം കാര്യമില്ലെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. കുട്ടികളെയും സമൂഹത്തെയും അത് ബോധ്യപ്പെടുത്താൻ നമുക്ക് കഴിയണം.

പ്രാഥമിക വിദ്യാഭ്യാസം തൊട്ട് രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥവരെ ഇത് പടർന്നിരിക്കുന്നു. ഇത് വെറും ധാരണയുടെ മാധ്യമത്തിന്റെ പ്രശ്നം മാത്രമല്ല ധാരണയുടെ മാധ്യമം സ്വായത്തമായശേഷം ജീവിക്കാനുള്ള മാധ്യമം എന്തായിരിക്കണമെന്നും ധാരണ ഉണ്ടായാലും നാം എങ്ങനെ ജീവിക്കും എന്നതും ഒരുപ്രശ്നമാണ്. ഇത്തരത്തിലുള്ള സാമ്പത്തികവ്യവസ്ഥയും സാമൂഹികവ്യവസ്ഥയും ഉണ്ടാകുന്നതുവരെ ധാരണയുടെ മാധ്യമമെന്ന നിലയിൽ നമ്മുടെ മാതൃഭാഷകൾക്കും രാജ്യത്തെ

> *ഉന്നതവിദ്യാഭ്യാസത്തിലും ഈ ധാരണയോടുകൂടി സംബന്ധിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. പക്ഷേ, ചില വസ്തുതകൾ പരിശോധിക്കണം. എല്ലാ ഭാഷകളിലും ഇത്രയും പഠനസാമഗ്രികൾ ലഭ്യമാണോ ലോകത്തിൽ വിദ്യാഭ്യാസത്തെക്കുറിച്ചു നടന്ന ചിന്തകൾ എല്ലാഭാഷകളിലും ലഭിക്കുന്നുണ്ടോ?*
>
> *— ഒരു പ്രതിനിധി*

ആയിരക്കണക്കിനു ഭാഷകൾക്കും യാതൊരു ഭാവിയും കാണുന്നില്ല. അതിനാൽ എത്രയോ ഗ്രാമങ്ങളിൽ ഹിന്ദിയെയോ ഇംഗ്ലീഷിനെയോ എത്ര പരിഹസിച്ചാലും മാതാപിതാക്കൾ കുട്ടികളെ ഹിന്ദിയോ ഇംഗ്ലീഷോ പഠിപ്പിക്കാൻ നിർബന്ധിതരായിത്തീരുന്നു. ഏറ്റവും നല്ലത് ഇംഗ്ലീഷ് പഠിപ്പിക്കലാണ്. എന്തൊക്കെയായാലും ജീവിക്കുന്നതിനുള്ള തൊഴിൽ ലഭിക്കുമെന്ന് അവർക്ക് ഉറപ്പുണ്ട്. നാം സൃഷ്ടിച്ച ഈ സമൂഹത്തെ മാറ്റേണ്ടതുണ്ട്. എന്നാൽ മാത്രമേ ബോധന മാധ്യമം സ്വന്തം ഭാഷയായി മാറുകയുള്ളു.

റഷ്യയും ജപ്പാൻ ചൈന മുതലായ മറ്റുരാജ്യങ്ങളും സ്വന്തം ഭാഷയിൽ വിദ്യാഭ്യാസം ആരംഭിച്ച് സർവകലാശാലാതലം വരെ അത് തുടരുന്നുണ്ട്. ജർമ്മിനിയും അതു ചെയ്തു. ചൈനയും അതുചെയ്യുന്നു. ഇംഗ്ലീഷിനോട് ആഭിമുഖ്യമുണ്ടെങ്കിലും ചീനി ഭാഷ അറിവിന്റെ ഭാഷയായി അവിടെ മാറിയിരിക്കുന്നു. പ്രാഥമികതലം തൊട്ട് ഉന്നതതലം വരെ എന്നാൽ ഇവിടെ അങ്ങനെയല്ല. അതിനാൽത്തന്നെ ഇവിടെ നമ്മുടെ ഭാഷ അറിവിന്റെ ഭാഷയായി മാറിയില്ല. സ്വാതന്ത്ര്യത്തിനുമുമ്പ് പലമേഖലകളിലും പണ്ഡിതന്മാരുണ്ടായിരുന്നു, ഒപ്പം തന്നെ മൗലികമായ ചിന്തകളും. എന്നാൽ പിന്നീട് അത് കുറഞ്ഞു. ജഗദീശ് ചന്ദ്രബോസ് തന്റെ അനേകം ഗ്രന്ഥങ്ങൾ ബംഗാളിയിലാണ് എഴുതിയത്. ഇതിൽനിന്നും പ്രേരണയുൾക്കൊണ്ട് ശാസ്ത്രജ്ഞനായ ജയന്ത് നാർലിക്കർ മറാഠിയിലും ഹിന്ദിയിലും പുസ്തകങ്ങൾ എഴുതി. മേഘനാദ് സാഹയും തന്റെ ഗ്രന്ഥങ്ങൾ ബംഗാളിഭാഷയിലാണ് എഴുതിയത്. ഇങ്ങനെ അറിവിന്റെ മേഖലയിൽ സ്വന്തം ഭാഷയിൽ- മറാഠി, ബംഗ്ള, തെലുഗു, തമിഴ്, മലയാളം മുതലായവയിൽ പുസ്തകങ്ങൾ രചിച്ചുകൊണ്ട് അറിവ് വർദ്ധിപ്പിച്ചു. പക്ഷേ പിന്നീട് അത് കുറഞ്ഞുവന്നു. അത് വർദ്ധിപ്പിക്കേണ്ടതാണ്. നമ്മുടെ ലക്ഷ്യം സ്വീകാര്യത മാത്രമായതിനാലാണ് അത് കുറഞ്ഞത്. സമ്പാദിക്കുവാൻ വേണ്ടി ആളുകളെ സജ്ജരാക്കുകയാണ് ചെയ്തത്. രാജ്യം മുഴുവൻ ഉല്പന്നങ്ങൾ വില്ക്കാനുള്ള ആളുകളെ സൃഷ്ടിച്ചു. വില്ക്കുന്നവരെ സഹായിച്ചു. വില്പനക്കുള്ള സാധനങ്ങൾ പുറത്തുനിന്നു കൊണ്ടുവന്നു. ഈ അവസ്ഥ മാറ്റാൻ സ്വന്തം ഭാഷയിൽ വിദ്യാഭ്യാസം നൽകുന്നതിൽ ഊന്നൽ നല്കണം. നമ്മുടെ ഭാഷയെ അറിവിന്റെ ഭാഷയായി മാറ്റണം. ഇതിനുവേണ്ടി വിഭിന്ന ഭാഷകൾ, വ്യത്യസ്തമായ അറിവുകൾ തമ്മിൽ സംവാദമുണ്ടാകണം. ഇന്ന് അറിവിന്റെ ഭാഷ ഇംഗ്ലീഷിൽനിന്നും വ്യത്യസ്തമായ അനേകം മേഖലകളിൽ സംവാദത്തിനിന് സാധ്യത തരുന്നുണ്ട്.

*1917നുശേഷം റഷ്യ സൃഷ്ടിച്ച സമൂഹത്തിൽ ചെറിയ ഭാഷകൾക്കും സ്ഥാനം നൽകിയിരുന്നു. ദാഗിസ്ഥാനിലെ മഹമൂദ് റസൂൽ ഹംസാതോവ് എന്ന പ്രശസ്ത എഴുത്തുകാരൻ തന്റെ കുടുംബത്തിൽ ആദ്യമായി വിദ്യാഭ്യാസം ലഭിച്ച വ്യക്തിയാണ്. അദ്ദേഹത്തിന്റെ ഭാഷ അവാർ ആണ്. അവാർ ഭാഷ സംസാരിക്കുന്നവർ 2-4 ലക്ഷം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ അതിലും കുറവായിരിക്കും. പക്ഷേ ഈ ഭാഷയിലും വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തതിന്റെ ഫലമാണ് ഈ എഴുത്തുകാരൻ. 'എന്റെ ദാഗിസ്ഥാൻ' എന്ന അദ്ദേഹത്തിന്റെ കൃതി പ്രശസ്തമാണ്. മറ്റൊരു ഭാഷയിലും അത്തരം ഒരു കൃതി കാണില്ല. ലോകത്തിലെ മിക്ക ഭാഷകളിലും അതിന്റെ വിവർത്തനങ്ങളുണ്ടായി. വെറും രണ്ടുലക്ഷം പേർ സംസാരിക്കുന്ന ഭാഷയിൽ എഴുതപ്പെട്ട ഈ കൃതി ലോകത്തിലെ മികച്ച ഗ്രന്ഥങ്ങളിലൊന്നായി കണക്കാക്കുന്നു. എന്നാൽ ആഫ്രിക്കയിൽ ഇങ്ങനെ സംഭവിക്കുന്നില്ല. അവിടത്തെ ഭാഷയിൽ അറിവിന്റെ രചനകൾ കുറവാണ്. കെനിയൻ എഴുത്തുകാരനായ അംഗൂഗി ഇംഗ്ലീഷ് ഭാഷയിലെഴുതിയാണ് പ്രശസ്തനായത്. പക്ഷേ സ്വന്തം ഭാഷയായ കികിയുവിൽ എഴുതിയപ്പോൾ ബഹിഷ്കൃതനായി. ഇന്നും പ്രവാസിയായി കഴിയേണ്ടിവരുന്നു. നമ്മുടെ നാട്ടിലും ഇപ്പോഴും ഇത്തരം പ്രശ്നങ്ങളുണ്ട്. സ്വന്തം ഭാഷയിലെ നല്ല എഴുത്തുകാർക്ക് ഒരു മൂലയിൽ ഒതുങ്ങി കഴിയേണ്ടിവരുന്നു. ഈ വിഷമഘട്ടത്തെ തരണം ചെയ്യാൻ റഷ്യ, ജർമൻ, ചൈന, ജപ്പാൻ മുതലായ ദേശങ്ങളിൽനിന്നും പഠിക്കേണ്ടതുണ്ട്. നമ്മുടെ ഭാഷയെ അറിവുമായി ബന്ധിപ്പിക്കേണ്ടതുണ്ട്.*

*— ഒരു പ്രതിനിധി*

## എന്റെ അനുഭവം

മാതൃഭാഷയോട് എനിക്ക് അതിയായ പ്രേമമുണ്ടെങ്കിലും ഇന്നു വരെ ഭൂമിതി, ബീജഗണിതം മുതലായ പദങ്ങളുടെ ഗുജറാത്തി രൂപം എനിക്കറിയില്ല. ഞാൻ ഇംഗ്ലീഷിനുപകരം ഗുജറാത്തിയിലാണ് പഠിച്ചതെങ്കിൽ അങ്കഗണിതം, ഭൂമിതി, ബീജഗണിതം, രസായനശാസ്ത്രം, ഖഗോളവിദ്യ മുതലായവയെക്കുറിച്ച് പഠിക്കാൻ നാലുവർഷമെടുത്തത് ഒരുവർഷത്തിനുള്ളിൽ പഠിക്കാൻ കഴിയുമായിരുന്നുവെന്ന് ഇപ്പോൾ തോന്നുന്നു. ഈ വിഷയങ്ങളിലുള്ള അറിവും കുറേക്കൂടി എളുപ്പവും സ്പഷ്ടവും ആകുമായിരുന്നു. എന്റെ ഗുജറാത്തി പദകോശവും കൂടുതൽ സമ്പന്നമാകുമായിരുന്നു. ഈ അറിവിനെ എനിക്ക് വീട്ടിലുപയോഗിക്കാൻ കഴിയുമായിരുന്നു.

× × ×

ഞാൻ ആഗ്രഹിക്കുന്നത് ഇംഗ്ലീഷിലെ രത്നങ്ങൾ മാത്രമല്ലമറിച്ച് ലോകത്തിലെ മറ്റുഭാഷകളിലെ രത്നങ്ങളും നാം നമ്മുടെ രാജ്യത്തെ പ്രാദേശികഭാഷകളിലേക്കു കൊണ്ടുവരണം എന്നാണ്. രവീന്ദ്രനാഥിന്റെ കൃതികളുടെ സവിശേഷതകൾ അറിയാൻ എനിക്ക് ബംഗാളി ഭാഷ പഠിക്കേണ്ട ആവശ്യമില്ല. എനിക്കു നല്ല വിവർത്തനങ്ങളിലൂടെ അവ എനിക്കു ലഭ്യമാണ്. ഗുജറാത്തിയിലെ കുട്ടികൾക്ക് ടോൾസ്റ്റോയിയുടെ കഥകൾ ആസ്വദിക്കാൻ റഷ്യൻ ഭാഷ പഠിക്കേണ്ടതില്ല. അവർക്ക് നല്ല വിവർത്തനങ്ങൾ വായിക്കാൻ ലഭിക്കും.

× × ×

ബോധനമാധ്യമം ഏതുനിലയ്ക്കും മാറ്റേണ്ടതാണ് പ്രദേശികഭാഷകൾക്ക് ഉചിതമായ സ്ഥാനം നൽകണം.

*— ഹരിജൻ 9.7.38. പു. 177 മഹാത്മഗാന്ധിയുടെ പ്രവർത്തനങ്ങൾ ഭാ.5*

5

# ഭാഷകൾ തമ്മിൽ സംവാദം

**ഇംഗ്ലീഷ് – ഹിന്ദി സന്ദർഭത്തിൽ**

- **ഇംഗ്ലീഷും ഹിന്ദിയുമായുള്ള ബന്ധം**
- **1967നുശേഷം**
- **1987 കാലഘട്ടം**
- **മാറ്റത്തിന്റെ പുതിയ.യുഗം**
- **ഇംഗ്ലീഷിന്റെ വളർച്ചയുടെ ചരിത്രം**
- **പുതിയ പദങ്ങളുടെ അനിവാര്യത**



**ഇംഗ്ലീഷും ഹിന്ദിയുമായുള്ള ബന്ധം**

സ്വാതന്ത്ര്യസമരകാലത്തും പന്നീടും നടന്ന ദേശീയ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ഇംഗ്ലീഷും മറ്റു ഭാഷകളുമായുള്ള ബന്ധം ചിലപ്പോൾ മെച്ചപ്പെട്ടതും പലപ്പോഴും പ്രശ്നപൂർണവുമായിരുന്നിട്ടുണ്ട്. 1947 വരെ പരസ്പരബന്ധം നന്നായിരുന്നു.

അക്കാലത്ത് നടന്ന നിരവധി കാര്യങ്ങൾ ഹിന്ദിക്കുവേണ്ടിയും സ്വാതന്ത്ര്യത്തിനുവേണ്ടിയുമായിരുന്നു. മനസ്സിൽ സ്വന്തം ഭാഷയോട് മമത പുലർത്തുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു. എങ്കിലും ഇംഗ്ലീഷിനെ വെറുത്തില്ല. സ്വാതന്ത്ര്യസമരകാലത്ത് ഒരുകാര്യം വ്യക്തമായി. മഹാനായ ശാസ്ത്രജ്ഞൻ ജഗദീശ് ചന്ദ്രബസു തന്റെ എല്ലാകൃതികളും ബംഗാളി ഭാഷയിലാണ് രചിച്ചത്. ലക്ഷ്മൺ ശാസ്ത്രി സ്വന്തം ഭാഷയിലും ഇംഗ്ലീഷിലും എഴുതിയിട്ടുണ്ട് എന്നാൽ 1947നു ശേഷം സാഹചര്യം മാറി. അതിനുശേഷം ഇംഗ്ലീഷിന്റെ പ്രഭാവം ആരംഭിച്ചു. പല ചരിത്രകാരന്മാരും ഹിന്ദി സാഹിത്യ ചരിത്രം ഹിന്ദിയിലല്ല മറിച്ച്, ഇംഗ്ലീഷിലാണ് എഴുതിയത്. സാമൂഹിക ശാസ്ത്രജ്ഞരിൽ പൂരൻചന്ദ് ജോഷിയല്ലാതെ മറ്റുള്ളവരെല്ലാം മിക്കവാറും ഇംഗ്ലീഷിൽ എഴുതുന്നവരാണ്.

## 1967നുശേഷം

1967നു ശേഷം സ്ഥിതിയിൽ മാറ്റമുണ്ടായി. സൂക്ഷ്മമായി നിരീക്ഷി

ച്ചാൽ ഇരുപതുകൊല്ലത്തിനിടയിൽ ഈ ഭാഷകളുടെ ബന്ധത്തിൽ മാറ്റമുണ്ടായി. 1967കാലഘട്ടം ഇംഗ്ലീഷ് വിരോധകാലമായി പറയാവുന്നതാണ്. വാഹനങ്ങളുടെ നമ്പർപ്ലേറ്റുകളും വഴിവക്കിലെ ബോർഡുകളും മാറ്റിയെഴുതപ്പെട്ടു. ബീഹാറിലും ഉത്തർപ്രദേശിലും ഈ വിരോധം കൂടുതലായിരുന്നു. ഇംഗ്ലീഷിനെതിരെ സമരം നടത്തിയവർ തങ്ങളുടെ കുട്ടികൾ എവിടെ എങ്ങിനെയാണ് പഠിക്കുന്നതെന്നു മറന്നുപോയി. അന്ന് ഇംഗ്ലീഷ്മീഡിയത്തിൽ പഠിക്കുന്നവരിൽ ഇതിന്റെ സ്വാധീനം എന്തായിരുന്നുവെന്നും അതിനാൽ വിലയിരുത്തേണ്ടതാണ്. മറ്റൊന്ന് ഇംഗ്ലീഷ് പഠിക്കാതെ നല്ലനിലയിലെത്തിയവരും ഉണ്ടെന്ന കാര്യവും ശ്രദ്ധിക്കേണ്ടതാണ്. അവർക്ക് എന്തെങ്കിലും വിഷമങ്ങൾ നേരിട്ടുവോ എന്നും അന്വേഷിക്കേണ്ടതാണ്. വളരെ മുമ്പേതന്നെ ഇതു തുടങ്ങിയിരുന്നുവെന്ന് നെഹ്റുവിന്റെ 'ഇന്ത്യയെ കണ്ടെത്തലി'ലെ വിവരണത്തിൽനിന്നും മനസ്സിലാക്കാം. "ഇംഗ്ലിസ്ഥാന്റെ രണ്ടുരൂപങ്ങളിൽ ഏതു ഇംഗ്ലിസ്ഥാനാണ് ഹിന്ദുസ്ഥാനത്തിലെത്തിയത്?" ഷേക്സ്പിയറുടെയും മിൽട്ടന്റെയുമോ; ഉദാരവാദികളായ എഴുത്തുകാരുടെയും വീരോദാത്തപ്രവൃത്തികൾ ചെയ്തവരുടെയുമോ? രാഷ്ട്രീയവിപ്ലവത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി സമരം ചെയ്തവർ; ശാസ്ത്രവും വ്യവസായവും വികസിപ്പിച്ച് മുന്നേറുന്നവരുടെയോ ഇംഗ്ലിസ്ഥാനാണോ ഇവിടെ വന്നത്? അതോ സ്വത്തുകവർച്ച ചെയ്യാൻ വന്ന പട്ടാളക്കാരുടെയോ? ക്രൂരമായി പെരുമാറിയവരോ, നാടുവാഴിത്തസ്വഭാവികളോ, പിന്തിരിപ്പന്മാരോ ആയ ഇംഗ്ലിസ്ഥാനോ? (ഹിന്ദുസ്ഥാന്റെ കഥ-പു. 333). ഈ വ്യാപാരികൾ സ്പെയിനിലേതായാലും പോർച്ചുഗീസായാലും ഈ വലിയ വലിയ ചോദ്യം ഉയരുന്നുണ്ട്. വളരെ കുറച്ച് ആളുകളുടെ ഒരു പ്രത്യേകവർഗമെന്നനില സൃഷ്ടിക്കപ്പെട്ടു. അവർ സ്വന്തം കാര്യങ്ങളെല്ലാം ഇംഗ്ലീഷിൽ ചെയ്തുകൊണ്ടിരുന്നു. അവർക്ക് എല്ലാവിധ പ്രോത്സാഹനവും കിട്ടുകയും അവർ അഭിവൃദ്ധിപ്പെടുകയും ചെയ്തു. സന്തുലനം ഇല്ലാതായി. ഭൂരിപക്ഷം പേരും പിന്തള്ളപ്പെട്ട അവസ്ഥയിലായി.

വിദ്യാലയങ്ങളിൽ ഹിന്ദിയുടെയും ഇംഗ്ലീഷിന്റെയും കാഴ്ച വ്യത്യസ്തമായിരുന്നു. അവിടെ മുമ്പ് ഒന്നു മുതൽ അഞ്ചുവരെയുള്ള ക്ലാസ്സുകളിൽ ഇംഗ്ലീഷ് ഇല്ലായിരുന്നു. ആറാംക്ലാസ്സു മുതൽ ഇംഗ്ലീഷ് പഠനം തുടങ്ങും. അധ്യാപകരുടെ ഇംഗ്ലീഷ് വ്യാകരണപരിജ്ഞാനം വളരെ മെച്ചപ്പെട്ടതായിരുന്നു. പക്ഷേ അവർക്ക് സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. എഴുത്തിൽ പ്രകടിപ്പിക്കുന്ന

വൈദഗ്ധ്യം സംസാരിക്കുന്നതിൽ ഉണ്ടായിരുന്നില്ല. ആ കാലം ആളുകളെ രണ്ടായി വിഭജിച്ചിരുന്നു. ഒരു കൂട്ടർ ഇംഗ്ലീഷിൽ ജോലി ചെയ്യുന്നവർ; മറ്റൊരു വിഭാഗം അതിനെ എതിർക്കുന്നവർ.

## 1987 കാലഘട്ടം

1987ലെത്തുമ്പോൾ ഇലക്ട്രോണിക്-നവമാധ്യമങ്ങളുടെ വിശാല ലോകമാണ് മുന്നിൽ പ്രത്യക്ഷപ്പെടുന്നത്. വിനിമയവിപ്ലവത്തിന്റെ കാലമായിരുന്നു അത്. മറ്റൊരു ലോകത്തിന്റെ പ്രതീതി ഉണ്ടാകുകയും ഇംഗ്ലീഷില്ലെങ്കിൽ കുട്ടി പിന്തള്ളപ്പെടുമെന്ന തോന്നൽ ബലപ്പെടുകയും ചെയ്തു. ഗ്രാമങ്ങളിൽപോലുംഇംഗ്ലീഷ്മീഡിയം സ്ക്കൂളുകൾ തുറക്കാൻ ആരംഭിച്ചു. ഇംഗ്ലീഷില്ലെങ്കിൽ നാം പിന്നിലായിപ്പോകുമെന്ന് എല്ലാവരും അംഗീകരിച്ചു. ഇന്നും അത് തുടരുന്നു. ശരിയായാലും തെറ്റായാലും നന്നായി ഇംഗ്ലീഷ് സംസാരിക്കാനറിയാവുന്നവർക്ക് സ്വീകാര്യതയും ജോലിയും കിട്ടാൻ തുടങ്ങി. ഇന്നു നമ്മുടെ മുമ്പിലുള്ള സമൂഹവും സാമ്പത്തിക സാമൂഹിക ഘടനയും ഇംഗ്ലീഷിന്റെ വകയാണ്. ഇതിനുശേഷം എന്ത് എന്ന ചോദ്യം ഉയർന്നുവരും. ഇതിനെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ കഴിയുന്നുണ്ടോ? അതോ ഇതുപോലെ പറഞ്ഞുകൊണ്ടിരിക്കുമോ? ബോധനം കുട്ടിയുടെ ഭാഷയിലാകണമെന്നതിനെക്കുറിച്ച് ചിന്തിക്കാനോ വിലയിരുത്താനോ ആർക്കും സമയമില്ല. വിശപ്പടക്കാനുള്ളത് വേറെ ഭാഷ മുഖേന കിട്ടും. പക്ഷേ ധാരണ സ്വന്തം ഭാഷ തന്നെ ഉണ്ടാക്കണം. സ്വാതന്ത്ര്യത്തിനുശേഷം നാം എത്ര ശാസ്ത്രജ്ഞരെയും സാമ്പത്തിക വിദഗ്ധരെയും സംഭാവന ചെയ്തുവെന്ന് നാം നോക്കണം. അതിനു കാരണം ആരംഭംതൊട്ടേ സ്വന്തംഭാഷയിൽ വിദ്യാഭ്യാസം നൽകാത്തതാണ്

## മാറ്റത്തിന്റെ പുതിയ യുഗം

ഭാഷാസംബന്ധിയായ മാറ്റത്തിന്റെ യുഗം വീണ്ടും തുടങ്ങുകയാണ്, ഫ്രാൻസ്, ചൈന, റഷ്യ, ജപ്പാൻ മുതലായ രാജ്യങ്ങൾ ഭാഷയെക്കുറിച്ച് പുനർവിചാരം നടത്താൻ തുടങ്ങി. ഇപ്പോൾ അവർ അവരുടെ ഭാഷയിൽ സംസാരിക്കാനാണ് ഇഷ്ടപ്പെടുന്നത്. എന്നാൽ ഭാരതത്തിലെ അവസ്ഥ അതല്ല. നാം ഈ അപകർഷബോധത്തിന്റെ ഇരകളാണ്. സ്വന്തം ഭാഷയെക്കുറിച്ച് സമൂഹത്തിന്റെ കാഴ്ചപ്പാട് ഇപ്പോഴും സകാരാത്മകമല്ല. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണ

മാണ് സ്വാഭിമാനമില്ലാതെ കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കാൻ ആഗ്ര ഹിക്കുന്നത്.

ഇംഗ്ലീഷ്-ഹിന്ദി ബന്ധത്തെ പുതിയ കാഴ്ചപ്പാടിൽ കാണേണ്ട താണ്. ലോകത്തിലെ വലിയ രാജ്യങ്ങൾ അവരുടെ ഭാഷയെ പ ുഷ്ടിപ്പെടുത്തുകയും അതിനെ ആദരിക്കുകയും ചെയ്തുകൊണ്ട് വൻകിടരാജ്യങ്ങൾക്കൊപ്പം എത്തുകയും വികസനകാര്യത്തിൽ മുന്നേറുകയും ചെയ്തു. സ്വന്തം ഭാഷയെ ആദരിച്ചുകൊണ്ട് മറ്റുഭാ ഷകളെയും ബഹുമാനിക്കാൻ സാധിക്കുമെന്ന വിശ്വാസം നമ്മുടെ ജനങ്ങളിൽ ഉണ്ടാക്കേണ്ടതാണ്.

സ്വന്തം ഭാഷയോടുള്ള ആദരവ് പ്രകടിപ്പിക്കുന്നതിന് കെനിയ യിലെ ഇംഗ്ലീഷ് എഴുത്തുകാരനായ അംഗൂഗി ഇംഗ്ലീഷിൽ എഴുതു ന്നത് അവസാനിപ്പിച്ചുകൊണ്ട് സ്വന്തം ഭാഷയായ കീകിയു ഭാഷ സ്വീകരിക്കുകയുണ്ടായി പാബ്ലോ നെരൂദ ആഗ്രഹിച്ചത് സ്വന്തം ഭാഷ അഭ്യസിപ്പിക്കുന്നതിന് ഒരു സർവകലാശാല തുടങ്ങാനാണ്. കൂടാതെ അത് മറ്റു ഭാഷകൾക്കൊപ്പം ശോഭിക്കുകയും വേണമെ ന്നാണ്.

## ഇംഗ്ലീഷിന്റെ വളർച്ചയുടെ ചരിത്രം

ഇംഗ്ലീഷ്ഭാഷയും വളരെക്കാലത്തെ സംഘർഷത്തിലൂടെയാണ് ഇന്നത്തെ നിലയിൽ എത്തിയതെന്ന് നാം ഓർക്കണം. ആദ്യ കാലത്ത് ഇംഗ്ലീഷ് ഭാഷ ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും കൂലിക്കാരുടെയും കർഷകരുടെയും തൊഴിലാളികളുടെയും ഭാഷയായിരുന്നു. ഷേക്സ്പിയറുടെ ഭാഷയും ഇതായിരുന്നു. പ്രഭുക്കന്മാരുടെമാത്രം, ഭാഷയായിരുന്നില്ലെന്നർത്ഥം.

നമ്മുടെ ഭാഷ നേരിടുന്ന അതേ പ്രശ്നങ്ങൾ തരണം ചെയ്തു കൊണ്ടാണ് ഇംഗ്ലീഷ് ഭാഷ ഇന്നത്തെ വളർച്ച നേടിയത്. 16-17 ന ൂറ്റാണ്ടുവരെ ഇംഗ്ലീഷ് അറിവിന്റെ ഭാഷയായിരുന്നില്ല. ഉചിതമായ സ്ഥാനത്തിനുവേണ്ടി അന്നും സംഘർഷം വേണ്ടിവന്നിട്ടുണ്ട്. ചില സ്ക്കൂളുകളിൽ ആർക്കും ഇംഗ്ലീഷ് പറയാൻ അനുവാദമുണ്ടായി രുന്നില്ല. ഫ്രാൻസിസ് ബേക്കൺ സൗഹൃദം, പ്രേമം മുതലായവ യെക്കുറിച്ച് ഇംഗ്ലീഷിലും, നിയമം, തത്ത്വചിന്ത, ഗണിതം മുതലായ വിജ്ഞാനപ്രദമായ ഗ്രന്ഥങ്ങൾ ലാറ്റിനിലുമാണ് രചിച്ചത്. ഇംഗ്ല ണ്ടിലെ ശാസ്ത്രജ്ഞരും ലാറ്റിൻഭാഷയിലാണ് എഴുതിയിരുന്ന ത്. ന്യൂട്ടന്റെയും മാതൃഭാഷ ഇംഗ്ലീഷിലായിരുന്നു പക്ഷേ പ്രധാന

കൃതികളെല്ലാം ലാറ്റിൻഭാഷയിലാണ് എഴുതിയത്. അക്കാലത്ത് അദ്ദേഹവും ലാറ്റിനാണ് ഉപയോഗിച്ചത്. ശാസ്ത്രജ്ഞരും താഴേത്തട്ടിൽനിന്നു വരാൻ തുടങ്ങിയതോടെ ഇംഗ്ലീഷിലെഴുതാൻ തുടങ്ങി. പത്തൊമ്പതാംനൂറ്റാണ്ടോടെയാണ് ഇംഗ്ലീഷ് പുഷ്ടിപ്പെട്ടത്. വിദ്യാഭ്യാസത്തിലും ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാമുഖ്യം ലഭിച്ചു. ഇന്ന് അറിവിന്റെ ഏറ്റവും വലിയ ഭാഷ ഇംഗ്ലീഷ്തന്നെയാണ്.

## പുതിയപദങ്ങളുടെ അനിവാര്യത

ഒരുനിലയിൽ ലോകത്തിലെ ഭാഷകളെല്ലാം ഒന്നായിച്ചേരുമ്പോൾ മറ്റൊരു നിലയിൽ ഭാഷകളുടെ അതിർത്തികൾ തകരുന്നതായി ഭാഷാശാസ്ത്രജ്ഞർ ആശങ്കപ്പെടുകയും ചെയ്യുന്നു. റഷ്യൻ, ഇംഗ്ലീഷ്. ജർമൻ മുതലായ ഭാഷകളെയെല്ലാം മാർക്കറ്റ് ഒന്നാക്കിത്തീർത്തിരിക്കുന്നു. മറ്റൊരു ഭാഷയുമായി സംഘർഷത്തിലേർപ്പെട്ടുകൊണ്ടാണ് ഓരോ ഭാഷയും വളരുന്നത്. ഹിന്ദിയും ഇംഗ്ലീഷ് മുതലായ മറ്റുഭാഷകളിൽനിന്നും പദങ്ങൾ സ്വീകരിച്ചുകൊണ്ടാണ് വികസിച്ചത്. പക്ഷേ ഓരോ ഭാഷയ്ക്കും അതിന്റേതായ സ്വഭാവമുണ്ട്, തത്ത്വങ്ങളുണ്ട്, സവിശേഷതകളുണ്ട്. അത് മറ്റുഭാഷകളുമായി ഇടപെട്ടുകൊണ്ട് സ്വന്തമായ രീതിയിൽ പുതിയ ശബ്ദം സൃഷ്ടിക്കുന്നു. ഓഫീസർ എന്ന പദം ഹിന്ദിയിൽ അഫ്സർ എന്നാക്കി സ്വീകരിച്ചു. റിപ്പോർട്ട് എന്നതിന് രപട്, സിമന്റിന് സിൽമിട് എന്നിങ്ങനെ. പക്ഷേ ഇന്ന് ഹിന്ദിയിൽ ഇംഗ്ലീഷ് പദങ്ങൾ സ്വീകരിക്കുന്നതിനുള്ള ആത്മവിശ്വാസം കുറഞ്ഞുവരുന്നതായി കാണുന്നു. ഇംഗ്ലീഷ് പദങ്ങൾ അതേപടി ഹിന്ദിയും സ്വീകരിക്കുന്നതിനുള്ള പ്രവണത കൂടിവരുന്നു. കാനഡയെ കനാഡാ എന്നും ഓളിമ്പിക്സിന് ഓളമ്പിക്

> ഭാഷ ശബ്ദവും അർത്ഥവും മാത്രമല്ല ഭാവംകൊണ്ടും ഉണ്ടാകുന്നു. ഉദാഹരണത്തിന് താമര എന്ന പദം എടുക്കുക. നമ്മുടെ മനസ്സിൽ ആ പദം ഒരു താമരയുടെ ചിത്രം സൃഷ്ടിക്കുന്നു. ഇത് താമരയിൽനിന്നും വ്യത്യസ്തമാണ്. നാം കണ്ട താമരയുടെ ചിത്രമാണ് നമ്മുടെ മനസ്സിൽ ഉദിക്കുന്നത്. മറ്റൊരുദാഹരണമായി 'വരാന്തയിൽനില്ക്കുന്ന പെൺകുട്ടി' എന്നുകേൾക്കുമ്പോൾ നമ്മുടെയുള്ളിൽ വരാന്തയുടെ ചിത്രം തെളിയുന്നു. ഇന്നത്തെ തിരക്കുപിടിച്ച ജീവിതത്തിൽ ഇത്തരം ഭാവാർത്ഥങ്ങൾ നഷ്ടപ്പെടുന്നു

എന്നും, ചൈനയെ ചീൻ എന്നും റഷ്യയെ റൂസ്സ് എന്നും എഴുതുന്നരീതി കുറഞ്ഞുവരുന്നു. നാം ഇവയുടെ ഉച്ചാരണത്തിന നുസരിച്ച് പ്രയോഗിക്കുന്ന സ്വഭാവം പിന്തുടരുന്നു. ഇത് അടുത്തകാലത്തായി ഹിന്ദി വ്യക്തിത്വരാഹിത്യ ത്തിന് അടിമയായിത്തീരു ന്നതിന്റെ ലക്ഷണമാണ് ഇതിന് ഭാഷയുടെ ശക്തി യേക്കാൾ കുറവും സമൂഹ ത്തിന്റെ ശക്തിയേക്കാൾ കൂടിയതുമായ ബന്ധമാ ണുള്ളത്. റാം മനോഹർ ലോഹ്യ ഭാഷയെക്കുറിച്ച് ധാരാളം പഠിച്ച വ്യക്തി യാണ്. പദങ്ങൾ തേച്ചുമി നുക്കിയാണ് ഉണ്ടാകുന്നത് എന്ന് അദ്ദേഹം പറയാറു ണ്ട്. എപ്പോഴും മിനുക്കൽ പ്രക്രിയ നടന്നുകൊണ്ടിരി ക്കണം. ഇങ്ങനെ പദങ്ങൾ സൃഷ്ടിക്കുന്നരീതി പ ണ്ടും ഹിന്ദിയ്ക്കും മറ്റുഭാ ഷകൾക്കും ഉണ്ടായിരുന്നു. ക്രമേണ അത് ഇംഗ്ലീഷിന് കീഴ്പ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത് വളരെ ദുഃഖകരമായ വസ്തുതയാണ്. ഇംഗ്ലീഷ് ഭാഷയും ഹിന്ദി യിൽ നിന്ന് ധാരാളം പദങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അത് സ്വന്തമായ രീതിയിൽ ചേർക്കുന്നതിന് ശ്രമിച്ചിട്ടുമുണ്ട്. ഇംഗ്ലീഷും ഹിന്ദിയു മായി കൊടുക്കൽ വാങ്ങലുകൾ കൂടിവരുന്നുണ്ട് എന്ന് മനസ്സി ലാക്കാം. ഹിന്ദിയിലോ മറ്റേതുഭാഷയിലോ അന്യഭാഷയിലേ പ ദങ്ങൾ മന്ദമാരുതനെപ്പോലെ വന്നുചേരണം. ഹിന്ദി എപ്പോഴും

**സംവാദത്തിനുള്ള ശ്രമം**

*സേകമോൽ ലദ്ദാക്കി ഭാഷയുടെ മാനകീകരണത്തിന് പരിശ്രമിച്ചുകൊ ണ്ടിരിക്കുന്നു. ഇതിനായി ലദ്ദാക്കി ലിപിയിൽ രേവായി ഓസർ (Rewai Odzer) എന്ന പത്രവും മെലോംഗ് (Melong) എന്ന പത്രികയും പ്ര സിദ്ധീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ കുട്ടിക്കഥകൾ ഇംഗ്ലീഷിലും ലദ്ദാക്കി ഭാഷയിലും പ്രകാശിപ്പിക്കുന്നതിനും ശ്രമിച്ചു വരുന്നു.*

*ഇതു കൂടാതെ പ്രാഥമികതലത്തിൽ ഇ.വി.എസ്. പാഠ്യപുസ്തകരചന യിലൂടെ ഭാഷയുടെ വികാസത്തിന ും പരിശ്രമിക്കുന്നു. ഈ പാഠ്യപ ുസ്തകങ്ങൾ ഇംഗ്ലീഷിലാണെങ്കിലും ലദ്ദാക്കി ഭാഷയുടെ വെളിച്ചത്തി ലാണ് തയ്യാറാക്കിയിട്ടുള്ളത്. അധ്യാ പകർക്കായി ഇതിന്റെ ലദ്ദാക്കി പ തിപ്പും തയ്യാറാക്കാനുള്ള പദ്ധതി യുണ്ട്. ഇങ്ങനെ ക്രമേണ തദ്ദേശീയ ലദ്ദാക്കി ഭാഷയിലും അച്ചടിച്ചുവരു ന്നതോടെ ലദ്ദാക്കി ഭാഷയിലും പ ാഠ്യപുസ്തകങ്ങൾ ലഭ്യമായിത്തീരും.*

*— ഭാരതീയ ഭാഷകളുടെ അഭ്യസ നം. അടിസ്ഥാനരേഖ, 1:3, പു.60-61*

സ്വന്തം വാതായനങ്ങൾ അടച്ചിടുന്നതിന് ശ്രമിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധിക്കണം. ഇതിന് സാംസ്കാരികവും ചരിത്രപരവുമായ കാരണങ്ങൾ ഉണ്ടാകാം. ഏതുഭാഷയാണോ തങ്ങളുടെ വാതിലുകൾ തുറന്നിട്ടത് അവയെല്ലാം വികസിച്ചു വന്നുവെന്ന വസ്തുത നാം മനസ്സിലാക്കണം. വർണം, പദം, വാക്യരചന മുതലായ ഭാഷയുടെ എല്ലാതലങ്ങളിലും ഭാഷകൾ തമ്മിൽ പരസ്പര സമ്പർക്കം ഉണ്ടാകേണ്ടതാണ്.

ഭാഷ നമ്മുടെ പരസ്പരബന്ധങ്ങളിലുടെയാണ് വളരുന്നത്. സ്വദേശത്തോ വിദേശത്തോ ആളുകൾ മരിക്കുമ്പോൾ അവരുമായി നമുക്ക് ബന്ധം തോന്നുന്നില്ലെങ്കിൽ നമ്മുടെ പ്രതികരണം സംവേദനരഹിതമാണെന്നു കരുതണം.

ഭാഷാപ്രശ്നം ഒരു വലിയ സാമൂഹ്യ സംഘർഷത്തിന്റെ പ്രശ്നവുമാണ്. ഈ സംഘർഷത്തിൽ ഭാഷ ഒരു അവശ്യആയുധമാണ്. ഈ വിശാലമായ സംഘർഷത്തിൽ ഭാഷയുടെ സ്വത്വം തിരിച്ചറിഞ്ഞ് ഇംഗ്ലീഷുമായുള്ള സംവാദത്തിലൂടെ പുതിയ പദങ്ങൾ കൂട്ടിച്ചേർക്കുന്നതിനുള്ള പരിശ്രമം തുടങ്ങേണ്ടതാണ്. ഇംഗ്ലീഷിലെ എഴുത്തുകാർ ഇത് ചെയ്തുവരുന്നുണ്ട്.

ഗ്രാമീണഭാഷയിലെ പദങ്ങളിലൂടെയും ഇത് സാധിക്കാവുന്നതാണ്. ഹിന്ദി ഗ്രാമീണഭാഷയിൽനിന്നും അകന്നുപോയതോടെ ദുർബ്ബലമായിത്തീരാൻ തുടങ്ങി. ഉദാഹരണമായി നിറം, സ്വാദ്, ബന്ധങ്ങൾ, കൃഷി, വാണിജ്യം എന്നീ മേഖലകളിലെ അനുഭവം നഗരങ്ങളിലേക്കാൾ പ്രാചീന അനുഭവങ്ങളാണ്. ഉദാഹരണത്തിന് വേദനയുമായി ബന്ധപ്പെട്ട നിരവധി പദങ്ങൾ ഭോജ്പുരിയിലുണ്ട്. പക്ഷേ ഹിന്ദിയിലില്ല. ദുഖാതാ, ബഥ്താ, പിടാതാ, ടഭക്താ, കസക്താ, ടസക്താ മുതലായവ. ഓരോ പദത്തിനും ഓരോ സന്ദർഭത്തിൽ പ്രത്യേകം അർത്ഥമാണുള്ളത്. ഭാഷണസംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ഹിന്ദിയെ പ്രതിഷ്ഠിക്കേണ്ടതുണ്ട്. പദങ്ങളുമായി ഇടപഴകൽ നടത്തി അതിന്റെ ശക്തി തിരിച്ചുകൊണ്ടുവരണം. അതിനായി ഇംഗ്ലീഷ് പദങ്ങൾക്കു പകരം പുതിയപദങ്ങൾ കണ്ടെത്താൻ ശ്രമിക്കണം. ഇങ്ങനെ ഭാഷകൾ തമ്മിൽ പദങ്ങളുടെ പോക്കുവരവിനും സംവാദത്തിനുമുള്ള വഴി തുറക്കണം.

# 6

# പ്രശ്നങ്ങളും വെല്ലുവിളികളും



- അധ്യാപകരുടെ തയ്യാറെടുപ്പ്
- സാമൂഹിക തയ്യാറെടുപ്പ്
- ഭരണപരമായ തയ്യാറെടുപ്പ്

ബോധനത്തിന്റെ മാധ്യമത്തിന് പ്രായോഗികരൂപം നല്കി നടപ്പിലാക്കുന്നതിന് വളരെ ദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. സ്വാതന്ത്ര്യത്തിനുശേഷം 75 വർഷങ്ങൾ പിന്നിട്ടിട്ടും നമുക്ക് ഇത് നിശ്ചയിക്കാൻ സാധിച്ചിട്ടില്ല. ഈ യാത്ര അധ്യാപകർക്കോ വിദ്യാഭ്യാസവിഭാഗത്തിനോ തനിയെ ചെയ്യാനാവില്ല. നമ്മുടെ മുമ്പിൽ അനേകം പ്രശ്നങ്ങളും വെല്ലുവിളികളും ഉണ്ട്. അതിൽ സമൂഹവും അധ്യാപകരും ഭരണവിഭാഗവും വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കേണ്ടത്. ഇത് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്.

## അധ്യാപകരുടെ തയ്യാറെടുപ്പ്

വളരെ നീണ്ടകാലത്തിനുശേഷം സ്വന്തം ഭാഷയിലേക്കു തിരിച്ചുവരുന്നതിന്റെ ഒരു തുടക്കമാണിത്. ഇതിൽ ഏറ്റവും പ്രധാന പങ്കുവഹിക്കുന്നത് അധ്യാപകരാണ്. കുട്ടികളുടെ മാതാപിതാക്കൾക്കുശേഷം ഏറ്റവും കൂടുതൽ സമയം അവരോടൊത്തു കഴിയുന്നത് അധ്യാപകരാണ്. കുട്ടികളെ സ്ക്കൂളിൽ ചേർക്കുന്നതും വിദ്യാഭ്യാസപ്രക്രിയയുമായി ബന്ധിപ്പിക്കുന്നതും അധ്യാപകന്റെ ഉത്തരവാദിത്തമാണ്. സ്ക്കൂളിലെ ഭാഷയും വീട്ടിലെ ഭാഷയും തമ്മിൽ ബന്ധപ്പെടുത്തുന്ന ജോലിയും അധ്യാപകർ നിർവഹിക്കുന്നു. വിദ്യാഭ്യാസം  കുട്ടിയുടെ ഭാഷയിലൂടെ നല്കിയാൽ മാത്രമേ നമുക്ക് ഈ ദൂരം നിശ്ചയിക്കാൻ കഴിയൂ. ഇതിനായി അധ്യാപകരെ തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005 പ്രകാരം ആദിവാസിമേഖലകളിൽ നിയമിക്കപ്പെടുന്ന അധ്യാപകരെ അവിടത്തെ പ്രാദേശിക ഭാഷ പഠിപ്പിക്കണമെന്ന് ന

ിർദ്ദേശിച്ചിട്ടുണ്ട്. അവിടത്തെ പ്രാദേശിക ഭാഷകളിൽ വിദ്യാഭ്യാസം നല്കുന്നതിനുള്ള സ്വാതന്ത്ര്യം അവർക്കു നല്കേണ്ടതാണ്. ക്ലാസ്സിലെ ബഹുഭാഷികളായ കുട്ടികളെ കണ്ടെത്തി അവരെ വിഭവങ്ങളെന്ന നിലയിൽ ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ഇതിൽപ്പെടുന്നു.

- നമ്മുടെ രാജ്യത്ത് ധാരാളം ഭാഷകളും ഉപഭാഷകളും ഉണ്ട്. കുട്ടികളുടെ ഭാഷയിൽ ഇപ്പോഴും പുസ്തകങ്ങൾ കിട്ടാനില്ല. ഭരണഘടനയിൽ 22ഭാഷകളുടെ പട്ടിക നല്കിയിട്ടുണ്ട്. ഈ 22 ഭാഷകളിലും പുസ്കങ്ങൾ ലഭ്യമല്ലെന്നതാണ് നമ്മുടെ ഏറ്റവും വലിയ പ്രശ്നം. ഇതിന്റെ ഉത്തരവാദിത്തം അധ്യാപകർക്കും സർക്കാറിനുമാണ്. സർക്കാർ അവരുടെ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ പരാജയപ്പെട്ടാൽ കുട്ടികളെ മാതൃഭാഷയിൽ പഠിപ്പിക്കുന്ന ചുമതല അധ്യാപകരുടേതാകുന്നു. എൻ.സി.എഫ്. 2005 അധ്യാപകർക്ക് ഈ സ്വാതന്ത്ര്യം നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്.
- അധ്യാപകർ ക്ലാസ്സിൽ കുട്ടികളെ പഠിപ്പിക്കുമ്പോൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പഠനസാമഗ്രികൾ തയ്യാറാക്കണം. ഏതു ക്ലാസ്സിലെ കുട്ടികൾക്കു വേണ്ടിയാണ് എന്നതിനനുസരിച്ച് മെച്ചപ്പെട്ട പഠനസാമഗ്രികൾ തയ്യാറാക്കാൻ കഴിയും.
- അധ്യാപകരും കുട്ടികളും വരുന്ന സാമൂഹികാന്തരീക്ഷവും സാഹചര്യവും ധാരണയെ വളരെ സ്വാധീനിക്കുന്നു. സ്ക്കൂളിന്റെയും ക്ലാസ്സിന്റെയും സാമൂഹികാന്തരീക്ഷം പഠനത്തെയും വിദ്യാഭ്യാസപ്രക്രിയയെയും സ്വാധീനിക്കുന്നുണ്ട്. ഈ

> *മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസംകൊണ്ട് ക്ലാസ്സിലെ പഠനപ്രക്രിയ സമ്പന്നമാക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാകും. കുട്ടികളുടെ പങ്കാളിത്തവും വർദ്ധിക്കും; അതിന്റെ സദ്ഫലങ്ങളും ഉണ്ടാകും. ഈ ലക്ഷ്യത്തോടെ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി പ്രയത്നിക്കണം. മാതൃഭാഷയിലെ വിദ്യാഭ്യാസത്തെക്കുറിച്ച് സകാരാത്മകമായ സമീപനം ഉറപ്പുവരുത്തണം. കുട്ടിക്ക് ആ മാധ്യമം സ്വീകരിക്കുന്നതിൽ സങ്കോചം ഇല്ലാതിരിക്കാനും കാര്യങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാനും അതിലൂടെ കഴിയുന്നു.*
>
> *— ഭാരതീയ ഭാഷശിക്ഷണം, ദേശീയ കേന്ദ്ര അടിസ്ഥാനരേഖ 1.3, പു. 15*

വസ്തുത മനസ്സിലാക്കി കുട്ടിയുടെ മനശ്ശാസ്ത്രപരമായ സവിശേഷതകൾക്കു പകരം സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും, രാഷ്ട്രീയവുമായ സാഹചര്യങ്ങളിലായിരിക്കണം ഊന്നൽ നൽകേണ്ടത്. ഇതിൽ ബോധന ഭാഷയുടെ സ്ഥാനവും അടയാളപ്പെടുത്തേണ്ടിവരും.

- അധ്യാപകർക്ക് ഭാഷയെക്കുറിച്ച് വിപുലമായ ധാരണ ഉണ്ടായിരിക്കണം.
- പ്രാഥമികഘട്ടത്തിൽ കുട്ടിയുടെ ഭാഷ എങ്ങനെയാണോ, തിരുത്തലുകളില്ലാതെ അങ്ങനെത്തന്നെ അതിനെ സ്വീകരിക്കേണ്ടതാണ്. നാലാംക്ലാസ്സിനുശേഷം രസകരമായ ധാരാളം അവസരങ്ങൾ നല്കിയാൽ കുട്ടി സ്വയം മാനകഭാഷ ഗ്രഹിക്കും. എന്നാൽ ഈ പ്രക്രിയയിലും ഗൃഹഭാഷയെക്കുറിച്ചുള്ള മതിപ്പ് നിലനിർത്താൻ പരിശ്രമിക്കേണ്ടതാണ്. ധാരണ ഉണ്ടാകുന്നതിന്റെ ഭാഗമായാണ് തെറ്റുകൾ വരുത്തുന്നതെന്ന് മനസ്സിലാക്കണം. കുട്ടി അതിനു ശ്രമിക്കുമ്പോഴാണ് സ്വയം തെറ്റുകൾ വരുത്തുന്നതിൽ കുറവുണ്ടാകുന്നതും മെച്ചപ്പെടുന്നതും. കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാണിക്കുന്നതിനേക്കാൾ കുട്ടികൾക്ക് വിസ്തൃതവും രസകരവും വെല്ലുവിളികളുള്ള പ്രവൃത്തികൾ നല്കുന്നതുമായ കാര്യങ്ങൾക്ക് കൂടുതൽ സമയം നൽകേണ്ടതാണ്.
- പഠനം എങ്ങനെ നിർവഹിക്കപ്പെടണം എന്നതിൽ അധ്യാപകർക്ക് ധാരണ ഉണ്ടാകണം. അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഇത് ആവശ്യമാണ്.
- പഠിക്കാൻ കഴിയാത്തവരും ഭിന്നശേഷിക്കാരുമായ കുട്ടികൾ ഉൾപ്പടെ എല്ലാകുട്ടികൾക്കും പഠിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് ബോധ്യപ്പെടുത്താൻ കഴിയണം.
- അന്യഭാഷാപഠനത്തിലും അധ്യാപകർ സവിശേഷശ്രദ്ധ ചെലുത്തേണ്ടതാണ്.
- പഠിപ്പിക്കുന്നതിന് സൈദ്ധാന്തികമായും പ്രായോഗികമായും ഉള്ള ഉചിതമായ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്.
- ബഹുഭാഷികതയെ വിഭവങ്ങളുടെ രൂപത്തിൽ എങ്ങനെ ഉപയോഗിക്കാമെന്നതിലും പരിശീലനം നൽകണം.
- ബഹുഭാഷികതയുടെ പരിമിതികളെക്കുറിച്ചും മനസ്സിലാക്കണം.
- അധ്യാപകർ കുട്ടികളുടെ രക്ഷിതാക്കളുമായി നിരന്തരം ബന്ധപ്പെടണം.

- സേവനതാല്പര്യമുള്ള പരിശീലന കാര്യങ്ങളിൽ 'ബോധന ഭാഷ', 'ബഹുഭാഷികത' 'ഭാഷകൾ തമ്മിലുള്ള സംവാദം' 'ഭാഷകളുടെ സ്ഥിതി' മുതലായ വിഷയങ്ങൾ ഉൾപ്പെടുത്തണം.
- വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ഭാഷണത്തിലും ശ്രവണത്തിലും മുൻതൂക്കം നൽകണം. കേവലം എഴുതുന്നതിൽ മാത്രം ഒതുങ്ങരുത്.

## സാമൂഹിക തയ്യാറെടുപ്പ്

- ഇന്ന് എല്ലാ വിഭാഗത്തിൽപ്പെട്ടവരും അവരവരുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയത്തിൽ പഠിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. മാതൃഭാഷയിലൂടെ വിദ്യാഭ്യാസം നേടിയവരേക്കാൾ കുറഞ്ഞ സർഗശേഷിയുള്ളവരായിക്കും ആ കുട്ടികളെന്ന് അവർ മനസ്സിലാക്കണം. ആ കുട്ടികൾ സ്ക്കൂൾ വിദ്യാഭ്യാസത്തെ തങ്ങളുടെ സ്വന്തം ജീവിതവുമായി ബന്ധിപ്പിക്കുകയോ സാമൂഹിക യഥാർത്ഥ്യങ്ങളുമായി താരതമ്യപ്പെടുത്തുകയോ ചെയ്യുന്നതിൽ കഴിവുകുറഞ്ഞവരായിരിക്കും. ഇംഗ്ലീഷ് മീഡിയത്തിലെ അവരുടെ പഠനം മനപ്പാഠമാക്കുന്ന പഠനമായി ചുരുങ്ങുന്നു. ഗ്രാമപഞ്ചായത്ത് തുടങ്ങിയ സമൂഹത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നവർക്ക് ഇതിൽ ഉത്തരവാദിത്വമുണ്ട്. മാതൃഭാഷയിലൂടെയുള്ള പഠനം കുട്ടികളുടെ ക്രിയാത്മകശേഷി വർദ്ധിപ്പിക്കുമെന്നും ആത്മവിശ്വാസവും കഴിവും വർദ്ധിപ്പിക്കുമെന്നും അവർ തിരിച്ചറിയണം. ഇന്ന് നമ്മുടെ മുമ്പിലെ ഏറ്റവും വലിയ വെല്ലുവിളി രക്ഷിതാക്കളിൽ ഈ ധാരണ എങ്ങനെ സൃഷ്ടിക്കുമെന്നതാണ്.
- ബോധന ഭാഷയിലൂടെയുള്ള പഠനത്തിൽ പ്രധാനമായും രണ്ടു പ്രശ്നങ്ങളാണ് സമൂഹത്തിന്റെ മുമ്പിൽ ഉയരുന്നത്. ഒന്ന് വരുമാനത്തിന്റെയും മറ്റൊന്ന് സാമൂഹികാന്തസ്സിന്റെയും. ഈ പ്രശ്നങ്ങളെയും നേരിടുന്നതിന് വലിയതോതിൽ സാമൂഹികമായ തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ടെന്ന് മനസ്സിലാക്കണം. ഇതിൽ വാർത്താമാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ടവരെയും രക്ഷിതാക്കളെയും ബന്ധപ്പെട്ടുകൊണ്ട് ഇംഗ്ലീഷ് മാത്രമല്ല പഠനമാധ്യമമെന്ന വിശ്വാസം അവരിൽ ഉണ്ടാക്കാൻ പ്രയത്നിക്കണം.
- ഇതിനായി മാതൃഭാഷയിലൂടെ പഠിച്ച് പലമേഖലകളിലും ഉയർന്നനിലയിലെത്തി വിജയിച്ച വ്യക്തികളുമായുള്ള അഭി

> **സ്വന്തം ഭാഷയിലൂടെ പഠിച്ച്..**
>
> *2007ലെ രാജസ്ഥാൻ സംസ്ഥാന സർവ്വീസ് പരീക്ഷയിൽ ഹിന്ദിമാധ്യമത്തിലൂടെ പഠിച്ച് ആദ്യത്തെ പരിശ്രമത്തിൽത്തന്നെ മൂന്നാംസ്ഥാനം നേടിയ ജിതേന്ദ്രകുമാർ സോനി വളരെ വലിയനേട്ടമാണ് കൈവരിച്ചത്.*
>
> *ചോദ്യം: ഈ പരീക്ഷയിൽ ഹിന്ദിമാധ്യമത്തിലൂടെ തയ്യാറെടുപ്പുകൾ നടത്തി വിജയിച്ചതിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായമെന്താണ്?*
>
> *സോനി: എന്റെ അഭിപ്രായത്തിൽ മാധ്യമം ഏത് എന്നത് ഒരു പ്രശ്നമല്ല. ഏതു മാധ്യമത്തിലൂടെയാണോ നമ്മുടെ വിചാരങ്ങളും ധാരണകളും ഫലപ്രദമായ രീതിയിൽ പ്രകടിപ്പിക്കാൻ കഴിയുക അതാണ് നമുക്ക് ഗുണം ചെയ്യുക. അതാണ് ഉചിതവും. ഈ വിജയം ഹിന്ദിയെക്കുറിച്ചുള്ള നമ്മുടെ മുൻധാരണകൾ തിരുത്താൻ പര്യാപ്തമാണെന്നു തോന്നുന്നു.*
>
> *— പ്രതിയോഗിതാ ദർപ്പൺ ജനുവരി/2010, 46–48*

മുഖങ്ങളും അവരുടെ അനുഭവങ്ങളും ഇവരെ മനസ്സിലാക്കാനായി തയ്യാറാക്കേണ്ടതാണ്. (അച്ചടി ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടെയും തെരുവുനാടകങ്ങളുടെ രൂപത്തിലും ഇത്തരം പ്രവർത്തനങ്ങൾ ചെയ്യണം.)

- സ്വന്തം ഭാഷയിലൂടെ പഠനം നടത്തി ജീവിതവിജയം നേടിയ ചെറുപ്പക്കാരുമായി സംസാരിക്കുകയും അവരുടെ അനുഭവങ്ങൾ മീഡിയയുടെ സഹായത്തോടെ രക്ഷിതാക്കളിൽ എത്തിക്കുകയും ചെയ്താൽ (വിജയത്തിന്റെ താക്കോൽ ഇംഗ്ലീഷ് ഭാഷയാണെന്ന) തെറ്റിദ്ധാരണ ഇല്ലാതാക്ക
- മാതൃഭാഷയിലൂടെ പഠനം നടത്തുന്ന മികച്ച വിദ്യാലയങ്ങളുടെ മാതൃകകൾ പരിചയപ്പെടുത്തിക്കൊടുക്കാനും ശ്രമിക്കണം. നേതർഹാട്ട് സ്ക്കൂൾ, സർദാർപട്ടേൽ സ്ക്കൂൾ മുതലായ വിദ്യാലയങ്ങൾ ഉദാഹരണമാണ്. ഇതിൽ സർക്കാർ സ്ക്കൂളുകളെയും നിർബന്ധമായും ഉൾപ്പെടുത്തണം.
- സാമൂഹികമായ തയ്യാറെടുപ്പിൽ അധ്യാപകരുടെ പങ്ക് വളരെ വലുതാണ്. വിദ്യാർത്ഥികളും രക്ഷിതാക്കളുമായി ചേർന്ന് അധ്യാപകർ മാതൃഭാഷയുടെ മഹത്വത്തെക്കുറിച്ച് ഉദാഹരണങ്ങൾ

സഹിതം അവർക്ക് വിശദീകരിച്ച് മനസ്സിലാക്കിക്കൊടുക്കണം.

- ജോലിസംബന്ധമായ പ്രശ്നങ്ങൾക്കു പരിഹാരമായി ജോലി സാധ്യതയുള്ള മേഖലകളിൽ ഭാഷയുടെ മഹത്വത്തെക്കുറിച്ചും വിഭിന്നമേഖലകളിലും ജോലിസ്ഥലങ്ങളിലും മാതൃഭാഷയുടെ ഉപയോഗത്തിന്റെ പ്രാധാന്യവും (ഉദാ- ഡോക്ടർ, ഐ.എ.എസ് മുതലായ മേഖലകളിൽ) വിശദീകരിക്കുന്ന കഥകൾ നാടകരൂപത്തിൽ എഴുതുകയും ഗ്രാമങ്ങളിലും നഗരങ്ങളിലും സ്ക്കൂളുകളിലും അവതരിപ്പിക്കുകയും വേണം. ഇതിനായി എൻ.ജി.ഒ. യുടെ സഹായവും തേടാവുന്നതാണ്.

## തൊഴിൽപ്രശ്നം – 1

*ഇന്ന് മാർക്കറ്റിലെ ഭാഷ ഇംഗ്ലീഷാണ്. ഭാഷയുടെ പിൻബലംകൊണ്ടുമാത്രം ഇംഗ്ലീഷ് അറിയാവുന്ന വ്യക്തിക്ക് വേഗം ജോലികിട്ടുന്നു. കഴിവുള്ള വ്യക്തിയായാലും പ്രാദേശികഭാഷ ഉപയോഗിക്കുന്നവർ ജോലിക്കുള്ള മത്സരത്തിൽ പിന്നിലാകുന്നു-ഇതിനു കാരണമെന്ത്? ഇന്ന് വിദേശത്തുനിന്നുള്ള പലബഹുരാഷ്ട്രകുത്തകകളുടെയും ധാരണയുടെ മാധ്യമം ഇംഗ്ലീഷാണ്. ജോലിക്കുള്ള ധാരണയുടെ മാധ്യമമെന്ന നിലയിൽ സർക്കാറിന്റെ നയത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതാണ്. ഇന്ന് ലോകം മുഴുവൻ മാന്ദ്യം സംഭവിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ ഇംഗ്ലീഷ് പഠിച്ചതുകൊണ്ടുമാത്രം ജോലി ലഭിക്കുകയില്ലെന്ന് ജനങ്ങൾക്ക് തോന്നാൻ തുടങ്ങിയിരിക്കുന്നു. അവർക്ക് ജോലിസാധ്യതകൾ പ്രാദേശികഭാഷകളിലും കാണാൻ തുടങ്ങിയിട്ടുണ്ട്. ഇതിനെ പ്രാവർത്തികമാക്കുക എന്ന വെല്ലുവിളി സർക്കാറിന്റെ മുന്നിലുണ്ട്.*

*— ഒരു പ്രതിനിധി*

- സ്ക്കൂളിലെ അധ്യാപകർ അവരുടെ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ സാമർത്ഥ്യമില്ലാത്തവരായി മാറുന്നു. കുട്ടികൾക്ക് അവരുടെ മാതൃഭാഷയിൽ വിദ്യാഭ്യാസം ലഭിക്കുന്നില്ല. വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാനസൗകര്യങ്ങൾ കിട്ടുന്നില്ല. അതിനാൽ വിദ്യാലയനടത്തിപ്പുകാരും പ്രിൻസിപ്പലും മാതൃഭാഷയിലൂടെ പഠനം നടത്താൻ അധ്യാപകരെ പ്രേരിപ്പിക്കുന്നതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കണം. അതിനായി സമൂഹത്തിന്റെ സഹായം തേടാവുന്നതാണ്. കുട്ടികളുടെ അറിവ് വികസിപ്പിക്കാൻ കുട്ടികളും അധ്യാപകരും സമൂഹവും തമ്മിലുള്ള പാലമായി പ്രധാന അദ്ധ്യാപകൻ

പ്രവർത്തിക്കണം. ഇതിനായി ഭരണപരമായ നയങ്ങളിൽ അയവു വരുത്തേണ്ടതുണ്ട്.

## ഭരണപരമായ തയ്യാറെടുപ്പ്

- ഈ ഗ്രാമഗ്രാമാന്തരങ്ങളിലേക്കും ഓരോ കുട്ടിയിലേക്കും വിദ്യാഭ്യാസം എത്തിക്കുന്നതിനുള്ള ഫലപ്രദമായ തയ്യാറെടുപ്പുകൾ സംസ്ഥാനതലത്തിൽ ആസൂത്രണം ചെയ്യേണ്ടതാണ്. വിദ്യാഭ്യാസം കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും സംയുക്ത ചുമതലയുള്ള വിഷയമാണ്. മാതൃഭാഷയിൽ വിദ്യാഭ്യാസം നൽകുന്നതിന് സമൂഹം, ഭരണകൂടം, വിദ്യാലയാധികൃതർ, അദ്ധ്യാപകർ എന്നിവരുമായിച്ചേർന്ന് സംസ്ഥാനങ്ങൾ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്.
- ഈ തയ്യാറെടുപ്പിൽ കേന്ദ്രത്തിന്റെ പങ്ക് പ്രധാനമാണ്. സംസ്ഥാനങ്ങളുമായി യോജിച്ച് പ്രവർത്തിക്കേണ്ടത് കേന്ദ്രത്തിന്റെ ഉത്തരവാദിത്വമാണ്. ഇതിനുവേണ്ടി അധ്യാപകർ, സമൂഹം, രക്ഷിതാക്കൾ എന്നിവരുമായിച്ചേർന്ന് ചർച്ചകളും, സെമിനാറുകളും, സംവാദങ്ങളും സംഘടിപ്പിക്കണം. അതിനുശേഷം ഈ തയ്യാറെടുപ്പുകളുടെ നടത്തിപ്പിനായി സംസ്ഥാനങ്ങളുമായി ചേർന്ന് അധ്യാപകരെ പരിശീലിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യണം. കുട്ടികൾക്ക് സ്വന്തം ഭാഷയിൽ

### ഉന്നതവിദ്യാഭ്യാസം: ഒരു വെല്ലുവിളി

*മാതൃഭാഷയിലൂടെ വിദ്യാഭ്യാസം നേടിയ കുട്ടി ഉന്നതവിദ്യാഭ്യാസത്തിനായി സർവകലാശാലയിൽ എത്തുമ്പോൾ അവിടെ മാതൃഭാഷയിലൂടെ പഠനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാണോ എന്നത് ഒരു പ്രശ്നമാണ്. സർവകലാശാലകളിൽ സൗകര്യങ്ങളില്ലെങ്കിൽ ആ കുട്ടിക്ക് മാതൃഭാഷയിൽ പരീക്ഷ എഴുതുന്നതിനുള്ള അവകാശം ഉണ്ടോ? ഉണ്ടെങ്കിൽ കുട്ടിയുടെ ഉത്തരങ്ങൾ മൂല്യനിർണയം ചെയ്യുക ഇംഗ്ലീഷ്മീഡിയത്തിലെ കുട്ടികൾക്കൊപ്പമാണോ? ഡോക്ടറേറ്റ് ബിരുദത്തിനുള്ള പ്രബന്ധങ്ങൾ മാതൃഭാഷയിൽ സമർപ്പിക്കാൻ അനുവാദമുണ്ടോ? ഉന്നതവിദ്യാഭ്യാസരംഗത്ത് ബോധനമാധ്യമത്തിന്റെ പ്രശ്നങ്ങൾ നമുക്കും സർവകലാശാലകൾക്കും രാജ്യത്തിനും വലിയ വെല്ലുവിളിയാണ്.*

*— ഒരു പ്രതിനിധി*

സംസാരിക്കാനും എഴുതാനും വായിക്കാനും സംവാദത്തിലേർപ്പെടാനുമുള്ള അവസരങ്ങൾ ഉണ്ടാകണം.

- വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് വിദ്യാലയസമിതികൾക്ക് ചില അവകാശങ്ങൾ നല്കണം. വിദ്യാലയസമിതികൾ മുഖേന സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തണം. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് -2005ൽ പറയുന്നതും വിദ്യാലയഭരണം അതിലൂടെ കൂടുതൽ മെച്ചപ്പെടുമെന്നാണ്. പ്രാദേശികതലത്തിൽ പഠനസാമഗ്രികൾ തയ്യാറാക്കുന്നതിൽ അവയ്ക്ക് പങ്കുവഹിക്കാൻ കഴിയും. ഈ വഴിയ്ക്കും ചിന്തിക്കേണ്ടതാണ്. ഇത് ഒരു നല്ല മാർഗ്ഗമാണെന്നു തോന്നുന്നു.
- വിദ്യാഭ്യാസ അവകാശനിയമം നടപ്പിലായതോടെ ലക്ഷക്കണക്കിന് അധ്യാപകരെ നിയമിക്കേണ്ടതായി വരും. ഇത്രയും പുതിയ അധ്യാപകരെ പരിശീലിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങളും ആരംഭിക്കേണ്ടതായിവരും. ഈ നിലയിലും ചിന്തിക്കേണ്ടതായിട്ടുണ്ട്.
- കുട്ടികളുടെ ഭാഷയിൽ പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാര്യപരിപാടികൾ തയ്യാറാക്കണം
- ഈ വിഷയത്തിൽ സംസ്ഥാനസർക്കാറുകൾക്കും അധ്യാപകർക്കും വലിയ ഉത്തരവാദിത്തമുണ്ട്. കുട്ടികൾക്കായി അവരുടെ ഭാഷയിൽ പുസ്തകങ്ങൾ രചിക്കുന്നതിന് കുറേ നീണ്ട കാലയളവ് വേണ്ടിവരാം. ഈ കാലയളവിൽ സംസ്ഥാന സർക്കാരുകളും അധ്യാപകരുമായി ഈ വിഷയത്തിൽ ചർച്ചകൾ നടത്തേണ്ടതാണ്. ഇതിൽ കേന്ദ്രസർക്കാറിന് എതിർപ്പില്ല. ഇത് രാഷ്ട്രീയവും ഭരണപരവുമായ തീരുമാനമാണ്.
- നമ്മുടെ രാജ്യത്ത് അനേകം ഭാഷകളുണ്ട്. അതിനാൽ കുട്ടികൾക്കുവേണ്ടി തയ്യാറാക്കുന്ന പഠനസാമഗ്രികളിൽ ആ ഭാഷകളിലെ നാടോടിക്കഥകളും നാടൻപാട്ടുകളും നാടൻകലകളും ഉൾപ്പെടുത്തേണ്ടതാണ്. ഓരോ ഭാഷയിലും മികച്ച എഴുത്തുകാർ ഉണ്ട്. അവരുടെ സഹായത്തോടെയും പാഠ്യസാമഗ്രികൾ തയ്യാറാക്കാവുന്നതാണ്.
- ബോധനഭാഷയുടെ പശ്ചാത്തലത്തിൽ അധ്യാപക പരിശീലന പരിപാടികളുടെ പാഠ്യക്രമവും മാറ്റങ്ങൾക്കു വിധേയമാക്കേണ്ടതാണ്.

- ഭാഷയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളിൽ സ്വന്തം ഭാഷകളിലും ഹിന്ദിയിലും ഗൗരവപൂർവ്വം പഠനങ്ങൾ നടത്തേണ്ടതുണ്ട്.
- ഹിന്ദിയിലും മറ്റു ഭാരതീയഭാഷകളിലും ശാസ്ത്രവിഷയങ്ങളിലും സാമൂഹികശാസ്ത്രങ്ങളിലും കലകളെ സംബന്ധിച്ചുമുള്ള മൗലിക രചനകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിനായി സർവകലാശാലകളുമായി ബന്ധപ്പെടാം.
- അനുബന്ധരചനകളും പാഠ്യപുസ്തകങ്ങളും ഇംഗ്ലീഷിൽനിന്നും ഹിന്ദിയിലേക്കും മറ്റു ഭാരതീയ ഭാഷകളിലേക്കും വിവർത്തനം ചെയ്യുകയും ദ്വിഭാഷാ/ത്രിഭാഷാ നിഘണ്ടുക്കൾ തയ്യാറാക്കുകയും വേണം.
- ഒന്നാംക്ലാസ്സു മുതൽ അഞ്ചാംക്ലാസ്സുവരെ ചില വിഷയങ്ങൾ കുട്ടികളുടെ ഭാഷയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിന് ഊന്നൽ നല്കണം. ഇതിനായി ധാരണ ബലപ്പെടുത്തുന്നതിന് സ്വകാര്യസ്ക്കൂളുകളുമായി ചർച്ചകൾ നടത്താവുന്നതാണ്.
- സർവ്വകലാശാലകളുമായി ചേർന്ന്, ഭാഷ, സാമൂഹ്യശാസ്ത്രം, ശാസ്ത്രം മുതലായവയിൽ വിദ്യാഭ്യാസ സംബന്ധമായ പാഠ്യപദ്ധതി ആസൂത്രണം ചെയ്യുന്നതിനെക്കുറിച്ച് പുനർവിചാരം നടത്തേണ്ടതാണ്. ഈ പാഠ്യപദ്ധതിയിൽ അവരവരുടെ ഭാഷയിൽ വിഷയങ്ങളെക്കുറിച്ചുള്ള അറിവിന് പ്രത്യേകം ഊന്നൽ നൽകണം.

## തൊഴിൽപ്രശ്നം - 2

*പശ്ചിമോത്തര ദെൽഹിയിൽ ഏഷ്യയിലെ ഏറ്റവും വലിയ പച്ചക്കറിച്ചന്തയായ ആസാദ്പൂരിനു മുമ്പിലായുള്ള ഒരു വലിയ പുനരധിവാസകോളനിയാണ് ജഹാംഗീർ പുരി. ഇവിടെ താമസിക്കുന്ന ഓരോരുത്തരിലും ജഹാംഗീർ ചക്രവർത്തിയുടെ പ്രതിരൂപങ്ങൾ കാണാം. കോളനിയുടെ ഒരു ഭാഗത്ത് വറ്റി വരളാറായ ഭലസ്വാ ജലാശയവും മറ്റൊരു ഭാഗത്ത് ചെറിയ ചെറിയ പുതിയ നീരുറവകളുമുണ്ട്. ഇവിടെയാണ് കോളനിനിവാസികളുടെ ജീവിതം പുലരുന്നത്. ഈ കോളനിയിൽ ഒരു ഐ.ടി.ഐ ഉണ്ട്. അവിടെ പ്ലംബിംഗ്, നൂൽനൂൽപ്, ചായം മുക്കൽ, യന്ത്രപ്പണികൾ, അച്ചടി മുതലായ വ്യാവസായികവിദ്യകളിൽ പരിശീലനം നൽകുന്നുണ്ട്. ഈ കോളനിയുടെ സമീപത്തുള്ള അയോധ്യ ടെക്സൈറ്റൽസും ഐ.ഐ.ടിയുമായി വിചിത്രമായ ബന്ധമാണുള്ളത്.*

*ഈ മില്ലിൽ വസ്ത്രനിർമ്മാണവും അതിലെ പ്രിന്റിംഗും നടക്കുന്നുണ്ട്. ഇതിനുള്ള പരിശീലനവുമായി ബന്ധപ്പെട്ട പാഠ്യപദ്ധതി ഐ.ടി.ഐയിലാണുള്ളത്. വിചിത്രമായ കാര്യം ഇവിടെനിന്നു പരിശീലനം കിട്ടിയ ആരെയും മില്ലിൽ ജോലിക്ക് എടുത്തിരുന്നില്ല എന്നതാണ്. എല്ലാവരും പരിശീലനം ലഭിക്കാത്ത തൊഴിലാളികളായിരുന്നു. പരിശീലനം ലഭിച്ചവർക്ക് കൂടുതൽ ശമ്പളം നൽകേണ്ടിവരുമോ എന്നതാണ് അവരുടെ പേടി. അതുകൊണ്ടാണ് ജോലി കൊടുക്കാത്തത്. ഐ.ടി.ഐയിലെ അധ്യാപകരും പരിശീലനവിദ്യാർത്ഥികളും മില്ലിലുള്ളവരുമായി ചർച്ച ചെയ്ത് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. സ്ഥാപനത്തിലെ പ്രവർത്തനരീതികളുമായി ബന്ധപ്പെട്ട എല്ലാവിവരങ്ങളും ഇംഗ്ലീഷിലും മാനക ഹിന്ദിയിലും തയ്യാറാക്കി. മില്ലിലെ പഴയതൊഴിലാളികൾ ഗ്രാമ്യസാങ്കേതിക പദങ്ങളാണ് ഉപയോഗിച്ചിരുന്നത്. അത് പരിശീലനത്തിന് വന്ന വിദ്യാർത്ഥികൾക്ക് മനസ്സിലായിരുന്നില്ല. അവരുടെ ഗ്രാമ്യസാങ്കേതിക പദങ്ങളെ പാഠ്യപദ്ധതിയുമായി ബന്ധിപ്പിക്കാൻ സ്ഥാപനം തയ്യാറായി. ഈ പാഠ്യപദ്ധതിയിൽ മാത്രമല്ല മറ്റു പാഠ്യപദ്ധതികളിലും ഗ്രാമ്യസാങ്കേതിക പദങ്ങൾ ഉൾപ്പെടുത്തിയതോടെ പ്രാദേശിക മില്ലുകളിൽ തൊഴിൽ ലഭിക്കുന്നതിനുള്ള വിഷമം ഇല്ലാതായി.*

*— ഒരു പ്രതിനിധി*

# അനുബന്ധം–1
## സംസ്ഥാനങ്ങളിൽ വിവിധതലങ്ങളിലെ
## മാധ്യമഭാഷകൾ

| ക്ര. | സംസ്ഥാനം | പ്രൈമറി | സെക്കറി | ഹയർസെക്കറി |
|---|---|---|---|---|
| 1 | ആന്ധ്രപ്രദേശ് | തെലുഗു, ഉറുദു ഒറിയ, ഇംഗ്ലീഷ്, ഹിന്ദി, മറാഠി, കന്നഡ, തമിഴ് | തെലുഗു, ഉറുദു ഒറിയ, ഇംഗ്ലീഷ്, ഹിന്ദി, മറാഠി, കന്നഡ, തമിഴ് ഇംഗ്ലീഷ്, | തെലുഗു, ഉറുദു, ഒറിയ, ഇംഗ്ലീഷ്, ഹിന്ദി, മറാഠി കന്നഡ, തമിഴ് |
| 2 | അരുണാചൽ പ്രദേശ് | ഇംഗ്ലീഷ്, ഹിന്ദി | ഇംഗ്ലീഷ്, | ഇംഗ്ലീഷ് |
| 3 | അസം | അസ്സമിയ ബംഗ്ള ബോഡോ, ഇംഗ്ലീഷ് | അസ്സമിയ, ബംഗ്ള ബോഡോ, ഇംഗ്ലീഷ്, ഹിന്ദി | അസ്സമിയ, ബംഗ്ള, ഹിന്ദി ബോഡോ, ഇംഗ്ലീഷ് |
| 4 | ബിഹാർ ഇംഗ്ലീഷ് | ഹിന്ദി, ഉറുദു, 00സംസ്കൃതം, ഇംഗ്ലീഷ് | ഹിന്ദി, ഉറുദു, സംസ്കൃതം ഇംഗ്ലീഷ് | ഹിന്ദി, ഉറുദു, സംസ്കൃതം, |
| 5 | ഛത്തീസ്ഗഢ് | ഹിന്ദി, മറ്റുള്ളവ | ഹിന്ദി, മറ്റുള്ളവ | ഇംഗ്ലീഷ്, ഹിന്ദി |
| 6 | ഗുജറാത്ത് | ഗുജറാത്തി | ഹിന്ദി, ഗുജറാത്തി, ഇംഗ്ലീഷ് | ഹിന്ദി, ഗുജറാത്തി, ഇംഗ്ലീഷ് |
| 7 | ഗോവ | ഇംഗ്ലീഷ് കൊങ്കണി, മറാഠി ഉറുദു, കന്നഡ | ഇംഗ്ലീഷ്, മറാഠി | ഇംഗ്ലീഷ്, മറാഠി |
| 8 | ഹിമാചൽ പ്രദേശ് | ഇംഗ്ലീഷ്, ഹിന്ദി | ഇംഗ്ലീഷ്, ഹിന്ദി | ഇംഗ്ലീഷ്, ഹിന്ദി |
| 9 | ഹരിയാണ | ഇംഗ്ലീഷ്, ഹിന്ദി | ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം | ഇംഗ്ലീഷ്, ഹിന്ദി സംസ്കൃതം |
| 10 | ജമ്മുകാശ്മീർ | ദോഗ്രി, ഇംഗ്ലീഷ് ഹിന്ദി, കാശ്മീരി ഉറുദു | ദോഗ്രി, ഇംഗ്ലീഷ്, ഹിന്ദി, കാശ്മീരി ഉറുദു | ദോഗ്രി, ഇംഗ്ലീഷ് ഹിന്ദി, കാശ്മീരി, ഉറുദു, |
| 11 | ഝാർഖണ്ഡ | ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം | ബംഗ്ള, ഇംഗ്ലീഷ്, സംസ്കൃതം, ഹിന്ദി | ബംഗ്ള, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം |
| 12 | കർണാടക | കന്നഡ, ഇംഗ്ലീഷ്, ഹിന്ദി, മറാഠി, തമിഴ്, തെലുഗു, ഉറുദു, മലയാളം, സംസ്കൃതം, അറബി | കന്നഡ, ഇംഗ്ലീഷ്, ഹിന്ദി, മറാഠി, തമിഴ്, തെലുഗു ഉറുദു, മലയാളം, സംസ്കൃതം, അറബി | കന്നഡ ഇംഗ്ലീഷ്, ഹിന്ദി, മറാഠി, അറബി, ഉറുദു, മലയാളം, സംസ്കൃതം, തെലുഗു, തമിഴ് |

| | | | | |
|---|---|---|---|---|
| 13 | കേരളം | മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ | മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ | മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ |
| 14 | മധ്യപ്രദേശ് | ഇംഗ്ലീഷ്, ഹിന്ദി, ഉറുദു, മറാഠി | ഇംഗ്ലീഷ്, ഹിന്ദി, ഉറുദു, മറാഠി | ഇംഗ്ലീഷ്, ഹിന്ദി, ഉറുദു |
| 15 | മഹാരാഷ്ട്ര | മറാഠി, ഹിന്ദി | മറാഠി, ഇംഗ്ലീഷ്, ഹിന്ദി | മറാഠി, ഇംഗ്ലീഷ്, ഹിന്ദി |
| 16 | മണിപ്പൂർ | ഇംഗ്ലീഷ്, ഹിന്ദി, മണിപ്പൂരി | ഇംഗ്ലീഷ്, ഹിന്ദി, മണിപ്പൂരി | ഇംഗ്ലീഷ്, ഹിന്ദി, മണിപ്പൂരി |
| 17 | മേഘാലയ | ഇംഗ്ലീഷ്, ഗോരോ, ഖാസി | ഇംഗ്ലീഷ് | ഇംഗ്ലീഷ് |
| 18 | മിസോറം | മിസോ, ഇംഗ്ലീഷ് | മിസോ, ഇംഗ്ലീഷ് | മിസോ, ഇംഗ്ലീഷ് |
| 19 | നാഗാല് | അംഗാമി, ആവോ, ഇംഗ്ലീഷ്, ഹിന്ദി, കോന്യക്, ലോഥാ, സേമ | അംഗാമി, ആവോ ഇംഗ്ലീഷ്, ഹിന്ദി, കോന്യക്, സേമ | അംഗാമി, ഇംഗ്ലീഷ്, ഹിന്ദി |
| 20 | ഒറീസ | ഇംഗ്ലീഷ്, ഒഡിയ | ഇംഗ്ലീഷ്, ഹിന്ദി ഒഡിയ | ഇംഗ്ലീഷ്, ഹിന്ദി, ഒഡിയ, സംസ്കൃതം |
| 21 | പഞ്ചാബ് | ഇംഗ്ലീഷ്, ഹിന്ദി, പഞ്ചാബി | ഇംഗ്ലീഷ്, ഹിന്ദി, പഞ്ചാബി | ഇംഗ്ലീഷ്, ഹിന്ദി, പഞ്ചാബി |
| 22 | രാജസ്ഥാൻ | ഹിന്ദി | ഹിന്ദി | ഹിന്ദി |
| 23 | സിക്കിം | ഇംഗ്ലീഷ് | ഇംഗ്ലീഷ് | ഇംഗ്ലീഷ് |
| 24 | ത്രിപുര | ബംഗ്ള, ഇംഗ്ലീഷ്, കോകബോറോക | ബംഗ്ള, ഇംഗ്ലീഷ് | ബംഗ്ള, ഇംഗ്ലീഷ് |
| 25 | തമിഴ്നാട് | ഇംഗ്ലീഷ്, തമിഴ് | ഇംഗ്ലീഷ്, തമിഴ്, മലയാളം, ഉറുദു, കന്നഡ | ഇംഗ്ലീഷ്, തമിഴ്, മലയാളം, ഉറുദു, കന്നഡ |
| 26 | ഉത്തരാ ഖണ്ഡ് | ഹിന്ദി | ഇംഗ്ലീഷ്, ഹിന്ദി, ഉറുദു | ഇംഗ്ലീഷ്, ഹിന്ദി ഉറുദു |
| 27 | ഉത്തർപ്ര ദേശ് | ഹിന്ദി | ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം | ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം |
| 28 | പശ്ചിമബം ഗാൾ | ബംഗ്ള | ബംഗ്ള, ഇംഗ്ലീഷ് ഹിന്ദി, ഉറുദു, ഒഡിയ, തമിഴ് തെലുഗു, ഗുജ റാത്തി, ടിബറ്റൻ, നേപ്പോളി | ബംഗ്ള, ഇംഗ്ലീഷ് ഹിന്ദി, ഉറുദു, ഒഡിയ, തമിഴ്, തെലുഗു, ഗുജ റാത്തി, ടിബറ്റൻ, നേപ്പോളി |

| | | | | |
|---|---|---|---|---|
| 29 | ആൻഡമാൻ നിക്കോബാർ | ബംഗ്ള, ഇംഗ്ലീഷ് ഹിന്ദി, തമിഴ്, തെലുഗു | ബംഗ്ള, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുഗു | ബംഗ്ള, ഇംഗ്ലീഷ് ഹിന്ദി, തമിഴ്, തെലുഗു |
| 30 | ചണ്ഡീഗഢ് | ഇംഗ്ലീഷ്, ഹിന്ദി, പഞ്ചാബി | ഇംഗ്ലീഷ്, ഹിന്ദി, പഞ്ചാബി | ഇംഗ്ലീഷ്, ഹിന്ദി, പഞ്ചാബി |
| 31 | ദാദർ നഗർഹവേലി | ഇംഗ്ലീഷ്, ഹിന്ദി, മറാഠി, ഗുജറാത്തി | ഇംഗ്ലീഷ്, ഗുജറാത്തി, ഹിന്ദി, മറാഠി, സംസ്കൃതം | ഇംഗ്ലീഷ്, ഗുജറാത്തി, ഹിന്ദി, മറാഠി, സംസ്കൃതം |
| 32 | ദമൻ, ദിയു | ഗുജറാത്തി, ഇംഗ്ലീഷ് ഇംഗ്ലീഷ് | ഗുജറാത്തി, ഇംഗ്ലീഷ് | ഗുജറാത്തി, |
| 33 | ദില്ലി | ഇംഗ്ലീഷ്, ഹിന്ദി, ഉറുദു | ഇംഗ്ലീഷ്, ഹിന്ദി ഉറുദു | ഇംഗ്ലീഷ്, ഹിന്ദി ഉറുദു |
| 34 | ലക്ഷദ്വീപ് | മലയാളം | ഇംഗ്ലീഷ്, മലയാളം | ഇംഗ്ലീഷ്, മലയാളം |
| 35 | പുതുച്ചേരി | ഇംഗ്ലീഷ്, തമിഴ് | ഇംഗ്ലീഷ്, തമിഴ് | ഇംഗ്ലീഷ്, തമിഴ് |

അവലംബം- ഇംപ്ലിമെന്റേഷൻ ഓഫ് ത്രി ലാംങ്ഗ്വജ് ഫോർമുല ഇൻ ഇൻഡ്യൻ സ്ക്കൂൾസ്- എ സ്റ്റഡി, ഭാഷാ വിഭാഗം, എൻ.സി.ഇ.ആർ.ടി. ന്യൂദെൽഹി, 2009, പു.80-83

വർത്തമാനകാലത്ത് ആദിവാസി മേഖലകളിലെ ധാരാളം ഭാഷകൾ ബോധന ഭാഷയുടെ രൂപത്തിൽ പ്രയോഗിക്കപ്പെടുന്നു എന്നത് സന്തോഷകരമായ കാര്യമാണ്. ഭാവിയിൽ കൂടുതൽ ഭാഷകൾ (ആദിവാസി ഭാഷകളടക്കം) മാധ്യമഭാഷയുടെ രൂപത്തിൽ പ്രയോഗിക്കപ്പെടുന്നതിന് സഹായകമായി തീരുക എന്നതാണ് ഈ പുസ്തകത്തിന്റെ ഉദ്ദേശ്യം.

# സഹായഗ്രന്ഥസൂചി


- വിദ്യാഭ്യാസകമ്മീഷൻ റിപ്പോർട്ട് 1964-66, വിദ്യാഭ്യാസ മന്ത്രാലയം,1966
- ദേശീയവിദ്യാഭ്യാസനയം 1968 വിദ്യാഭ്യാസമന്ത്രാലയം
- നടപ്പിലാക്കൽ പരിപാടി,1992 (ദേശീയവിദ്യാഭ്യാസലയം 1986 വിദ്യാഭ്യാസവിഭാഗം. വിദ്യാഭ്യാസമന്ത്രാലയം
- ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് സ്കൂൾവിദ്യാഭ്യാസം, 2000 എൻ.സി.ഇ.ആർ.ടി
- ദേശീയപാഠ്യപദ്ധതി ചട്ടക്കൂട്,2005 എൻ.സി.ഇ.ആർ.ടി
- ഭാരതീയഭാഷാവിദ്യാഭ്യാസംഅടിസ്ഥാനരേഖ1.3,2006എൻ.സി.ഇ.ആർ.ടി
- പട്നായ്ക്.ഡി.പി.1986,ഭാഷാപഠനം റിപ്പോർട്ട്. ന്യൂദെൽഹി. എൻ.സി.ഇ.ആർ.ടി
- ഭാരതീയ ഭാഷാബോധനം, അടിസ്ഥാനരേഖ1.3,2006. എൻ.സി.ഇ.ആർ.ടി
- ഗാന്ധി,എം.കെ. ഹിന്ദ് സ്വരാജ്, ഭാരതീയകാഴ്ചപ്പാട്.1909
- കുട്ടികളുടെ സൌജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസാവകാശനിയമം,2009, നീതിന്യയായവിഭാഗം,ഭാരത സർക്കാർ
- ചോംസ്കി,എൻ,1959റിവ്യൂ ഓഫ് സ്കിന്നർസ് ബിഹേവിയർ, ലാംഗ്വജ് 35.1.26-58
- വൈഗോട്സ്കി എൽ.എസ്.1978 മൈൻഡ് ഇൻ സൊസൈറ്റി. ദ ഡെവലപ്മെന്റ് ഓഫ് ഹയർസൈക്കോളജിക്കൽ പ്രോസസ്സ് കേംബ്രിഡ്ജ്,ഹാർവാർഡ് യൂനിവഴ്സിറ്റി പ്രസ്സ്
- കപൂർ,കെ.2009 ലാംഗ്വജ്. ഔവർ മീഡിയം ഓഫ് അണ്ടർസ്റ്റാൻഡിംഗ്. ജർണൽ ഓഫ് ഇൻഡ്യൻ എജുക്കേഷൻ, വാള്യം ::: നമ്പർ ക ന്യൂദെൽഹി എൻ.സി.ഇ.ആർ.ടി (കടടച 09725628)
- കപൂർ,കെ. ഇഎഫ്എൽടി ആൻഡ് സോഷ്യൽ ജസ്റ്റിസ് ഇൻ മൾടിലിംഗ്വൽ ക്ലാസ്സ്റൂം. ബാബിലോണിയ. ടേമ 1,2021 പു 24
- ഹാൾട്ട് ജോൺ സ്കൂൾ വിദ്യാഭ്യാസമില്ലാതെ. വാലന്റൈൻ ബുക്സ് 1974
- ഇംഗ്ലീഷ് ബോധനം, അടിസ്ഥാനരേഖ 1.4,2006 എൻ.സി.ഇ.ആർ.ടി
- പ്രബു എൻ.എസ്1987ദ്വിതീയഭാഷാബോധനതന്ത്രംന്യൂയോർക്ക്. ഓക്സ്ഫോർഡ് യൂനിവഴ്സിറ്റി പ്രസ്സ്
- ഡോവേറ,എസ് ഇലക്ടിസം ഇൻ മെഥഡോളജി.എം.എസ്, എൻ എഫ് ജി.ഇംഗ്ലീഷ്

- ഫെലിക്സ് പോൾ1998 ലേണിംഗ് ടു റീഡ് ഇംഗ്ലിഷ് ദ മിക്സ്ഡ് കോഡ് വേ ഇൻ വിവിയൻ ബെറി ആൻഡ് ആർഥർ എം.സി നെൽ (എഡി.) പോളിസി ആൻഡ് പ്രാക്ടിസ് ഇൻ ലാംഗ്വജ് എജ്യുക്കേഷൻ ഹോങ്കോങ്. യൂണിവഴ്സിറ്റി ഓഫ് ഹോങ്കോങ് പു 175-193
- വെസ്റ്റ്, മൈക്കൾ.1941 ലേർണിംഗ് ടു റീഡ് എ ഫോറിൻ ലാംഗ്വജ്. ലോങ്മേൻ ലണ്ടൻ. (1955)
- കണക്കിലെ ജാലവിദ്യ പുസ്തകം 2 ക്ലാസ്സ് 2 ലെ ഗണിത പാഠ്യപ ുസ്തകം എൻ.സി.ഇ.ആർ.ടി,2007
- ചുറ്റുവട്ടം പരിസ്ഥിതിപഠനം ക്ലാസ്സ് 3 ലെ പാഠ്യപുസ്തകം. എൻ.സി.ഇ.ആർ.ടി,2006
- വിതാനം ഭാഗം1 ക്ലാസ്സ്11ലെ ഹിന്ദിഉപപാഠപുസ്തകം എൻ.സി.ഇ.ആർ.ടി2006
- ഹരിജൻ9-7,38 പു 177 മഹാത്മാഗാന്ധിയുടെ പ്രവൃത്തികൾ ഖണ്ഡം 5 ദ വോയ്സ് ഓഫ് ട്രൂത്ത് ഭാ.2 ഖണ്ഡം 11 അ ടിസ്ഥാനവിദ്യാഭ്യസവും വിദ്യാർത്ഥികേന്ദ്രിത വിദ്യാഭ്യാസവും
- <https://www.mkgandhi.org/voiceoftruth/basiceducation.htm> रीड अ

വിദ്യാഭ്യാസം മുഴുവൻ പ്രാദേശികഭാഷ (മാതൃഭാഷ) യിലായിരിക്കണം നവീന വിദ്യാഭ്യാസം

— മഹാത്മാഗാന്ധി

ശിശുവിന് മുലപ്പാൽപോലെയാണ് വിദ്യാഭ്യാസത്തിൽ മാതൃഭാഷ. മാതൃഭാഷയെ ബോധനമാധ്യമമാക്കുന്നതുവരെവിദ്യാഭ്യാസത്തിന്റെ സാർവഭൗമീകരണം സാധ്യമല്ല.

— രവീന്ദ്രനാഥ ടാഗോർ

अधिक जानकारी के लिए कृपया www.ncert.nic.in देखिए अथवा कॉपीराइट पृष्ठ पर दिए गए पतों पर व्यापार प्रबंधक से संपर्क कीजिए।

32153

विद्यया ऽमृतमश्नुते

एन सी ई आर टी
NCERT

राष्ट्रीय शैक्षिक अनुसंधान और प्रशिक्षण परिषद्
NATIONAL COUNCIL OF EDUCATIONAL RESEARCH AND TRAINING

ISBN 978-93-5292-643-5